**JEEVA MOZHIKAL** RNI/KERBIL/-2003/21404
**February 2010** www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

# വലിയ കരം

ഒരു സൂപ്പർമാർക്കറ്റ്. കാഷ്കൗണ്ടറിൽ ബില്ലനുസരിച്ചു പണം കൊടുത്ത ശേഷം അമ്മയും ആറു വയസ്സുകാരി മകളും കൂടി സാധനങ്ങളുമായി പുറത്തേക്കു വരുമ്പോൾ ഇതാ ചോക്കലേറ്റുമിഠായികൾ ഒരു ചെറിയ മേശയിലെ ട്രേയിൽ കൂന കൂട്ടി വച്ചിരിക്കുന്നു. അതിനടുത്തു നിന്ന കടക്കാരൻ കുട്ടിയോട് ഇതിൽനിന്നും കൈ നിറയെ മിഠായി 'സൗജന്യമായി' എടുത്തുകൊള്ളാൻ പറഞ്ഞു.

കുട്ടി മിഠായിക്കൂനയെ നോക്കി നിന്നതല്ലാതെ കൈ നീട്ടി മിഠായി എടുത്തില്ല. നാണംകൊണ്ടായിരിക്കുമെന്നു കരുതി കടക്കാരൻ "മോളു വേണ്ടതെടുത്തോ" എന്നു പിന്നെയും രണ്ടുമൂന്നു പ്രാവശ്യം കൂടി പറഞ്ഞു. പക്ഷേ കുട്ടി മിഠായി എടുത്തുമില്ല, മിഠായിക്കൂനയുടെ അടുത്തുനിന്നു മാറിയതുമില്ല. അമ്മ അല്പം അസ്വസ്ഥയായി "നി മിഠായി എടുത്തു വേഗം വാ" എന്നു പറഞ്ഞിട്ടും കുട്ടി വെറുതെ പുഞ്ചിരിച്ചുകൊണ്ടു നിന്നതല്ലാതെ അനങ്ങിയില്ല.

കടക്കാരൻ നോക്കിയപ്പോൾ ബില്ലടച്ച് ക്യൂവായി വേറെ കുടുംബങ്ങളും പുറത്തേക്കു വരുന്നുണ്ട്. അതുകൊണ്ട് കച്ചവടക്കാരൻ തന്റെ കൈ നിറയെ മിഠായി വാരി കുട്ടിയുടെ നേരേ നീട്ടുകയും കുട്ടി തന്റെ ഉടുപ്പു വിടർത്തിക്കാട്ടി മിഠായി സ്വീകരിച്ച് "താങ്ക്യു അങ്കിൾ" എന്നു പറഞ്ഞ് അമ്മയുടെ കൂടെ പുറത്തേക്കു നടന്നു പോകുകയും ചെയ്തു.

കടയ്ക്കു പുറത്തു വന്നപ്പോൾ അമ്മ അവളോടു ദേഷ്യപ്പെട്ട്: "പറഞ്ഞിട്ട് മിഠായി എടുക്കാതെ മടയിയെപ്പോലെ നോക്കിനിന്ന് ഒടുവിൽ അദ്ദേഹത്തെക്കൊണ്ടു നീ എന്തിനാ മിഠായി എടുപ്പിച്ചത്?"

അപ്പോൾ കുട്ടി ചിരിച്ചുകൊണ്ട് അമ്മയോടു പറഞ്ഞത് ഇങ്ങനെ: "അമ്മേ എന്റെ കൈ കൊച്ചു കൈയല്ലേ? അദ്ദേഹത്തിന്റെ കൈയല്ലേ വലുത്? നോക്ക് എനിക്കെത്ര കൂടുതൽ മിഠായി കിട്ടി."

അമ്മയ്ക്ക് അപ്പോഴാണ് കാര്യം മനസ്സിലായത്. അവൾ മടയി അല്ലായിരുന്നു. അദ്ദേഹം തന്റെ വലിയ കരംകൊണ്ട് വാരിക്കൊടുക്കുവാൻ അവൾ കാത്തു നിന്നതാണ്.

നാം നമ്മുടെ കരങ്ങൾ കൊണ്ട് വാരിയെടുക്കാതെ ദൈവത്തിനായി കാത്തു നിൽക്കുന്നതാണ് ബുദ്ധി. കാരണം ദൈവത്തിന്റെ കരങ്ങൾ നമ്മുടെ കരങ്ങളെക്കാൾ എത്രയോ വലുതാണ്! നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായാണ് അവിടുന്നു ചെയ്യുന്നത്.

"ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നിട്ടുമില്ല" (1 കൊരി.2:9).

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 8 – ലക്കം 2 ഫെബ്രുവരി 2010 Rs. 7.00




**ദൈവത്തിലുള്ള വിശ്രമം**
വാച്ച്മാൻ നീ

**വിജനഭൂമിയുടെ വിശപ്പ്**
എ. ഡബ്ല്യു. ടോസർ

**കുരിശും കഠാരയും**
ഡേവിഡ് വിൽക്കേഴ്സൺ

# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ 6: 68)

വാല്യം 8 ഫെബ്രുവരി 2010 ലക്കം 2



എഡിറ്റോറിയൽ ബോർഡ്

ജോജി ടി. സാമുവൽ (കോട്ടയം)
ജോസ് മാത്യു (തിരുവനന്തപുരം)
മാത്യു ജോർജ് (തിരുവല്ല)
ബോബി ചെറിയാൻ (റാന്നി)
സാബു ജോസഫ് (ആലപ്പുഴ)
മാനേജർ
ജേക്കബ് മാത്യു (കായംകുളം)



വാർഷിക സംഭാവന

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :



ജീവമൊഴികൾ
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള-686 016,
ഫോൺ: 0481-2592753,
9495234087, 9249516234
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

വിദേശപ്രതിനിധികൾ

U.S.A - Binoy James
Phone: 512990-2806(R)(512826-5028(O)
Email: benoyjames@hotmail.com
DUBAI - Shabu Kuruvilla
Phone: 050-7970639
E-mail: skuruvi@gmail.com




## വേണം നമുക്കൊരു കാഴ്ചപ്പാട്

വ്യക്തമായൊരു കാഴ്ചപ്പാടിന്റെ ജ്ഞാനസ്നാനമാണു നമുക്കിന്ന് ആവശ്യം. മൂടൽമഞ്ഞിലൂടെ കാണാൻ കഴിയുന്ന ദർശകരെ നമുക്കിന്നു വേണം-പ്രവചനപരമായ കാഴ്ചപ്പാടുള്ള ക്രിസ്തീയനേതാക്കൾ. അവർ എത്രയും വേഗം മുന്നോട്ടു വന്നില്ലെങ്കിൽ ഈ തലമുറയെ സംബന്ധിച്ച് അവർ താമസിച്ചുപോകും. അതേസമയം അവർ വന്നാൽ അവരിൽ ചിലരെയെങ്കിലും നാം നമ്മുടെ ലൗകികമായ യാഥാസ്ഥിതികത്വം മൂലം ക്രൂശിക്കും . സംശയമില്ല.

അടുത്ത കാലത്തായി ഉണർവിനു വേണ്ടി എത്രയെത്ര പ്രാർത്ഥനകൾ നടക്കുന്നു! പക്ഷേ എത്ര കുറച്ചു ഫലം മാത്രമാണ് അതുമൂലമുണ്ടാകുന്നത്. എന്താണു കാരണം? എനിക്കു തോന്നുന്നു നാം പ്രാർത്ഥനയെ അനുസരണത്തിനു പകരം വയ്ക്കുന്നതാണ് യഥാർത്ഥ കാരണം.

എ ഡബ്ല്യു ടോസർ

## മുട്ടുവിൻ എന്നാൽ

A Joyful 'toon by Mike Waters




യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും.(മത്താ.7:7)

**എഡിറ്റോറിയൽ**

# ദൈവത്തിൽ വിശ്രമിക്കുക



'**താ**ൻ പാതി ദൈവം പാതി' എന്നത് ഈ ലോകത്തിന്റെ ഒരു പ്രമാണം ആണ്. നാം നമ്മുടെ ഭാഗത്ത് ചെയ്യാനുള്ളത് ചെയ്താൽ ദൈവം ബാക്കി പൂർത്തിയാക്കിക്കൊള്ളും എന്നാണ് അതിന്റെ അർത്ഥം. ഈ ലോകത്ത് കാര്യങ്ങൾ നടന്നുപോകാൻ, ആളുകൾക്ക് ഉത്സാഹം പകരാൻ, ഈ പഴമൊഴി സഹായിച്ചേക്കും. എന്നാൽ ആത്മീയകാര്യങ്ങളെ സംബന്ധിച്ച പ്രമാണം ഇതല്ല. ആത്മീയതലത്തിൽ പകുതിയല്ല, മുഴുവനും ദൈവം മാത്രമാണ്; എല്ലാം ദൈവത്തിൽ മാത്രം അധിഷ്ഠിതമാണ്. നമ്മുടെ അധ്വാനത്തിനും വിയർപ്പിനും അവിടെ സ്ഥാനമില്ല. 'സകലവും അവനിൽനിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ'(റോമ.11:36).

മനുഷ്യനെ സംബന്ധിച്ച് എല്ലാം ദൈവത്തിന്റെ ദാനമാണ്. എല്ലാ തരത്തിലുള്ള ജീവനും നമുക്ക് ദൈവത്തിൽനിന്നും ലഭിച്ചതാണ്. നാം ഭൂമിയിൽ പിറന്നതും ഈ ഭൗതികമായ ജീവിതവും-അതു നമ്മുടെ പ്രയത്നഫലമല്ല ദൈവത്തിന്റെ ദാനമാണ്. നാം നമ്മുടെ ജീവിതം ദൈവത്തിൽനിന്നു സ്വീകരിക്കുക മാത്രമാണു ചെയ്തത്. നമ്മുടെ ആത്മീയജീവനോ? അതും ദൈവത്തിന്റെ ദാനമാണ്.(റോമർ.6:23-കർത്താവായ യേശുക്രിസ്തുവിലെ നമ്മുടെ നിത്യജീവൻ ദൈവത്തിന്റെ കൃപാവരമാണ്.(Gift of God)

ആത്മീയജീവനെ സംബന്ധിച്ച്, അതിന്റെ പുരോഗതി സംബന്ധിച്ച്, എല്ലാം ദൈവം ദാനമായി നൽകിയിരിക്കുന്നു. രക്ഷ അവിടുത്തെ ദാനമാണ്(വെളി.7:10). നമ്മെ നീതീകരിച്ചതും(Justification)ദൈവംതന്നെ ചെയ്തതാണ്. തുടർന്നുള്ള നമ്മുടെ വിശുദ്ധീകരണവും(Sanctification)വിജയകരമായ ജീവിതവും(Victorious living)അതും ദൈവത്തിന്റെ പ്രവൃത്തിയാണ്. നീതീകരണം വിശ്വാസത്താൽ നടക്കുമെന്നും എന്നാൽ വിശുദ്ധീകരണം നമ്മുടെ പ്രവൃത്തികളുടെ ഫലമാണെന്നും കരുതുന്നവരുണ്ട്. എന്നാൽ വിശുദ്ധീകരണമാകട്ടെ വിജയകരമായ ജീവിതമാകട്ടെ എല്ലാം ദൈവത്തിന്റെ ദാനമാണ്.(1കൊരി.1:30; പ്രവൃത്തി15:9; 26:18; റോമ.9:30-32).സകല മാനവും മഹത്വവും അവിടുത്തേക്ക്!

ഇതാകുന്നു വസ്തുതയെങ്കിൽ നാം ഒന്നും ചെയ്യേണ്ടതില്ലേ? നാം കൈയും കെട്ടി വെറുതെ ഇരുന്നാൽ മതിയോ? ദൈവത്തിന്റെ അതുല്യമായ ഈ രക്ഷാകരപ്രവൃത്തിയിൽ നമ്മുടെ ഭാഗം(role)എന്താണ്?

യേശു ഈ ഭൂമിയിൽ വന്നത് നമ്മെ സംബന്ധിച്ചുള്ള രക്ഷണ്യപ്രവൃത്തിക്കായാണ്. യേശുവിന്റെ ഭൂമിയിലേക്കുള്ള വരവിന്റെ ലക്ഷ്യം പുതിയനിയമത്തിന്റെ തുടക്കത്തിൽത്തന്നെ ദൂതൻ വിവരിക്കുന്നതു ശ്രദ്ധിക്കുക: "അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കും"(മത്താ.1:21). ഈ പ്രഖ്യാപനം രണ്ടു കാര്യങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഒന്ന്: കേവലം പാപത്തിന്റെ ക്ഷമയല്ല പാപത്തിൽനിന്നുള്ള സമ്പൂർണ്ണമായ രക്ഷയാണ് യേശുവിന്റെ രക്ഷാ

കരപ്രവൃത്തിയുടെ ആത്യന്തികലക്ഷ്യം. രണ്ട്: പാപക്ഷമ ദൈവത്തിന്റെ ദാനമായിരിക്കുന്നതുപോലെ പാപം വാഴാത്ത വിജയകരമായ ജീവിതവും ദൈവത്തിന്റെ ദാനമാണ്.

യേശുവിന്റെ രക്ഷണ്യപ്രവൃത്തിയുടെ പൂർത്തീകരണം കാൽവറിക്രൂശിലാണ് നാം കാണുന്നത്. ക്രൂശിലെ യേശുവിന്റെ പ്രഖ്യാപനം എല്ലാം നിവൃത്തിയായി (It is finished) എന്നതായിരുന്നല്ലോ. അർത്ഥം രക്ഷണ്യപ്രവൃത്തി സംബന്ധിച്ച് എല്ലാ കാര്യങ്ങളും പൂർത്തിയായിരിക്കുന്നു! അതിനോടു നമുക്ക് ഒന്നും കൂട്ടിച്ചേർക്കുവാൻ സാധ്യമല്ല. പാപത്തിൽനിന്നുള്ള രക്ഷ സംബന്ധിച്ചും പാപകർത്തൃത്വം നടത്താത്ത വിജയകരമായ ജീവിതം സംബന്ധിച്ചും വേണ്ടതെല്ലാം അവിടുന്നു പൂർത്തിയാക്കിക്കഴിഞ്ഞു.

എന്നാൽ ഇതൊരു വസ്തുനിഷ്ഠമായ സത്യമാണ്.(objective truth). ഇതിനെ ആത്മനിഷ്ഠമായ ഒരു യാഥാർത്ഥ്യമായി(subjective reality) നാം മാറ്റേണ്ടതുണ്ട്. വസ്തുനിഷ്ഠമായ സത്യം ഇങ്ങനെ ആയിരിക്കുമ്പോൾത്തന്നെ ഇതു നമ്മെ സംബന്ധിച്ചു യാഥാർത്ഥ്യമായിത്തീരാൻ നാം ദൈവത്തിന്റെ പ്രവൃത്തിയോടു സഹകരിക്കേണ്ടിയിരിക്കുന്നു. ഉദാഹരണത്തിനു വീണ്ടും ജനനത്തിന്റെ കാര്യം എടുക്കുക. ലോകത്തിലുള്ള എല്ലാ മനുഷ്യരുടെയും വീണ്ടെടുപ്പിനു വേണ്ടിയാണ് യേശു ക്രൂശിൽ മരിച്ചത്. പക്ഷേ ലോകത്തിലെ മുഴുവൻ മനുഷ്യരും വീണ്ടും ജനിച്ചു ദൈവമക്കളാകുന്നില്ലല്ലോ. യേശുവിന്റെ പ്രായശ്ചിത്തബലിയിൽ വിശ്വസിച്ച് അനുതാപത്തോടെ അത് ഏറ്റെടുക്കുന്നവർ മാത്രമാണ് വീണ്ടും ജനിക്കുന്നത്. എന്നു പറഞ്ഞതുപോലെ പാപത്തിന്റെ മേൽ ജയമുള്ള വിശുദ്ധമായ ഒരു വിജയകരമായ ജീവിതം എല്ലാ വിശ്വാസികൾക്കുമുള്ള വാഗ്ദാനമാണ്. എന്നാൽ അത്തരം ഒരു ജീവിതത്തെക്കുറിച്ചു കേൾക്കുകയും വിശ്വസിക്കുകയും വാഞ്ഛിക്കുകയും അതിനായി സമർപ്പിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചു മാത്രമേ അതു യാഥാർത്ഥ്യമായിത്തീരുന്നുള്ളു.

ബൈബിളിൽ നിന്നു രണ്ടു വാക്യങ്ങൾ നോക്കാം. കൊലോ. 3:3 ഉം 3:5ഉം. 3:3ൽ 'നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു' എന്നു കാണുന്നു. അതേ സമയം 3:5ൽ 'ആകയാൽ ദുർന്നടപ്പ്,അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ എന്നു വായിക്കുന്നു. ഒരിടത്തു നാം മരിച്ചു എന്നും മറ്റൊരിടത്തു നാം മരിപ്പിക്കണം എന്നുമാണ് കാണുന്നത്. ഇവ തമ്മിൽ എങ്ങനെയാണ് ചേർന്നുപോകുന്നത്? ഇവ പരസ്പരവിരുദ്ധമല്ലേ? അല്ല. നാം ക്രിസ്തുവിനോടു കൂടെ മരിച്ചു എന്നതും അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗസ്ഥലങ്ങളിൽ ഇരുത്തപ്പെട്ടിരിക്കുന്നുവെന്നതും സത്യമാണ്. എന്നാൽ ഇതു നമ്മുടെ പദവി(Position)യാണ്. പക്ഷേ പദവിയനുസരിച്ചുള്ള സത്യം( Positional fact)അങ്ങനെയായിരിക്കുമ്പോൾത്തന്നെ അതു നമ്മുടെ അനുഭവം(Experience) ആയി മാറിയിട്ടില്ല. 3:5ൽ 'ദിനംതോറും..... മരിപ്പിപ്പിൻ' എന്നു പറയുമ്പോൾ 3:3ലെ 'പദവി' അനുസരിച്ചുള്ള സത്യത്തെ 'അനുഭവ'തലത്തിലേക്കു കൊണ്ടുവന്നു യാഥാർത്ഥ്യമാക്കാനുള്ള ആഹ്വാനമാണത്. അല്ലാതെ 3:3ഉം 3:5ഉം പരസ്പരവിരുദ്ധമല്ല.

ഇവിടെ മറ്റൊരു ചോദ്യം ഉയരാം."പദവി

(ശേഷം പേജ് 21ൽ )



സന്ദേശം

# ദൈവത്തിലുള്ള വിശ്രമം

വാച്ച്മാൻ നീ



**ഇരിക്കുമ്പോൾ നാം വിശ്രമിക്കുകയാണ്. കാരണം അപ്പോൾ നമ്മുടെ ശരീരത്തിന്റെ ഭാരം പേശികളോ ഞരമ്പുകളോ അല്ല, നമ്മുടെ ശരീരത്തിനു പുറത്തുള്ള കസേരയോ കട്ടിലോ ആണ് താങ്ങുന്നത്. ആത്മീയതലത്തിലും ഇങ്ങനെതന്നെയാണ്.**

"**അ**ങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ച് അവനെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിക്കുകയും സ്വർഗത്തിൽ തന്റെ വലതുഭാഗത്ത് എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല, വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകലനാമത്തിനും അത്യന്തം മീതേ ഇരുത്തുകയും....

എഫേസ്യർ 1:20,21

ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ വരുംകാലഘട്ടങ്ങളിൽ കാണിക്കേണ്ടതിനു ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേൽപിച്ച് സ്വർഗത്തിൽ ഇരുത്തുകയും ചെയ്തു. എഫേസ്യർ 2:6,7

"ദൈവം.. അവനെ... ഇരുത്തുകയും" എന്ന് ആദ്യത്തെ വാക്യത്തിലും "നമ്മെ... അവനോടുകൂടെ... ഇരുത്തുകയും" എന്നു രണ്ടാമത്തെ വാക്യത്തിലും പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക

യേശുക്രിസ്തുവിനെ സ്വർഗത്തിൽ മഹത്വത്തിന്റെ വലത്തുഭാഗത്ത് ദൈവം ഇരുത്തിയിരിക്കുന്നു. എന്നതു സത്യമാണ്. അതുപോലെ സത്യമാണ് വ്യക്തിപരമായി ക്രിസ്തുവിലായ ഒരുവൻ വിശ്വാസത്താൽ സ്വർഗോന്നതങ്ങളിൽ ഇരുത്തപ്പെട്ടിരിക്കുന്നു എന്നത്.

മിക്ക ക്രിസ്ത്യാനികളും ആദ്യം ഇരിക്കുവാനല്ല നടക്കുവാനാണ് അഭ്യസിക്കുന്നത്. പക്ഷേ. ഇതു ദൈവിക പദ്ധതിക്ക് എതിരാണ്. നമ്മുടെ സ്വാഭാവികചിന്ത നാം നടന്നില്ലെങ്കിൽ എപ്പോഴെങ്കിലും ലക്ഷ്യത്തിലെത്താൻ കഴിയുമോ എന്നാണ്. പ്രയത്നമില്ലാതെ നമുക്ക് എന്താണ് നേടുവാൻ കഴിയുന്നത്? എന്നാൽ ക്രിസ്തീയ മാർഗം വ്യത്യസ്തമായ ഒന്നാണ്. 'ചെയ്യുക'

എന്നതിലല്ല ക്രിസ്തീയത ആരംഭിക്കുന്നത്. മറിച്ച് ചെയ്തിരിക്കുന്നു എന്നതിൽ നിന്നാണ് അതു തുടങ്ങുന്നത്. അതുകൊണ്ടാണ് എഫേസ്യലേഖനം സ്വർഗത്തിലെ സകല ആത്മീയാനുഗ്രഹങ്ങളാലും ക്രിസ്തുവിൽ നമ്മെ അനുഗ്രഹിച്ചിരിക്കുന്ന എന്ന് ആരംഭിക്കുന്നത് (എഫേസ്യർ 1:3) ദൈവം നമുക്കുവേണ്ടി ഒരുക്കിവച്ചിരിക്കുന്ന ഈ അനുഗ്രഹങ്ങൾ ഇരുന്ന് ആസ്വദിക്കുവാനാണ് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നത്.

നടക്കുക എന്നതിൽ പ്രയത്നം അടങ്ങിയിരിക്കുന്നു. പക്ഷേ ദൈവം പറയുന്നതു നാം പ്രവൃത്തികളാലല്ല 'കൃപയാൽ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നു' എന്നാണ് (2,8) ഇതിന്റെ അർത്ഥം എന്താണ്? കർത്താവിൽ വിശ്രമിച്ചതുകൊണ്ടാണ് നാം രക്ഷിക്കപ്പെട്ടതെന്നാണ് ഇതിന്റെ അർത്ഥം. രക്ഷിക്കപ്പെടുവാൻ നാം സ്വയമേ ഒന്നും ചെയ്തില്ല. നമ്മുടെ പാപഭാരം അവനിൽവച്ചു വിശ്രമിക്കുക മാത്രമേ ചെയ്തുള്ളൂ. ഇങ്ങനെ നമ്മുടെ പ്രവൃത്തികളിലല്ല, അവിടുന്നു നമുക്കായി ചെയ്തതിൽ ആശ്രയിച്ചാണ് നാം നമ്മുടെ ക്രിസ്തീയ ജീവിതം തുടങ്ങുന്നത്. ഒരുവൻ ഇപ്രകാരം ചെയ്യുന്നതുവരെ ക്രിസ്ത്യാനിയാവുകയില്ല. 'രക്ഷിക്കപ്പെടുവാൻ എനിക്കു സ്വയമായി ഒന്നും ചെയ്യുവാൻ കഴിയുകയില്ല. പക്ഷേ ദൈവം തന്റെ മഹാകൃപയാൽ ക്രിസ്തുവിൽ എന്റെ രക്ഷയ്ക്കുവേണ്ടതെല്ലാം ചെയ്തു കഴിഞ്ഞു' എന്നതാണ് വിശ്വാസജീവിതത്തിന്റെ ആദ്യപടി. ക്രിസ്തീയജീവിതം ആദ്യം മുതൽ അവസാനം വരെ കർത്താവായ യേശുക്രിസ്തുവിലുള്ള പൂർണമായ ആശ്രയം എന്ന ഏകനിയമത്തിലാണ് അധിഷ്ഠിതമായിരിക്കുന്നത്.

നമ്മുടെമേൽ ധാരാളമായി കൃപ ചൊരിയുവാൻ ദൈവം തയാറാണ്. നമുക്ക് എല്ലാം തരുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. പക്ഷേ ക്രിസ്തുവിൽ വിശ്രമിക്കുന്നില്ലെങ്കിൽ അവയൊന്നും കൈവശമാക്കുവാൻ കഴിയുകയില്ല. വിശ്രമിക്കുന്ന മനോഭാവമാണ് 'ഇരിക്കു'ന്നതിൽ നിന്നുപ്രകടമാവുന്നത്. എല്ലാം പൂർത്തിയായിക്കഴിയുമ്പോഴാണ്, ജോലിതീർത്തശേഷമാണ്, സാധാരണ നാം ഇരിക്കുന്നത്. വൈരുദ്ധ്യമായിത്തോന്നാമെങ്കിലും ഒരു സത്യം ഞാൻ പറയട്ടെ, നാം ആദ്യമായി ഇരിക്കുവാൻ പഠിച്ചിട്ടില്ലെങ്കിൽ ക്രിസ്തീയ ജീവിതത്തിൽ മുന്നോട്ടു പോകുവാൻ സാധ്യമല്ല.

ഇരിക്കുമ്പോൾ സത്യത്തിൽ എന്താണു സംഭവിക്കുന്നത്? നമ്മുടെ ശരീരത്തിന്റെ മുഴുവൻ ഭാരവും നാം ഇരിക്കുന്ന കസേരയിലോ കട്ടിലിലോ വയ്ക്കുകയാണു ചെയ്യുന്നത്. ഇരിക്കുമ്പോൾ നാം വിശ്രമിക്കുകയാണ്. കാരണം, അപ്പോൾ നമ്മുടെ ശരീരത്തിന്റെ ഭാരംപേശികളോ ഞരമ്പുകളോ അല്ല, നമ്മുടെ ശരീരത്തിനു പുറത്തുള്ള കസേരയോ കട്ടിലോ ആണ് താങ്ങുന്നത്. ആത്മീയതലത്തിലും ഇങ്ങനെതന്നെയാണ്. ഇരിക്കുക എന്നു പറഞ്ഞാൽ എല്ലാ ഭാരവും– നമ്മുടെ ചുമടുകൾ, നമ്മുടെ ഭാവി, നമ്മെത്തന്നെ– കർത്താവിൽ ഇറക്കി വയ്ക്കുകയാണ്. ആ ചുമതല നാം സ്വയം വഹിക്കാതെ ദൈവത്തെ ഏൽപ്പിക്കുന്നു. നാം വിശ്രമിക്കുന്നു.

ആദി മുതൽ തന്നെ ദൈവത്തിന്റെ പ്രമാണം ഇതാണ്. സൃഷ്ടിയുടെ ദിനങ്ങളിൽ ദൈവം ആറുദിവസം പ്രവർത്തിച്ചു. ഏഴാം ദിവസം അവിടുന്നു സ്വസ്ഥനായിരുന്നു. അന്നു ദൈവത്തിന്റെ ശബത്തായിരുന്നു. ദൈവം വിശ്രമിച്ച ദിവസം.

പക്ഷേ ആദാമിനെ സംബന്ധിച്ച് എങ്ങനെയായിരുന്നു? ആറാം ദിവസം സൃഷ്ടിക്കപ്പെട്ട ആദാം തന്റെ ജീവിതം ആരംഭിച്ചതുതന്നെ ശബത്ത്





**കർത്താവിൽ വിശ്രമിച്ചതുകൊണ്ടാണ് നാം രക്ഷിക്കപ്പെട്ടതെന്ന കാര്യം വ്യക്തമാണല്ലോ. രക്ഷിക്കപ്പെടുവാൻ നാം സ്വയമേ ഒന്നും ചെയ്തില്ല. നമ്മുടെ പാപഭാരം അവനിൽവച്ചു വിശ്രമിക്കുക മാത്രമേ ചെയ്തുള്ളൂ. ഇങ്ങനെ നമ്മുടെ പ്രവൃത്തികളിലല്ല, അവിടുന്നു നമുക്കായി ചെയ്തതിൽ ആശ്രയിച്ചാണ് നാം നമ്മുടെ ക്രിസ്തീയ ജീവിതം തുടങ്ങുന്നത്. ഒരുവൻ ഇപ്രകാരം ചെയ്യുന്നതുവരെ ക്രിസ്ത്യാനിയാവുകയില്ല.**

(വിശ്രമം) ആസ്വദിച്ചുകൊണ്ടാണ്. ദൈവം എല്ലാ പ്രവർത്തിച്ചു കഴിഞ്ഞിരുന്നതുകൊണ്ടാണ് ആദാമിന് വിശ്രമത്തോടെ തന്റെ ജീവിതത്തിനു തുടക്കം കുറിക്കുവാൻ കഴിഞ്ഞത്.

സുവിശേഷത്തെ സംബന്ധിച്ചും ഇങ്ങനെയാണ്. ദൈവം രക്ഷയ്ക്കുവേണ്ടതെല്ലാം നിവർത്തിച്ചു കഴിഞ്ഞു. അതു നേടുവാൻ നാം ഇനി ഒന്നും ചെയ്യേണ്ടതില്ല. പൂർത്തിയായ ആ രക്ഷയിലേക്കു വിശ്വാസത്തോടെ നേരിട്ട് പ്രവേശിച്ചാൽ മാത്രം മതി.

സൃഷ്ടിക്കുശേഷമുള്ള ദൈവത്തിന്റെ വിശ്രമവും രക്ഷണ്യവേലയെ തുടർന്നുള്ള ദൈവത്തിന്റെ വിശ്രമവും– ഈ രണ്ടു ചരിത്രവസ്തുതകൾക്കിടയിലാണ് ആദാമിന്റെ വീഴ്ചയും മനുഷ്യന്റെ വിഫലമായ അധ്വാനവും അടങ്ങിയ മനുഷ്യവർഗത്തിന്റെ ദാരുണമായ കഥ കിടക്കുന്നത്. മനുഷ്യന്റെ ഈ അധ്വാനത്തിന് അറുതിവരുത്തിക്കൊണ്ട് ദൈവപുത്രൻ ഭൂമിയിൽ വന്നു മനുഷ്യവർഗത്തിന്റെ രക്ഷ പ്രവർത്തിച്ചെടുക്കുകയായിരുന്നു. “എന്റെ പിതാവ് പ്രവർത്തിക്കുന്നു, അതുകൊണ്ട് ഞാനും പ്രവർത്തിക്കുന്നു” എന്ന അവിടുത്തെ വാക്കുകൾ ഓർക്കുക. ഒടുവിൽ 'എല്ലാം നിവൃത്തിയായി' എന്നു ക്രൂശിൽ അവിടുന്നു പ്രഖ്യാപിക്കുന്നു.

അതുകൊണ്ട് ക്രിസ്തീയത പ്രഘോഷിക്കുന്നത് ദൈവം ക്രിസ്തുവിൽ എല്ലാം ചെയ്തു തീർത്തുവെന്ന സത്യമാണ്. ഈ വസ്തുത നൽകുന്ന സന്തോഷത്തിലേക്ക് നാം വിശ്വാസത്താൽ നേരേ ചുവടുവച്ചാൽ മതി. നാം ആദ്യം ഉദ്ധരിച്ച വാക്യത്തിൽ 'ഇരിക്കുക' എന്നൊരു കൽപനയല്ല പറഞ്ഞിരിക്കുന്നത് എന്ന കാര്യം ശ്രദ്ധിക്കുക. മറിച്ച് ക്രിസ്തുവിൽ നമ്മെ 'ഇരുത്തിയിരിക്കുന്നു' എന്ന വസ്തുതയാണ്.

രണ്ടു സത്യങ്ങളിലേക്കു നമ്മുടെ കണ്ണുതുറക്കണമെന്നാണ് പൗലോസ് അവിടെ പ്രാർത്ഥിക്കുന്നത്. (എഫേ 1:19) ഒന്ന്: ദൈവം തന്റെ ശക്തിയാൽ അവനെ 'ഇരുത്തി.' രണ്ട് ദൈവം തന്റെ കൃപയാൽ നമ്മെ അവനോടുകൂടി 'ഇരുത്തിയിരിക്കുന്നു'. ഇവിടെ നാം ശ്രദ്ധിക്കേണ്ട കാര്യം പ്രവർത്തനം പ്രാഥമികമായി നമ്മുടേതല്ല ദൈവത്തിന്റേതാണ് എന്നതാണ്. നാം ദൈവത്തിനുവേണ്ടിയല്ല, ദൈവം നമുക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. ദൈവം തന്റെ വിശ്രമത്തിന്റെ അവസ്ഥ നമുക്കു നൽകുന്നു. തന്റെ പുത്രന്റെ പൂർത്തിയായ വേലയെ ദൈവം നമുക്കു സമ്മാനിച്ചശേഷം 'ഇരുന്നു വിശ്രമിക്കുക' എന്നു പറയുന്നു. ദൈവത്തിന്റെ ഈ വാഗ്ദാനം 'എല്ലാം ഒരുങ്ങിയിരിക്കുന്നു വരിക' (ലൂക്കോ 14:17) എന്ന ക്ഷണമാണ് എന്നെ ഓർമ്മിപ്പിക്കുന്നത്. അങ്ങനെ നാം ക്രിസ്തീയജീവിതം ആരംഭിക്കുന്നത് പ്രവർത്തിച്ചുകൊണ്ടല്ല. മറിച്ച് ദൈവം നമുക്കുവേണ്ടി ചെയ്തുതീർത്തവ കണ്ടെത്തിക്കൊണ്ടാണ്.

ഇവിടം മുതലുള്ള ക്രിസ്തീയജീ

വിതവും നമ്മുടെ പ്രവൃത്തിയെ അല്ല നമുക്കുവേണ്ടി ക്രിസ്തു ചെയ്തു തീർത്ത പ്രവൃത്തിയെ അംഗീകരിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. ഓരോ പുതിയ ആത്മീയാനുഭവവും ദൈവം ചെയ്തതിനെ വിശ്വാസത്താൽ അംഗീകരിക്കുന്നതിലാണ് തുടങ്ങുന്നത്. അഥവാ ഓരോ തവണയും 'ഇരുന്നു'കൊണ്ട് തുടങ്ങുന്നു എന്നു പറയാം. ദൈവംതന്നെ നിയമിച്ച ജീവന്റെ ഒരു പ്രമാണമാണിത്. തുടക്കം മുതൽ ഒടുക്കംവരെ ക്രിസ്തീയജീവിതം ഈ ദൈവികപ്രമാണത്തിൽ അധിഷ്ഠിതമായാണ് പുരോഗമിക്കുന്നത്.

ശുശ്രൂഷയ്ക്കായി പരിശുദ്ധാത്മാവിന്റെ ശക്തി എനിക്കെങ്ങനെയാണു പ്രാപിക്കുവാൻ കഴിയുക? ഞാൻ അതിനായി പ്രയത്നിക്കേണ്ടതുണ്ടോ? പാപക്ഷമയുടെ കാര്യംപോലെയാണ് ഇതും. എനിക്കെങ്ങനെയാണ് പാപക്ഷമ ലഭിച്ചത്? എഫേസ്യർ 1:6-8 വരെയുള്ള വാക്യങ്ങളിൽ കാണുന്നത്, 'ധാരാളമായി കാണിച്ച കൃപാധനപ്രകാരം' എന്നാണ്. ആ കൃപയാകട്ടെ നമ്മുടെമേൽ സൗജന്യമായി ചൊരിഞ്ഞിരിക്കുന്നു. നമ്മുടെ രക്ഷ ക്രിസ്തുവിൽ തന്റെ രക്തത്താലാണ്. അവിടുന്നു നമുക്കായി ചെയ്തതിനെ അടിസ്ഥാനപ്പെടുത്തിയാണ് രക്ഷ നമ്മുടേതാകുന്നത്. ഇതാണ് നമ്മുടെ 'രക്ഷയുടെ സുവിശേഷം'.

അങ്ങനെ എങ്കിൽ പരിശദ്ധാത്മാവിനെ പകരുന്നതു സംബന്ധിച്ചുള്ള തിരുവചനാടിസ്ഥാനം എന്താണ്? യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപാണത്. കർത്താവ് ക്രൂശിൽ മരിച്ചതിനാൽ എനിക്കു പാപക്ഷമ ലഭിച്ചു. താൻ ദൈവത്തിന്റെ വലതുഭാഗത്തേക്ക് ആരോഹണം ചെയ്തതിനാൽ എനിക്കു പരിശുദ്ധാത്മാവിന്റെ ശക്തി ലഭിച്ചു. (അപ്പോ.പ്രവൃത്തി 2:23) എന്റെ അവസ്ഥയെയോ ഞാൻ ചെയ്യുന്ന കാര്യങ്ങളെയോ, ആശ്രയിച്ചല്ല ഈ ദാനവും പകരപ്പെടുന്നത്. ഞാൻ

**നീതീകരണം, പാപത്തിന്മേലുള്ള ജയം, പഴയ മനുഷ്യന്റെ ക്രൂശീകരണം എന്നീ കാര്യങ്ങൾ ചിന്തിച്ചാലോ? ഇവിടെയും 'നടപ്പല്ല' 'ഇരിപ്പാ'ണ് പ്രസക്തമായിരിക്കുന്നത്. അതായത് എന്തെങ്കിലും ചെയ്യുകയല്ല. ചെയ്തുതീർന്നതിൽ വിശ്രമിക്കുകയാണുവേണ്ടത്. നാം പാപത്തിനു മരിച്ചു സ്നാനത്താൽ അവന്റെ മരണത്തിൽ പങ്കാളിയായിത്തീർന്നു. അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ദൈവം നമ്മെ ക്രിസ്തുവിനോടുകൂടി ഉയിർത്തെഴുന്നേൽപ്പിച്ചു. (റോമർ 6:2,3,4) എന്നീ വാക്യങ്ങൾ ശ്രദ്ധിക്കുക. ഇതിലെ ഈ ക്രിയാപദങ്ങളെല്ലാം ഭൂതകാലത്തിലാണ്.**

എന്തെങ്കിലും പ്രവർത്തിച്ചതുകൊണ്ടല്ല പാപക്ഷമ എനിക്കു ലഭിച്ചത്. എന്റെ പ്രവൃത്തികളാലല്ല പരിശുദ്ധാത്മശക്തിയും എനിക്കു ലഭിക്കുന്നത്. അഥവാ എനിക്കു ലഭിച്ചതെല്ലാം എന്റെ നടപ്പ് (പ്രയത്നം) മൂലമല്ല. എന്റെ ഇരിപ്പ് (വിശ്രമം, ആശ്രയം) മൂലമാണ്.

നീതീകരണം, പാപത്തിന്മേലുള്ള ജയം, പഴയ മനുഷ്യന്റെ ക്രൂശീകരണം എന്നീ കാര്യങ്ങൾ ചിന്തിച്ചാലോ? ഇവിടെയും 'നടപ്പല്ല' 'ഇരിപ്പാ'ണ് പ്രസക്തമായിരിക്കുന്നത്. അതായത് എന്തെങ്കിലും ചെയ്യുകയല്ല. ചെയ്തുതീർന്നതിൽ വിശ്രമിക്കുകയാണുവേണ്ടത്. നാം പാപത്തിനു മരിച്ചു സ്നാനത്താൽ അവന്റെ മരണത്തിൽ പങ്കാളിയായിത്തീർന്നു. അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ദൈവം നമ്മെ ക്രിസ്തുവിനോടുകൂടി ഉയിർത്തെഴുന്നേൽപ്പിച്ചു. (റോമർ 6:2,3,4) എന്നീ വാക്യങ്ങൾ ശ്രദ്ധിക്കുക. ഇതിലെ ഈ ക്രിയാപദങ്ങളെല്ലാം **ഭൂതകാലത്തിലാണ്.**

ഭാവികാലമോ വർത്തമാനകാലമോ അല്ല ഉപയോഗിച്ചിരിക്കുന്നത് ക്രിസ്തുവിലൂടെ സാധിച്ചു കഴിഞ്ഞ





കാര്യങ്ങളാണിവ. വിശ്വാസം മൂലം അതിലേക്കു നാം പ്രവേശിക്കുകയേ വേണ്ടൂ.

ക്രിസ്തുവിൽ നാമും ക്രൂശിക്കപ്പെട്ട്, ജീവിച്ച്, ഉയിർത്തെഴുന്നേറ്റ് സ്വർഗത്തിൽ ഇരുത്തപ്പെട്ടിരിക്കുന്നു. ഈ സത്യം മനുഷ്യമനസ്സിന് ഒരു പ്രഹേളികയായിത്തോന്നാം- യോഹന്നാൻ 3:3ൽ യേശുക്രിസ്തു നിക്കോദേമൊസിനോടു പറഞ്ഞതുപോലെ മനുഷ്യമനസ്സിന് മനസ്സിലാകാത്ത ഒരു പ്രശ്നം. മനുഷ്യൻ പ്രായമായശേഷം വീണ്ടും ജനിക്കുന്നതെങ്ങനെ എന്നതായിരുന്നു. ഇതാണ് അവിടെ ചിന്താക്കുഴപ്പമുണ്ടാക്കിയത്. അതിലും വിചിത്രമായി ഇതുതോന്നാം. കാരണം ഇതു നമ്മുടെ തന്നെ ഒരു വീണ്ടുംജനനം പോലുമല്ല. എത്രയോ വർഷങ്ങൾക്കു മുമ്പ് മറ്റൊരുവനിൽ നിവൃത്തിയായതു സ്വന്തം അനുഭവമായി എടുക്കുകയാണിവിടെ. എങ്ങനെയാണ് നമുക്കതു കഴിയുന്നത്? വിശദീകരിക്കാൻ കഴിയുകയില്ല. അതു ദൈവം ചെയ്തതായി ദൈവത്തിൽനിന്നു തന്നെ പ്രാപിക്കുകയേ മാർഗ്ഗമുള്ളൂ. നാം ക്രിസ്തുവിനോടുകൂടെ ജനിച്ചിരിക്കുകയല്ല; നാം ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുകയാണ് (ഗലാ2:20). അവിടുത്തെ മരണത്താലാണ് നാം അവനുമായി ബന്ധപ്പെട്ടിരിക്കുന്നത്. ദൈവം നമ്മെ അവനിൽ ഉൾപ്പെടുത്തി നാം അവനോടൊപ്പം ഉണ്ടായിരുന്നു. കാരണം നാം 'അവനാൽ' ആണല്ലോ.

പക്ഷേ ഞാൻ ക്രിസ്തുവിൽ ആണെന്ന് എനിക്കെങ്ങനെ ഉറപ്പിക്കുവാൻ ആകും? നിങ്ങളോ അവനാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്നു (1 കൊരി 1:30) "ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും.. ദൈവമല്ലോ" (2കൊരി 1:21) എന്നിങ്ങനെ ബൈബിൾ തീർത്തുതന്നെ പറയുന്നതുകൊണ്ട് എനിക്കത് ഉറപ്പായി വിശ്വസിക്കുവാൻ കഴിയും.

ഒരു ഉദാഹരണം പറഞ്ഞാൽ, ഞാൻ ഒരു പുസ്തകത്തിന്റെ പേജുകൾക്കിടയിൽ ഒരു ഡോളർനോട്ട് വച്ചു എന്നിരിക്കട്ടെ. എങ്കിൽ പിന്നീട് ആ പുസ്തകത്തിനു സംഭവിക്കുന്നതെല്ലാം അകത്തിരിക്കുന്ന ഡോളർനോട്ടിനും ബാധകമാണ്. പുസ്തകത്തെ ഒരിടത്തു നിന്നു മറ്റൊരിടത്തേക്കു കൊണ്ടുപോയാൽ ആ നോട്ടും പുസ്തകത്തോടൊപ്പം അങ്ങോട്ടു പോകും. കാരണം, രണ്ടിന്റെയും ചരിത്രം ഒന്നായി മാറി. അതുപോലെ ദൈവം നമ്മെയും ക്രിസ്തുവിൽ ആക്കിവച്ചു. അതുകൊണ്ട് അവിടുത്തേക്കു സംഭവിച്ചതെല്ലാം നമുക്കും സംഭവിച്ചു. അവിടുന്ന് അനുഭവിച്ചതെല്ലാം ക്രിസ്തുവിൽ നാമും അനുഭവിച്ചു.

"നാം ഇനി പാപത്തിനു അടിമപ്പെടാതവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിനു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടി ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു." (റോമർ 6:6) നാം ജനിക്കുന്നതിനു മുമ്പേ അതു നടന്നുകഴിഞ്ഞു. നിങ്ങൾ അതു സത്യമാണെന്നു വിശ്വസിക്കുന്നുണ്ടോ? ക്രിസ്തുവിനോടുകൂടിയുള്ള നമ്മുടെ ക്രൂശീകരണം മഹത്വപൂർണമായ ഒരു ഭൂതകാലചരിത്രമാണ്. പാപത്തിൽനിന്നുള്ള വിടുതൽ നാം ചെയ്യാൻ പോകുന്നതിനെയോ ദൈവം നമുക്കായി ചെയ്യാനിരിക്കുന്നതിനെയോ ആശ്രയിച്ചല്ല ഇരിക്കുന്നത്. പകരം, ക്രിസ്തുവിൽ നമുക്കു വേണ്ടി അവിടുന്ന് ഇതിനകം ചെയ്തുകഴിഞ്ഞതിനെ അടിസ്ഥാനമാക്കിയാണതിരിക്കുന്നത്.

ഈ സത്യം നമ്മുടെമേൽ പ്രകാശിക്കുമ്പോൾ നാം അതിൽ വിശ്രമിക്കും (റോമർ 6:11). അപ്പോൾ ജീവിതത്തിന്റെ രഹസ്യവും നാം കണ്ടെത്തിക്കഴിഞ്ഞു.

# ദൈവഹിതത്തിന്റെ മർമ്മം

**ക്രി**സ്തീയജീവിതം ഗൗരവമായെടുത്തിട്ടുള്ള ഏതൊരാളെ സംബന്ധിച്ചും ദൈവഹിതം പരമപ്രധാനമാണ്. ഏതുകാര്യം ചെയ്യാൻ തുനിയുമ്പോഴും 'ഇത് എന്നെ സംബന്ധിച്ചുള്ള ദൈവഹിതമാണോ' എന്ന ചിന്ത അവനെ ജാഗരൂകനാക്കി മാറ്റും.

ദൈവത്തിന്റെ ആലോചനയും നടത്തിപ്പും വിട്ട് സ്വന്തശക്തിയിൽ ചില നിർജീവപ്രവൃത്തികൾ ചെയ്ത് അവസാനിക്കാൻ ഇടയാകരുതേ എന്നതാണ് അവന്റെ പ്രാർത്ഥന. 'ദാവീദ് തന്റെ തലമുറയിൽ ദൈവത്തിന്റെ ആലോചനയ്ക്കു ശുശ്രൂഷ ചെയ്തശേഷം നിദ്ര പ്രാപിച്ചു' എന്നു പരിശുദ്ധാത്മാവു രേഖപ്പെടുത്തിയിരിക്കുന്നത് (പ്രവൃ 13: 36) തന്റെയും ജീവചരിത്രക്കുറിപ്പായി മാറണം എന്ന് അവൻ ആഗ്രഹിക്കുന്നു.

ഈ ആഗ്രഹവും പ്രാർത്ഥനയുമാണ് അവന്റെ പ്രവർത്തനങ്ങളുടെയും ശുശ്രൂഷയുടെയും പിന്നിലുള്ള പ്രേരകശക്തി. എന്നാൽ ഇതുതന്നെയാണ് നല്ലതെന്നുതോന്നുന്ന ഒട്ടേറെ പ്രവർത്തനങ്ങൾക്കു ചാടിപ്പുറപ്പെടുന്നതിൽനിന്ന് അവനെ വിലക്കുന്നതും അതുതന്നെ. ദൈവഹിതത്തിനു പുറത്ത് കാലടി വയ്ക്കുമോ എന്ന ഭയം നിരന്തരം ദൈവമുഖം അന്വേഷിക്കുവാനും ദൈവത്തെ മാത്രം ആശ്രയിപ്പാനും അവനെ സഹായിക്കുന്നു.

എന്നാൽ ദൈവഹിതത്തിനായുള്ള അന്വേഷണത്തിൽ ചില വൈരുദ്ധ്യങ്ങളെ ക്രമേണ അവന് അഭിമുഖീകരിക്കേണ്ടി വരും. ഉദാഹരണത്തിന് യേശുവിന്റെ യഥാർത്ഥ ശിഷ്യനായിരിക്കാൻ കൊടുക്കേണ്ട വിലയെക്കുറിച്ച് അവനു ബോധ്യമുണ്ട്. അപ്പനെയും, അമ്മയെയും, ഭാര്യയെയും വീട്ടുകാരെയും പകച്ച് ക്രിസ്തുവിനെ അനുഗമിക്കുക എന്നതാണ് തന്നെക്കുറിച്ചുള്ള ദൈവഹിതം എന്ന് അവന് അറിയാം. ആ ശിഷ്യത്വത്തിന്റെ പാതയിൽ ഏറെദൂരം അവൻ മുന്നോട്ടു പോയിട്ടുമുണ്ട്. എന്നാൽ മാതാപിതാക്കളെ അനുസരിക്കുകയും ഭാര്യയെ സ്നേഹിക്കുകയും പോറ്റിപ്പുലർത്തുകയും വേണം എന്നതും ദൈവഹിതമാണെന്ന് അവൻ കണ്ടെത്തുന്നു. പ്രായോഗിക തലത്തിൽ വരുമ്പോൾ ആദ്യം പറഞ്ഞ ദൈവഹിതവും രണ്ടാമതു പറഞ്ഞ ദൈവഹിതവും പരസ്പര വിരുദ്ധമായി വരുന്ന സന്ദർഭങ്ങളുണ്ടാകാം.

മുകളിൽപ്പറഞ്ഞ ഉദാഹരണത്തെ കുറേക്കൂടി അടുത്തുനിന്നു നോക്കിക്കാണാം. മനുഷ്യഭയം ഒരു കെണിയാണെന്നു നമുക്കറിയാം. നാം മനുഷ്യനെ പ്രസാദിപ്പിക്കേണ്ടതില്ല. അതാണു നമ്മെക്കുറിച്ചുള്ള ദൈവഹിതം. അതേസമയം മറ്റുള്ളവർക്കു നാം ഇടർച്ച വരുത്താതിരിക്കുക എന്നതും, ദൈവകൽപനയും ദൈവഹിതവുമാണ്. ഇവ പരസ്പര വിരുദ്ധമായി മാറുന്ന സന്ദർഭങ്ങളിൽ നാം ഇതിൽ ഏതു ദൈവഹിതമാണ് നിറവേറ്റാൻ പോകുന്നത്?

ഇവയെ സൂക്ഷ്മമായി നോക്കിയാൽ ആദ്യം ദൈവഹിതത്തിൽ നാമും ദൈവവും മാത്രമേയുള്ളൂ.





> **മനുഷ്യഭയം ഒരു കെണിയാണെന്നു നമുക്കറിയാം. നാം മനുഷ്യനെ പ്രസാദിപ്പിക്കേണ്ടതില്ല. അതാണു നമ്മെക്കുറിച്ചുള്ള ദൈവഹിതം. അതേസമയം മറ്റുള്ളവർക്കു നാം ഇടർച്ച വരുത്താതിരിക്കുക എന്നതും, ദൈവകൽപനയും ദൈവഹിതവുമാണ്. ഇവ പരസ്പര വിരുദ്ധമായി മാറുന്ന സന്ദർഭങ്ങളിൽ നാം ഇതിൽ ഏതു ദൈവഹിതമാണ് നിവർത്തിക്കാൻ പോകുന്നത്?**

ഇതിനെ തിരിച്ചറിയാനുള്ള സൗകര്യത്തിനായി 'ദൈവഹിതം 1' എന്നു വിളിക്കാം. രണ്ടാമതു പരാമർശിച്ച ദൈവഹിതത്തിലാകട്ടെ മൂന്നു പേരുണ്ട് നാം, ദൈവം, മറ്റുള്ളവർ. ഇതിനെ നമുക്ക് ദൈവഹിതം 2 എന്നു വിളിക്കാം.

ഇതിൽ 'ദൈവഹിതം1' ആണ് കൂടുതൽ ആത്മികമായതെന്നു നമുക്കു തോന്നുന്നത്. കാരണം, അതു കുറേക്കൂടി ഋജുവാണ്. നാമും ദൈവവും മാത്രമേ അതിൽ പങ്കാളികളായുള്ളൂ. എന്നാൽ ദൈവഹിതം 2 കുറേക്കൂടി സങ്കീർണ്ണവും മൂന്നാമതൊരു കക്ഷികൂടി പങ്കാളിയായുള്ളതുമാണ്.

'ദൈവഹിതം' 1ഉം ദൈവഹിതം 2 ഉം പ്രായോഗികതലത്തിൽ പരസ്പര വിരുദ്ധമാണെങ്കിൽ ഇതിൽ നാം ഏതാണ് അനുസരിക്കേണ്ടത്. 'ദൈവഹിതം 2'നെ അവഗണിച്ച് കൂടുതൽ ആത്മികമായി തോന്നുന്ന 'ദൈവഹിതം1' അനുസരിച്ച് മുന്നോട്ടു പോകാം എന്നാണോ നിങ്ങൾ പറയുന്നത്? പക്ഷേ അത്ര വേഗം ഒരു ഉത്തരത്തിൽ എത്തിച്ചേർന്നാൽ അതു ശരിയായിരിക്കുമോ? ദൈവഹിതം 2ഉം അത്ര ആത്മികമായി നമ്മുടെ ദൃഷ്ടിയിൽ തോന്നുന്നില്ലെങ്കിലും ദൈവഹിതം തന്നെയാണല്ലോ. അപ്പോൾ പിന്നെ അതിനെ പാടേ അവഗണിക്കുന്നതു ശരിയായിരിക്കുമോ?

ഈ സാഹചര്യത്തിൽ ഏതു തെരഞ്ഞെടുക്കണമെന്നത് നമ്മെ സംബന്ധിച്ചിടത്തോളം ഒരു സങ്കീർണ്ണമായ പ്രശ്നമാണ്. പക്ഷേ ഏതു പ്രശ്നത്തിനും ഉത്തരം യേശുവിലുണ്ടല്ലോ. യേശുവിന്റെ ജീവിതത്തിൽ സമാനമായ ഒരു സന്ദർഭം ഉണ്ടായതു സുവിശേഷങ്ങളിൽ നാം വായിക്കുന്നു മത്തായി 17 ന്റെ 24-27 വാക്യങ്ങൾ കാണുക.

"അവർ കഫന്നഹൂമിൽ എത്തിയാറെ ദ്വിദ്രഹ്മപ്പണം വാങ്ങുന്നവർ പത്രോസിന്റെ അടുത്തുവന്നു. നിങ്ങളുടെ ഗുരു ദ്വിദ്രഹ്മപ്പണം കൊടുക്കുന്നില്ലയോ എന്നു ചോദിച്ചതിന് ഉവ്വ് എന്ന് അവൻ പറഞ്ഞു. അവൻ വീട്ടിൽ വന്നപ്പോൾ യേശു അവനോട് ശിമോനേ, നിനക്ക് എന്തു തോന്നുന്നു? ഭൂമിയിലെ രാജാക്കന്മാർ ചുങ്കമോ കരമോ ആരോടു വാങ്ങുന്നു? പുത്രന്മാരോടോ അന്യരോടോ എന്നു മുന്നിട്ടു ചോദിച്ചതിന് അന്യരോട് എന്ന് അവൻ പറഞ്ഞു: യേശു അവനോട് എന്നാൽ പുത്രന്മാർ ഒഴിവുള്ളവരല്ലോ. എങ്കിലും നാം അവർക്ക് ഇടർച്ച വരുത്താതിരിക്കേണ്ടതിന് നീ കടലിലേക്കു ചെന്ന് ചൂണ്ടൽ ഇട്ട് ആദ്യം കിട്ടുന്ന മീനിനെ എടുക്ക. അതിന്റെ വായ് തുറക്കുമ്പോൾ ഒരു ചതുർദ്രഹ്മപ്പണം കാണും. അത് എടുത്ത് എനിക്കും നിനക്കും വേണ്ടി കൊടുക്ക എന്നു പറഞ്ഞു."

യേശു ചെയ്ത അത്ഭുതങ്ങളെല്ലാം മറ്റുള്ളവർക്കുവേണ്ടിയായിരുന്നു. എന്നാൽ തനിക്കു വേണ്ടി താൻ ചെയ്ത ഏക അത്ഭുതം മുകളിൽ വിവരിച്ചതാണെന്നു ചിലർ പറയാറുണ്ട്. പക്ഷേ പത്രോസിനും തനിക്കുംവേണ്ടി

ചെയ്തത് എന്നു തോന്നാവുന്ന ഈ അത്ഭുതവും സൂക്ഷ്മമായി പഠിച്ചാൽ മറ്റുള്ളവർക്കുവേണ്ടിയാണ് യേശു പ്രവർത്തിച്ചതെന്നു കാണാം. അതിനും അപ്പുറത്ത് നമുക്കുവേണ്ടി- അതേ, ദൈവഹിതം സംബന്ധിച്ച് നമുക്കു ചില പാഠങ്ങൾ നൽകുവാൻ വേണ്ടി അവിടുന്നു ചെയ്ത അത്ഭുതമായും ഇതിനെ കണക്കാക്കാം.

ഇതു നമുക്കു നൽകുന്ന ആത്മികപാഠങ്ങൾ എന്താണ്? ചുങ്കമോ കരമോ അന്യർ നൽകിയാൽ മതി പുത്രന്മാർ അതു നൽകേണ്ടതില്ല എന്ന് ഇവിടെ പത്രോസിന്റെ വാക്കുകളിൽ നിന്നു വ്യക്തമാണ്. ഇതനുസരിച്ച് പുത്രൻ എന്ന നിലയിൽ യേശു പണം നൽകുന്നതിൽ നിന്ന് ഒഴിവുള്ളവനാണ്. എന്നാൽ മറ്റുള്ളവർക്ക് ഇടർച്ച വരുത്താതിരിക്കേണ്ടതിന് നമുക്ക് ചതുർദ്രഹ്മപ്പണം നൽകാം എന്ന നിലപാടാണ് അവിടുന്ന് കൈക്കൊള്ളുന്നത്. അഥവാ പുത്രന്മാർക്കുള്ള അവകാശം കയ്യാളാതെ ഒരു 'അന്യന്റെ' അവസ്ഥ മതി എന്ന് കർത്താവ് തീരുമാനിക്കുന്നു. എന്തുകൊണ്ട്? മറ്റുള്ളവർക്ക് ഇടർച്ച വരുത്താതിരിക്കേണ്ടതിന് (മത്താ 17:27).

ഇവിടെ യേശുവിനെ സംബന്ധിച്ചിടത്തോളം പുത്രൻ എന്ന നിലയിൽ ചുങ്കം കൊടുക്കാതിരിക്കുന്നതിനുള്ള അധികാരം ഉണ്ട്. നാം നേരത്തെ വിവരിച്ച 'ദൈവഹിതം1' ആണത്. എന്നാൽ മറ്റുള്ളവർക്ക് ഇടർച്ച വരുത്താതിരിക്കേണ്ടതിന് ചുങ്കം നൽകുന്നതും ദൈവഹിതം ആണ്. ഇത് നാം നേരത്തെ വിവരിച്ച ദൈവഹിതം 2 ആണെന്നു വ്യക്തമാണല്ലോ. ഇവിടെ പ്രായോഗികതലത്തിൽ ദൈവഹിതം 1 ഉം ദൈവഹിതം 2 ഉം പരസ്പര വിരുദ്ധമായി വന്നപ്പോൾ യേശു 'ദൈവഹിതം2' ആണ് തെരഞ്ഞെടുത്തത്. പുത്രന്റെ സ്വാതന്ത്ര്യം കയ്യാളുന്നത് അവിടുത്തെ സംബന്ധിച്ചിടത്തോളം

**ദൈവേഷ്ടം ചെയ്തതു സംബന്ധിച്ചുപോലും ഒരു ജഡവും പ്രശംസിക്കാതിരിപ്പാൻ അവിടുന്ന് ആഗ്രഹിക്കുന്നു. ദൈവേഷ്ടത്തിന്റെ പാതയിലെ ഇടുങ്ങിയ വഴിയിലൂടെ പോകുമ്പോൾ അക്ഷരാർത്ഥത്തിൽ തന്നെ നമുക്കു വളരെ കുറച്ചേ ചെയ്യാൻ കഴിയുകയുള്ളുവെന്നു നാം കണ്ടെത്തും. അപ്പോൾ നമ്മോടു കൽപിച്ചത് ഒക്കെയും ചെയ്തശേഷവും ആത്മാർത്ഥമായി തന്നെ നാം പറയുന്നത് ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ എന്നായിരിക്കും.**

പൂർണ്ണമായും ദൈവഹിതം ആയിരുന്നു. അതേസമയം മറ്റുള്ളവർക്കു വേണ്ടി ആ സ്വാതന്ത്ര്യം എടുക്കാതിരിക്കുന്നതും തന്നെ സംബന്ധിച്ചു ദൈവഹിതം ആയിരുന്നു. യേശു 'ദൈവഹിതം2' തെരഞ്ഞെടുക്കുകയും മറ്റുള്ളവർക്കുവേണ്ടി തന്റെ സ്വാതന്ത്ര്യം അടിയറ വയ്ക്കുകയുമാണ് ചെയ്തത്. ക്രൂശിന്റെ മാർഗ്ഗം ഇതാണല്ലോ.

വിശാലമായ അർത്ഥത്തിൽ പറഞ്ഞാൽ യേശുവിന്റെ ഭൂമിയിലെ ജീവിതവും ക്രൂശുമരണവും ദൈവഹിതം1 ആയിരുന്നില്ല. മറിച്ച് 'ദൈവഹിതം2' ആയിരുന്നു. ഗെത്സെമനയിൽ നാം കേൾക്കുന്ന നിലവിളിയിൽ നിന്ന് ഇതു വ്യക്തമാണ്. 'പിതാവേ കഴിയും എങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീങ്ങിപ്പോകണമേ. എങ്കിലും ഞാൻ ഇച്ഛിക്കും പോലെ അല്ല നീ ഇച്ഛിക്കും പോലെയാകട്ടെ എന്ന പ്രാർത്ഥനയിൽ ദൈവഹിതം 1 ഉം ദൈവഹിതം 2 ഉം പരസ്പരവിരുദ്ധമായി നിൽക്കുന്നവയായിട്ടാണ് നാം കാണുന്നത്. പുത്രനെന്ന നിലയിൽ





പിതാവിന്റെ സംസർഗ്ഗം നിരന്തരം അനുഭവിക്കുന്നത് യേശുവിനെ സംബന്ധിച്ച പരിപൂർണ്ണ ദൈവഹിതം ആയിരിക്കുമ്പോൾ തന്നെ മറ്റുള്ളവരുടെ രക്ഷയ്ക്കായി ക്രൂശിൽ പിതാവിനാൽ കൈവിടപ്പെടുന്നത് അവിടുന്നു തിരഞ്ഞെടുത്തു.

യേശു കാണിച്ചു തന്ന ദൈവഹിതത്തിന്റെ തിരഞ്ഞെടുപ്പിലെ ക്രൂശിന്റെ വഴി നമ്മുടെ ജീവിതത്തിലും നമുക്കു കണ്ടെത്തുവാൻ കഴിയും. നമ്മെ സംബന്ധിച്ച ദൈവഹിതം നാം മനസ്സിലാക്കുമ്പോൾ അതിന്റെ നിർവഹണത്തിനായി നമ്മുടെ ഹൃദയം വാഞ്ഛിക്കുന്നു. അതിന്റെ മുമ്പിലുള്ള തടസ്സങ്ങളെ മുഴുവൻ തട്ടിമാറ്റി ആ ദൈവഹിതം സാധിച്ചെടുക്കുവാൻ നമ്മുടെ ഹൃദയം കുതികൊള്ളുന്നു. പക്ഷേ ഇവിടെ ദൈവഹിതം നമ്മുടെ തന്നെ ഹിതമായി മാറുകയാണ്. ദൈവേഷ്ടം നിറവേറ്റുന്നതു നമ്മുടെ തന്നെ ഇഷ്ടമായി മാറുന്നു. സ്വയത്തിന്റെ മേൽ എപ്പോഴും ക്രൂശിന്റെ ന്യായവിധി നടക്കേണ്ടതുണ്ടല്ലോ. അതുകൊണ്ട് ദൈവഹിത നിർവഹണത്തിനായി മുന്നോട്ടു കുതിക്കുമ്പോൾ പല സംഭവങ്ങൾ പലപ്പോഴും ചില ആളുകൾ, അതിനു തടസ്സമായി വരുന്നതു കാണാം. നമ്മുടെ ഹൃദയം 'ദൈവഹിതം1' കൊണ്ട്- പുത്രന്മാരുടെ സ്വാതന്ത്ര്യവും വിളിയും കൊണ്ട്- പിടിക്കപ്പെട്ടിട്ട് ഈ തടസ്സങ്ങളെ തട്ടിനീക്കുവാൻ വെമ്പൽ കൊള്ളുന്നു. പക്ഷേ അങ്ങനെ മുമ്പോട്ടുപോയാൽ നമ്മുടെ സ്വസ്ഥതയും അനുഗ്രഹവും നഷ്ടപ്പെടുമെന്നുള്ളതുകൊണ്ട് പിതാവ് തന്റെ പുത്രൻ കടന്നു പോയ പാതയെ നമുക്ക് കാട്ടിത്തരും.

തന്റെ ഭൗതിക ജോലി ഉപേക്ഷിച്ച് പൂർണ്ണസമയ ശുശ്രൂഷയ്ക്കായി ആഗ്രഹിച്ച ഒരു സഹോദരന്റെ അനുഭവം ഇത്തരുണത്തിൽ ഓർത്തുപോകുന്നു. തന്നെ സംബന്ധിച്ച് ദൈവഹിതം അതാണെന്നകാര്യത്തിൽ അദ്ദേഹത്തിനു പൂർണ്ണബോധ്യം ദൈവം നൽകി. ആ ദൈവഹിതത്തിനായി പൂർണ്ണമായി സമർപ്പിച്ചതിനുശേഷം ജോലി രാജിവയ്ക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. പക്ഷേ പല തടസ്സങ്ങൾ അതിനു വന്നുചേർന്നു. ഉദ്ദേശിച്ചതുപോലെ കാര്യങ്ങൾ നടക്കാതെ വന്നു. ഇക്കാര്യം നടപ്പാക്കാതെ പല വർഷങ്ങൾ തന്നെ കടന്നുപോയപ്പോൾ എന്താണു പ്രശ്നമെന്ന് അദ്ദേഹത്തിനു മനസ്സിലായി. പൂർണ്ണസമയ ശുശ്രൂഷ എന്നത് ഒരിക്കൽ ദൈവത്തിന്റെ ഹിതം മാത്രമായിരുന്നു. എന്നാൽ അതു ചെയ്യാനായി സ്വയം സമർപ്പിച്ചുകഴിഞ്ഞപ്പോൾ ആ ദൈവേഷ്ടത്തെ ഹൃദയംകൊണ്ട് താലോലിച്ച് സ്വന്ത ഇഷ്ടമാക്കി മാറ്റിയതാണ് പ്രശ്നങ്ങൾക്കു കാരണം എന്ന ബോദ്ധ്യം ദൈവം നൽകി. ഒടുവിൽ സ്വന്തഇഷ്ടമായി മാറിയ ദൈവേഷ്ടത്തെ അദ്ദേഹം ക്രൂശിന്റെ പ്രവൃത്തിക്കായി ഏൽപ്പിച്ചുകൊടുത്തപ്പോൾ തടസ്സങ്ങൾ മാറുകയും യഥാസമയം കാര്യങ്ങൾ നടക്കുകയും ചെയ്തു. 'ദൈവം അനുവദിക്കുന്ന പക്ഷം' മാത്രമേ ദൈവഹിതം പോലും നമുക്കു ചെയ്യുവാൻ കഴിയുകയുള്ളൂ എന്ന സത്യത്തിലേയ്ക്കാണ് ഈ സംഭവം വിരൽ ചൂണ്ടുന്നത്.

ഇതിന്റെ അർത്ഥം 'ദൈവഹിതം1' എപ്പോഴും ഉപേക്ഷിക്കണമെന്നാണോ? മറിച്ച് ദൈവഹിതത്തിന്റെ വഴിയിൽ ക്രൂശിന്റെ പാത വന്നു മുട്ടുന്നതു നാം കാണാതെ പോകരുത് എന്നാണു പറഞ്ഞതിന്റെ സാരം. നമ്മുടെ മനോഭാവം എപ്പോഴും ഇതായിരിക്കണം. 'ഇക്കാര്യം ചെയ്യുന്നതാണ് അവിടുത്തെ ഇഷ്ടം എന്നു ദൈവം എന്നെ കാണിച്ചു തന്നിരിക്കുന്നു. ഞാൻ അതിനായി എന്നെ സമർപ്പിക്കുന്നു. അതേസമയം ഈ വഴിയിൽ വിരുദ്ധമായി വരുന്ന അനുഭവങ്ങൾ കൈക്കൊള്ളു

വാനും, പരിമിതപ്പെടുവാനും സ്വയം പരിശോധിക്കുവാനും അത്യന്തികമായി ദൈവിക സമയത്തിനായി കാത്തിരിപ്പാനും ഞാൻ തയാറാണ്. 'ദൈവഹിതം2' നായി ഞാൻ എന്നെ വിനയപ്പെടുത്തുന്നു. ഒരു പക്ഷേ അതിനു പിന്നാലെ ദൈവഹിതം1 സാധിച്ചെടുക്കുന്ന ദൈവത്തിൽ ഞാൻ പൂർണ്ണമായി വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നു ഈ നിലപാടിൽ നമ്മുടെ സ്വയം പൂർണ്ണമായി വിധിക്കപ്പെട്ടു കഴിഞ്ഞു. ക്രൂശ് ഒരു പ്രവൃത്തി ചെയ്തു കഴിഞ്ഞു.

ദൈവേഷ്ടത്തിന്റെ പാതയിൽ ദൈവം എന്തിനാണ് ഇപ്രകാരം 'ഇടുങ്ങിയ കവാടം' വച്ചിരിക്കുന്നത്? ഒടുവിൽ ഞങ്ങൾ ചെയ്യേണ്ടതേ (We ought to have done)ചെയ്തിട്ടുള്ളൂ' എന്നു തന്റെ ദാസന്മാർ പറയേണ്ടതിനു വേണ്ടിയാണ്. (ലൂക്കോ 17:10) ദൈവേഷ്ടം ചെയ്തതു സംബന്ധിച്ചുപോലും ഒരു ജഡവും പ്രശംസിക്കാതിരിപ്പാൻ അവിടുന്ന് ആഗ്രഹിക്കുന്നു. ദൈവേഷ്ടത്തിന്റെ പാതയിലെ ഇടുങ്ങിയ വഴിയിലൂടെ പോകുമ്പോൾ അക്ഷരാർത്ഥത്തിൽ തന്നെ നമുക്കു വളരെ കുറച്ചേ ചെയ്യാൻ കഴിയുകയുള്ളുവെന്നു നാം കണ്ടെത്തും. അപ്പോൾ നമ്മോടു കൽപിച്ചത് ഒക്കെയും ചെയ്ത ശേഷവും ആത്മാർത്ഥമായി തന്നെ നാം പറയുന്നത് ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ എന്നായിരിക്കും.

ഈ സത്യങ്ങൾ കണ്ടുകഴിയുമ്പോൾ നാം എപ്പോഴും ദൈവമുമ്പാകെ താഴ്മയിൽ തന്നെ വസിക്കും. നമുക്ക് ഈ ഭൂമിയിൽ ഒരു ജീവിതം തന്നത് അവിടുന്നാണ്. ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ അവനിൽ തെരഞ്ഞെടുക്കുവാനും അവിടുത്തേയ്ക്കു പ്രസാദം തോന്നി. മാത്രമോ? നാം ചെയ്തു പോരേണ്ടതിന് സൽപ്രവൃത്തികളും ദൈവം നമുക്കൊരുക്കിയിരിക്കുന്നു (എഫേ 2:10) ദൈവഹിതം പ്രവർത്തിച്ചെടുക്കുന്നതു സംബന്ധിച്ച് നമുക്ക് ഇനി എന്തു പ്രശംസയാണുള്ളത്? ഈ വസ്തുതകൾ തന്റെ ദാസന്മാർക്കു തികഞ്ഞ സ്വസ്ഥതയും നൽകുന്നു. ദൈവത്തിന്റെ വഴി തികവുള്ളത് (സങ്കീർ 18:30)

'ദൈവേഷ്ടം ചെയ്ത് അതു പൂർണ്ണമായി നിറവേറ്റുവാൻ ആഴമായ ക്ഷമയും സഹിഷ്ണതയും നിങ്ങൾക്ക് ആവശ്യം.'

(വാച്ച്മാൻ നീയുടെ 'What shall this man do'എന്ന ഗ്രന്ഥത്തിലെ ആശയത്തോടു കടപ്പാട്.)

# ജീവമൊഴി ഏകദിനസമ്മേളനം

## മൈനാഗപ്പള്ളിയിൽ ഫെബ്രുവരി 26ന്

*സ്ഥലം:* **ആംഗ്ലോ ഇൻഡ്യൻ മോഡൽ സ്ക്കൂൾ,**
**കടപ്പ(കുറ്റിയിൽ ചന്ത), മൈനാഗപ്പള്ളി**

*സമയം:* **ഫെബ്രുവരി 26 വെള്ളി രാവിലെ 10 മുതൽ**
**വൈകിട്ട്4 മണി വരെ**

**ജീവമൊഴി വായനക്കാരും വരിക്കാരും സത്യാന്വേഷികളുമായ ഏവർക്കും സ്വാഗതം**

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:**

**ഫോൺ: 9961575130; 9388674390**





# ധ്യാനചിന്തകൾ

1. നമ്മോട് ഒന്നും കടപ്പെട്ടിട്ടില്ലെങ്കിലും നമ്മെത്തന്നെ ദൈവം സമ്പൂർണ്ണമായി നമുക്കു തന്നു. എല്ലാറ്റിനും ദൈവത്തോടു പൂർണ്ണമായി കടപ്പെട്ടിരിക്കുന്നെങ്കിലും നാം നമ്മുടെ ഒരു ഭാഗം മാത്രമേ ദൈവത്തിനു നൽകിയിട്ടുള്ളു.

2. നമുക്കുള്ളതെല്ലാം ദൈവത്തിൽ നിന്നു സൗജന്യമായി ലഭിച്ചതാണെന്ന വസ്തുതയോടു സത്യസന്ധരായിരിക്കുന്നതാണു താഴ്മ.

3. ഏറ്റവും ഉന്നതമായതു ലക്ഷ്യം വയ്ക്കാനാണു ക്രിസ്തു നമ്മോടു പറഞ്ഞിരിക്കുന്നത്-മോശെയെയോ ഏലിയാവിനെയോ പോലെ ആകുവാനല്ല, മറിച്ച് സ്വർഗീയപിതാവിനെപ്പോലെ ആകുവാനാണ് നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നത്(മത്തായി.5:48).

4. ദൈവത്തെക്കുറിച്ചുള്ള അറിവ് സ്നേഹം ഉത്പാദിപ്പിക്കുന്നു; നമ്മെക്കുറിച്ചുള്ള അറിവ് താഴ്മയും.

5. പ്രലോഭനം അഗ്നിപോലെയാണ്. നമുക്കു നൂറു വയസ്സായാലും അതിനു നമ്മെ ദഹിപ്പിക്കുവാൻ കഴിയും.

6. വിശുദ്ധി എന്നു പറയുന്നത് ഒരു ആഡംബരമല്ല. ഒരു അത്യാവശ്യമാണ്.

7. ദൈവത്തെപ്പോലെ ആകുന്നതിനുള്ള ആദ്യചുവട് അതിനു വേണ്ടി ഇച്ഛിക്കുന്നതാണ്.

9. നമ്മെത്തന്നെ പൂർണ്ണമായി ദൈവത്തിനു നൽകാത്തപ്പോൾ നാം എത്ര ദരിദ്രരാണ്!

10. നമ്മോട് അഭിപ്രായം തേടാതെതന്നെ അവിടുത്തെ ഇഷ്ടംപോലെ നമ്മെ ഉപയോഗിക്കുവാൻ യേശുവിനെ അനുവദിക്കുക.

11. ക്രിസ്തീയജീവിതത്തിന്റെ മുഖ്യസ്വഭാവങ്ങളിലൊന്ന് സംതൃപ്തി ആയിരിക്കണം.

12. പ്രലോഭനങ്ങൾക്കെതിരെയുള്ള ഏറ്റവും നല്ല സംരക്ഷണങ്ങളിലൊന്ന് സന്തോഷമാണ്.

13 അവിടുന്ന് എന്തെടുത്താലും അതു ദൈവത്തിനു സന്തോഷത്തോടെ നൽകുക. അവിടുന്ന് എന്തു തന്നാലും അത് സന്തോഷത്തോടെ ഏറ്റുവാങ്ങുക.

14. ഭർത്താക്കന്മാരെ നിങ്ങളുടെ ഭാര്യമാരോടു പുഞ്ചിരിക്കുക. ഭാര്യമാരെ നിങ്ങളുടെ ഭർത്താക്കന്മാരോടും പുഞ്ചിരിക്കുക.

15. യേശുവിന് ഒന്നാമതു വേണ്ടതു നമ്മെയാണ് ; നമ്മുടെ പ്രവർത്തനങ്ങളെയല്ല.

16. ക്രിസ്തുവിനോട് ഒന്നായിത്തീരുന്ന ജീവൻ തന്നെയാണ് പ്രാർത്ഥന.

17. ശിശുക്കളെപ്പോലെ ആകുക എന്നു വച്ചാൽ ചെറിയവരും നിസ്സഹായരുമായിത്തീരുക എന്നാണർത്ഥം(മത്താ.18:3,4).

-മദർ തെരേസ

# വിജനഭൂമിയുടെ വിശപ്പ്

ഏ.ഡബ്ല്യൂ.ടോസർ

**ദൈ**വം മനുഷ്യനെ ഒരു പൂന്തോട്ടത്തിൽ താമസിക്കാനായി സൃഷ്ടിച്ചു. എന്നാൽ പാപം മൂലം അവൻ ഒരു വയലിൽ താമസിക്കാൻ നിർബന്ധിതനായി. ഈ വയൽ അവൻ വിയർപ്പിനാലും കണ്ണുനീരിനാലും പോരാടി തന്റെ ശത്രുക്കളിൽനിന്നു സംരക്ഷിക്കണം. ഇതിനെ സൂക്ഷിക്കുവാൻ തുടർമാനമായ ജാഗ്രതയും കഠിനപ്രയത്നവും ആവശ്യമാണ്. ഈ വയലിൽനിന്നു കുറച്ചുവർഷത്തേക്കു തന്റെ ശ്രദ്ധ അകന്നുപോയാൽ അതൊരു കാടായി മാറിപ്പോകും. കാടു തന്റെ സകലപ്രയത്നവും വിഴുങ്ങിക്കളയുമെന്നതിനാൽ തന്റെ സകലയത്നവും വ്യർത്ഥമായിപ്പോകും." ഡോ.ഹർനോൾഡ് സി മേയ്സന്റെ വാക്കുകളാണിവ.

എല്ലാ കൃഷിക്കാരനും വിജനഭൂമിയുടെ വിശപ്പിനെക്കുറിച്ചറിവുണ്ട്. പുതിയ കാർഷികോപകരണങ്ങൾക്കോ നൂതനകാർഷികപദ്ധതികൾക്കോ ഈ നാശത്തിൽ നിന്നു വയലിനെ രക്ഷിക്കുവാൻ കഴിവില്ല. എത്ര നല്ല മണ്ണായാലും എത്രനല്ല വേലിയായിരുന്നാലും എത്ര ഭംഗിയായി അതിലുള്ള വീടു പെയിന്റടിച്ചാലും വയലിന്റെ ഉടമസ്ഥൻ ഈ വയലിനെ അവഗണിച്ചാൽ കാടു വന്ന് ഈ ഭൂമിയെ വിഴുങ്ങിക്കളയും. ഇതൊരു വിജനപ്രദേശമായി മാറും. പ്രകൃതിയുടെ ചായ്‌വ് ഫലഭൂയിഷ്ഠമായ വയലിലേക്കല്ല, പിന്നെയോ വിജനപ്രദേശത്തേക്കാണ്. ഇതു സകല കർഷകർക്കും അറിയാവുന്ന വസ്തുതയാണ്.

കർഷകനു താത്പര്യമുള്ള ഒരു വീക്ഷണം എന്നതിലുപരിയായി മുകളിൽപ്പറഞ്ഞ വസ്തുത ജാഗ്രതയുള്ള എല്ലാ ക്രിസ്ത്യാനിയും ശ്രദ്ധിക്കേണ്ട ഒന്നാണ്.വീഴ്ച പറ്റിയ ലോകത്തിന്റെ ആത്മീയവും ഭൗതികവുമായ സകല കാര്യങ്ങളെയും നിയന്ത്രിക്കുന്ന ഒരു നിയമമായോ ഒരു ഉപമയായോ ഇതിനെ പരിഗണിക്കാം. കുറച്ചുനാൾ കൃഷിചെയ്തശേഷം വയൽ വെറുതെയിട്ടാൽ അതു കാടുപിടിച്ച് ഒരു ശൂന്യപ്രദേശമായി മാറും. ഈ പ്രക്രിയ ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു നിയമമാണ്. ഒരു വയലിനെ സംബന്ധിച്ചിടത്തോളം സത്യമായ ഈ വസ്തുത ഒരു മനുഷ്യാത്മാവിനും ബാധകമാണ്.

വീഴ്ചപറ്റിയ ലോകത്തിന്റെ ചായ്‌വ് ദൈവഭക്തിയിലേക്കല്ല, അതിനു വിപരീതദിശയിലേക്കാണ്. അലങ്കാരഭംഗിയോടെ ഒരു കവി ചോദിക്കുന്നു: "ഈ ദുഷ്ടലോകത്തിന് എന്നെ ദൈവത്തിലേക്കു നടത്തുവാൻ കഴിവുണ്ടോ?" ഇതിന്റെ ദുഃഖകരമായ ഉത്തരം ഇല്ല എന്നാണ്. തന്റെ മാനസാന്തരത്തിനു ശേഷം എല്ലാ ക്രിസ്ത്യാനിയും ഈ പാഠം വളരെ വേഗം പഠിച്ചാൽ ഉത്തമമാണ്. ഹൃദയശുദ്ധിയും ദൈവശക്തിയും നിറഞ്ഞ വിജയജീവിതത്തിലേക്ക് ഒരു പ്രാർത്ഥനാഅൾത്താരയിലൂടെ എത്തിച്ചേരാം എന്ന ധാരണ നമ്മുടെ മനസ്സിൽ കയറിക്കൂടാം. ശതാബ്ദങ്ങളായുള്ള ക്രിസ്ത്യാനികളുടെ സാക്ഷ്യം ഈ ധാരണ എത്ര തെറ്റാണെന്നു തെളിയിക്കുന്നു.

എത്ര വിപ്ലവാത്മകമായ ആത്മീയാനുഭവത്തിനും പരീക്ഷകളിൽ നിന്നു നമ്മെ മാറ്റിനിർത്തുവാൻ കഴിയുകയില്ല എന്നതാണ് സത്യം. കാടു വെട്ടിത്തെളിച്ച വയലിലേക്കു വീണ്ടും അതിക്രമിച്ചുകടക്കാനുള്ള പ്രകൃതിയുടെ ശ്രമ





**എല്ലാ കൃഷിക്കാരനും വിജനഭൂമിയുടെ വിശപ്പിനെക്കുറിച്ചറിവുണ്ട്. ഏതു പുതിയ കാർഷികോപകരണങ്ങൾക്കോ ഏതു നൂതനകാർഷികപദ്ധതികൾക്കോ ഈ നാശത്തിൽ നിന്നു വയലിനെ രക്ഷിക്കുവാൻ പര്യാപ്തമല്ല. എത്ര നല്ല മണ്ണായാലും എത്രനല്ല വേലിയായിരുന്നാലും എത്ര ഭംഗിയായി അതിലുള്ള വീടു പെയിന്റടിച്ചാലും വയലിന്റെ ഉടമസ്ഥൻ ഈ വയലിനെ അവഗണിച്ചാൽ കാടു വന്ന് ഈ ഭൂമിയെ വിഴുങ്ങിക്കളയും.**

മല്ലേ പരീക്ഷ? ശുദ്ധീകരിക്കപ്പെട്ട ഹൃദയം സാത്താനും നാശലോകത്തിനും നിന്ദ്യമാണ്. തങ്ങൾക്കു നഷ്ടമായ ഹൃദയത്തെ വീണ്ടും തിന്മയ്ക്കു കീഴ്പ്പെടുത്തുവാൻ എല്ലാ ശ്രമവും സാത്താൻ നടത്തും. പരിശുദ്ധാത്മശക്തിയാൽ വീണ്ടെടുത്ത ചെറിയ സ്ഥലങ്ങൾ പോലും പിന്നെയും വിഴുങ്ങിക്കളയുവാൻ കാട് പരിശ്രമിക്കും! തുടർമാനമായ പ്രാർത്ഥനയ്ക്കും ജാഗ്രതയ്ക്കും മാത്രമേ ദൈവകൃപയാൽ നേടിയ ധാർമ്മികവിജയങ്ങളെ നിലനിർത്തുവാൻ സാധിക്കയുള്ളു.

അവഗണിക്കപ്പെട്ട ഹൃദയം വേഗത്തിൽത്തന്നെ ലോകചിന്തകളാൽ നിറഞ്ഞ ഒന്നായിത്തീരും. ധാർമ്മികജീവിതത്തെപ്പറ്റി നാം ഉദാസീനരായിരുന്നാൽ അതു നമ്മെ അധർമ്മത്തിലേക്കേ നയിക്കൂ. മദ്ധ്യസ്ഥപ്രാർത്ഥനയാലും നല്ല പരിശ്രമത്താലും പരിരക്ഷിക്കപ്പെടാത്ത ദൈവസഭ സകല ജീർണ്ണതയുടെയും ഉറവിടമായി മാറും. തന്റെ ശക്തിയിൽ ആശ്രയിക്കുന്നതിന്റെ ഫലമായി ജാഗ്രത പുലർത്താതിരിക്കുന്ന, പ്രാർത്ഥിക്കുവാൻ മറക്കുന്ന സകല സഭകളും ദുഷ്ടജന്തുക്കളുടെ വിഹാരഭൂമിയായി മാറും.

വിജനപ്രദേശത്തിന്റെ ഈ നിയമം ലോകത്തിലെല്ലാം നാം കാണുന്നുണ്ട്. ഒരു രാജ്യത്തിൽനിന്നു മറ്റൊരു രാജ്യത്തിലേക്കു നീങ്ങുന്ന സുവിശേഷപ്രഘോഷണം മാത്രമല്ല ആവശ്യം. പിന്നെയോ ഇവിടെയുള്ള വ്യക്തികൾക്ക് ആവശ്യമായ ദൈവവചനപ്രബോധനവും സഭാരൂപീകരണവും നടത്തിയേ മതിയാവൂ. ഒരിടത്ത് ആരംഭിച്ചു പ്രവർത്തനം പൂർത്തിയാക്കാതെ മറ്റൊരു രംഗത്തേക്കു നീങ്ങുന്ന തെറ്റായ നയമാണ് പല സഭകളും പിന്തുടരുന്നത്.

മാനസാന്തരപ്പെട്ട ചില വ്യക്തികളെ അവരായിരിക്കുന്ന അവസ്ഥയിൽ വിട്ടേച്ചുപോകുന്നത് ഇപ്പോൾ ജനിച്ച ചില ആട്ടിൻകുഞ്ഞുങ്ങളെ കാടിനു നടുക്ക് ഉപേക്ഷിച്ചുപോകുന്ന രീതിയിലുള്ള ബുദ്ധിഹീനതയാണ്. കാടു വെട്ടിത്തെളിച്ചു കൃഷിപ്പണി തുടങ്ങിയശേഷം അതു വിട്ടു വേറെ പണിക്കു പോയാൽ പ്രകൃതി ആ നിലത്തെ കാട്ടുചെടികൾ കൊണ്ടു കൈയേറി നശിപ്പിച്ചുകളയും. ഇത്തരം പ്രവൃത്തികൊണ്ടു യാതൊരു ഫലവും ഉണ്ടാകുകയില്ല.

വിജനപ്രദേശത്തിന്റെ വിശപ്പിനെ കണക്കിലെടുക്കാത്ത സകല ആത്മീയപദ്ധതികളും പരാജയമടയും. ആട്ടിൻകുട്ടികൾക്ക് ആട്ടിടയനെ ആവശ്യമാണ്. അല്ലെങ്കിൽ അവ കൊല്ലപ്പെടും. വയൽ കൃഷിപ്പണിക്കായി ഉപയോഗിച്ചില്ലെങ്കിൽ തരിശുനിലമായി മാറും. ആത്മീയനേട്ടങ്ങൾ ജാഗ്രതയോടും പ്രാർത്ഥനയോടും കാത്തു സംരക്ഷിച്ചില്ലെങ്കിൽ അവ ശത്രുവിന്റെ കൈയിലകപ്പെട്ട് വ്യർത്ഥമായിത്തീരും.

മൊഴിമാറ്റം: **സാം വർഗീസ്, മുംബൈ**

○

# മാർട്ടിൻ ലൂഥർ: കഷ്ടതയിൽ ആശ്വാസം

**ദൈ**വമുമ്പാകെയുള്ള ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിനു സഭാരാധന, സാമൂഹികനീതി, കാരുണ്യപ്രവർത്തനങ്ങൾ ഇങ്ങനെ പരസ്യവും വ്യക്തിപരവുമായ വിവിധമുഖങ്ങൾ ഉണ്ടല്ലോ. എന്നാൽ തന്റെ കുടുംബത്തിനും സ്നേഹിതർക്കും ഒരു ക്രിസ്ത്യാനി നൽകുന്ന ഉത്സാഹവും ആലോചനയും പോലെ അവന്റെ ആത്മീയവീക്ഷണം വെളിപ്പെടുത്തുന്ന മറ്റൊന്നുമില്ല. ഈ മേഖലയിൽ മാർട്ടിൻ ലൂഥർ അദ്വിതീയനായിരുന്നു.



'മാർട്ടിൻ ലൂഥർ' എന്ന പേരു കേൾക്കുന്ന മാത്രയിൽ പോപ്പിനെ ധിക്കരിച്ച ഭീമാകാരനായ ഒരു കത്തോലിക്കസന്യാസിയെപ്പറ്റിയോ. പിശാചിനെതിരെ മഷിക്കുപ്പിയെറിഞ്ഞ ഒരു ക്രിസ്തീയപടയാളിയെപ്പറ്റിയോ ഒക്കെയാണ് നാം ചിന്തിച്ചുപോകുക. പ്രൊട്ടസ്റ്റന്റ് നവീകരണകർത്താവായും, ബൈബിൾപരിഭാഷകനായുമൊക്കെയാണ് നാം സാധാരണ ലൂഥറിനെ ഓർക്കാറുള്ളത്. ലൂഥർ ഇതൊക്കെയായിരുന്നെങ്കിലും അദ്ദേഹത്തെ അടുത്തറിഞ്ഞിട്ടുള്ളവർക്ക് അദ്ദേഹം ഒരു ഇടയനും ആത്മീയവഴികാട്ടിയുമായിരുന്നു. വിറ്റൻബർഗിലെ ദേവാലയകവാടത്തിൽ തന്റെ 95 നിലപാടുകൾ എഴുതിയ പ്രബന്ധം പതിച്ചതാണല്ലോ പ്രൊട്ടസ്റ്റന്റ് നവീകരണത്തിനു നാന്ദിയായത്! പോപ്പിന്റെ പാപമോചനച്ചീട്ടുകൾ രക്ഷ ഉറപ്പാക്കുമെന്ന അന്ധവിശ്വാസത്തിലകപ്പെട്ട സ്വന്തജനത്തോടുള്ള അദ്ദേഹത്തിന്റെ വലിയ കരുതലിന്റെ പ്രതീകമായിട്ടാണ് ധീരമായ ആ നടപടിയെയും നാം കാണുവാൻ.

പതിനാറാം നൂറ്റാണ്ടിൽ റോമാസഭ ജനങ്ങൾക്കു സുദൃഢമായ മതവ്യവസ്ഥയാണ് നൽകിയിരുന്നത്. യേശുക്രിസ്തുതന്നെയാണ് പൗരോഹിത്യം സ്ഥാപിച്ചതെന്നും, സഭയുടെ പുരോഹിതന്മാർ മുഖാന്തിരം നല്കപ്പെടുന്ന ഏഴു കൂദാശകൾ വഴി ദൈവകൃപ രക്ഷയ്ക്കായി എല്ലാവർക്കും നല്കപ്പെടുന്നു എന്നും സകലരും ഉറപ്പായി വിശ്വസിച്ചിരുന്നു. കർത്താവായ യേശുക്രിസ്തുവിലുള്ള വ്യക്തിപരമായ വിശ്വാസത്താലാണ് പാപക്ഷമ ലഭിക്കുന്നതെന്നു തിരുവെഴുത്തുകൾ പഠിച്ച ലൂഥറിനു മനസ്സിലായി. ഏതെങ്കിലും ഒരു സഭാവ്യവസ്ഥിതിയിൽ രക്ഷ ലഭ്യമല്ല എന്നു തറപ്പിച്ചു പറയുവാൻ അദ്ദേഹം മടിച്ചില്ല. പാപമോചനച്ചീട്ടിന്റെ വിൽപ്പന 'വില കുറഞ്ഞ കൃപ'യാണെന്ന് ലൂഥർ പറഞ്ഞു. രക്ഷയ്ക്ക് സഹായിക്കുന്നതിനു പകരം അത് യഥാർത്ഥരക്ഷയ്ക്ക് തടസ്സമാണെന്ന് അദ്ദേഹം കണ്ടെത്തി.

അടുത്ത മുപ്പതു വർഷം റോമാസഭയിൽ നിന്നുണ്ടായ എല്ലാ ആക്രമണങ്ങളെയും അതിജീവിച്ച് വടക്കൻജർമ





നിയിൽ ഒരു നവീകരിച്ച സഭയ്ക്ക് രൂപം നൽകാൻ മാർട്ടിൻ ലൂഥറിനു കഴിഞ്ഞു. ഈ ആത്മീയമുന്നേറ്റത്തിൽ ലൂഥർതന്നെയായിരുന്നു ആത്മീയഇടയനും ആലോചനക്കാരനും. നവീകരണകർത്താവിന്റെ ഈ മുഖം ഏറ്റവും പ്രകടമായിക്കാണുന്നത് അദ്ദേഹത്തിന്റെ കത്തുകളിലൂടെയാണ്. ലൂഥറിന്റെ രണ്ടു കത്തുകൾ ചുവടേ ചേർക്കുന്നു. ഒന്നാമത്തേത് അകാലത്ത് മരണമടഞ്ഞ ഒരു ചെറുപ്പക്കാരന്റെ ദുഃഖാർത്തനായ പിതാവിനയച്ചതാണ്. രണ്ടാമത്തേത് 1534ൽ മത്ഥിയാസ് വെല്ലർ എന്ന വ്യക്തിയുടെ മാനസികപിരിമുറുക്കം ഗ്രഹിച്ചപ്പോൾ എഴുതിയതും. രണ്ടു കത്തുകളിലും ലൂഥർ തന്റെ ആർദ്രവും ലളിതവുമായ രീതിയിൽ ദൈവവചനം ഉപയോഗിക്കുന്നതു നമുക്കു ശ്രദ്ധിക്കാൻ സാധിക്കും.

## മരണമല്ല, മറിച്ച് നിദ്ര

(1532ൽ മകൻ ജോൺ അകാലത്തിൽ നിര്യാതനായ ശേഷം പിതാവായ തോമസ് സിങ്കിന് എഴുതിയതാണിത്. വിറ്റൻബർഗിൽ രണ്ടു വർഷം മുമ്പ് മാർട്ടിൻ ലൂഥറിന്റെ മേൽനോട്ടത്തിൽ പഠിക്കാൻ വന്നതായിരുന്നു ജോൺ.)

**ന**മ്മുടെ കർത്താവായ ക്രിസ്തുവിൽ കൃപയും സമാധാനവും.

എന്റെ പ്രിയസ്നേഹിതാ,

താങ്കൾ ഇവിടെ പഠിക്കാൻ അയച്ച പ്രിയമകൻ ജോൺ സിങ്ക് കഠിനമായ രോഗം ബാധിച്ച് കിടപ്പിലായ കാര്യം ഇതിനകം അറിഞ്ഞിരിക്കുമല്ലോ. ശുശ്രൂഷയിലോ മരുന്നുകളുടെ കാര്യത്തിലോ യാതൊരു കുറവും ഇല്ലാതിരുന്നിട്ടും രോഗം മൂർച്ഛിച്ച് ജോണിനെ സ്വർഗ്ഗത്തിലേക്ക്, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ അടുത്തേക്കു കൂട്ടിക്കൊണ്ടു പോകുകയാണുണ്ടായത്. ഞങ്ങൾക്കെല്ലാം പ്രിയങ്കരനായിരുന്നു, ജോൺ. പല സായാഹ്നങ്ങളിലും അവൻ എന്റെ വീട്ടിൽ വരികയും ഗാനങ്ങൾ ആലപിക്കുകയും ചെയ്തിട്ടുണ്ട്. ശാന്തനും സൽസ്വഭാവിയും പഠനത്തിൽ ഉൽസുകനുമായിരുന്നു ജോൺ. അവന്റെ മരണം ഞങ്ങളെ എല്ലാവരെയും ആഴമായ ദുഃഖത്തിലാഴ്ത്തി. ഏതെങ്കിലും വഴിയുണ്ടായിരുന്നെങ്കിൽ ഞങ്ങൾ എന്തുവില കൊടുത്തും അവനെ ജീവനോടെ സൂക്ഷിക്കുമായിരുന്നു. എന്നാൽ ദൈവം അവനെ അതിലധികം സ്നേഹിച്ചതിനാൽ അവനെ തന്റെ അടുത്തായിരിക്കാൻ വിളിച്ചു.

പ്രിയപ്പെട്ട മകന്റെ മരണവൃത്താന്തം താങ്കളെയും ഭാര്യയെ.യും അത്യന്തം ദുഃഖിതരാക്കുന്നുണ്ട് എന്നത് തികച്ചും സ്വാഭാവികം തന്നെ. അതിൽ ഞാൻ നിങ്ങളെ അശേഷം കുറ്റപ്പെടുത്തുന്നില്ല. ഞാൻതന്നെ വളരെയധികം ദുഃഖിതനാണു താനും. അതേസമയം ഇത്ര സൗമ്യനായ, നന്മ നിറഞ്ഞ, ഒരു മകനെ നിങ്ങൾക്കു നൽകിയതിൽ നിങ്ങൾ ദൈവത്തോടു നന്ദിയുള്ളവരായിരിക്കേണ്ടതാണ്. അത്തരം ഒരു മകനുവേണ്ടി ഇത്രത്തോളം പണവും അധ്വാനവും ചെലവാക്കാൻ നിങ്ങളെ യോഗ്യരായി അവിടുന്ന് എണ്ണിയല്ലോ. അന്ത്യനിമിഷങ്ങളിലും ഞങ്ങളെ അത്ഭുതപ്പെടുത്തുമാറ് തന്റെ ക്രിസ്തീയവിശ്വാസം ഏറ്റുപറഞ്ഞുകൊണ്ടാണ് അവൻ നിദ്രപൂണ്ടത്.( കടന്നുപോയത് എന്നു ഞാൻ പറയുകയില്ല). ക്രിസ്തീയവിശ്വാസം എത്രയും സത്യമായിരിക്കുന്നതുപോലെ ജോൺ ഇപ്പോൾ അവന്റെ യഥാർത്ഥപിതാവായ ദൈവത്തോടൊപ്പമായിരിക്കുന്നു എന്നത് എത്രയും സത്യമാണ്. അവിടെ അവൻ നിത്യമായ

ആനന്ദം അനുഭവിക്കുന്നു. അത്തരം ഭാഗ്യകരമായ ഒരു ക്രിസ്തീയഅവസാനം സ്വർഗ്ഗത്തിലേക്ക് അവനെ നയിക്കാതിരിക്കുന്നതെങ്ങനെ?

അതുകൊണ്ട് ദൈവികമായ ആശ്വാസം പ്രാപിക്കത്തക്കവണ്ണം മാത്രം ദുഃഖിക്കുക. നിങ്ങൾക്ക് അവനെ നഷ്ടപ്പെട്ടിട്ടില്ല. നിത്യസൗഭാഗ്യത്തിലേക്ക് നിങ്ങളെക്കാൾ അല്പം മുമ്പേ അവനെ പറഞ്ഞയക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. പ്രത്യാശയില്ലാത്ത ജാതികളെപ്പോലെ നിദ്രകൊണ്ടവരെപ്പറ്റി നാം ദുഃഖിക്കരുതെന്ന് പൗലൊസ്അപ്പൊസ്തലൻ തന്നെ പറഞ്ഞിരിക്കുന്നുവല്ലോ. താങ്കളുടെ മകൻ ജോണിന്റെ ആത്മീയസ്നേഹിതനായിരുന്ന വേദിത്രേ എന്ന ചെറുപ്പക്കാരനോട് ജോൺ അവസാനനിമിഷങ്ങളിൽ ഉച്ചരിച്ച മനോഹരമായ വാക്കുകൾ എഴുതിഅറിയിക്കാൻ ഞാൻ പറഞ്ഞിട്ടുണ്ട്. ആ വാക്കുകൾ നിങ്ങൾക്ക് ആശ്വാസം നൽകും, തീർച്ചയായും.

നമ്മുടെ കർത്താവും ആശ്വാസകനുമായ യേശുക്രിസ്തു അവിടുത്തെ കൃപയിൽ നിങ്ങളെ ഭരമേൽപിക്കുവാൻ എന്നോടു പറയുന്നു. ആമേൻ.

(മാർട്ടിൻ ലൂഥർ എന്ന ഞാൻ അത്യധികം ക്ഷീണിതനെങ്കിലും സ്വന്തകൈയാൽ എഴുതിയിരിക്കുന്നു.)

# ഭാരം അവൻ വഹിക്കട്ടെ

**ക്രി**സ്തുയേശുവിൽ കൃപയും സമാധാനവും.

ബഹുമാന്യനും സ്നേഹവാനുമായ നല്ല സ്നേഹിതാ, നീ അത്യധികം വിഷാദരോഗത്തിലായിരിക്കുന്നു എന്നു നിന്റെ സഹോദരൻ എന്നെ അറിയിച്ചിരിക്കുന്നു. ഞാൻ അവനോടു പറഞ്ഞ വാക്കുകൾ അവൻ നിന്നെ അറിയിക്കും.

പ്രിയപ്പെട്ട മത്ഥിയാസ്, നിന്റെ സ്വന്ത ചിന്തകളിൽ മുഴുകിക്കഴിയാതെ നിന്നെ സ്നേഹിക്കുന്ന മറ്റുള്ളവർക്കു പറയാനുള്ളത് ശ്രദ്ധിക്കുക. സഹോദരങ്ങളെ ആശ്വസിപ്പിക്കുവാൻ ദൈവം മനുഷ്യരോട് കല്പിച്ചിരിക്കുന്നു. അത്തരം ദൈവികസമാധാനം കഷ്ടപ്പെടുന്നവർ ദൈവത്തിൽനിന്നെന്നവണ്ണം സ്വീകരിക്കണമെന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. വിശുദ്ധ പൗലൊസിലൂടെ നമ്മുടെ കർത്താവുതന്നെ പറയുന്നു: “ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തുവിൻ’’. യെശയ്യാവിലൂടെ കർത്താവു പറയുന്നു: ‘‘എന്റെ ജനത്തെ ആശ്വസിപ്പിൻ, ആശ്വസിപ്പിൻ; അവരോട് ആശ്വാസവാക്കുകൾ സംസാരിപ്പിൻ....”

ആകയാൽ കർത്താവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോടു പറയുന്നത് ശ്രദ്ധിക്കുക: ‘നിന്റെ കൃപാലുവായ കർത്താവും വീണ്ടെടുപ്പുകാരനുമായ ക്രിസ്തുയേശുവിൽ സന്തോഷിച്ചുകൊള്ളുക. അവൻ നിനക്കായി കരുതുന്നവനാകയാൽ നിന്റെ ഭാരങ്ങൾ അവൻ തന്നെ വഹിക്കട്ടെ. നിന്റെ ആഗ്രഹപ്രകാരം എല്ലാം ഇപ്പോൾ ലഭിച്ചിട്ടില്ലെങ്കിലും, അവിടുന്നു ഇന്നും ജീവിക്കുന്നതിനാൽ ഏറ്റവും ഉത്തമമായതിനായി അവനെത്തന്നെ കാത്തിരിക്കുക.....

ദുഃഖിതനായി, വിഷാദരോഗം നിന്നെ കീഴ്പ്പെടുത്താൻ തുടങ്ങുമ്പോൾത്തന്നെ ഇവ്വണ്ണം പറയുക: “എൻ മനമേ ഉണരുക! എന്റെ കർത്താവിനു ഞാൻ എന്റെ തംബുരുവിൽ ഒരു ഗീതം ആലപിക്കട്ടെ... തിരുവചനം നമ്മെ പഠിപ്പിക്കുന്നുണ്ടല്ലോ, സംഗീതവും പത്തു കമ്പിയുള്ള വാദിത്രവും സന്തോഷഗീതങ്ങളും കർത്താവിന് ഏറ്റവും പ്രസാദകരമാണെന്ന്.’’





തുടർന്നു തംബുരുവിന്റെ കമ്പികൾ മീട്ടി പാട്ടോടെ ദാവീദിനെപ്പോലെ കർത്താവിനെ സ്തുതിക്കുവാൻ തുടങ്ങുക...നിന്റെ വിഷാദചിന്തകൾ അപ്രത്യക്ഷമാകുംവരെ. തുടക്കത്തിൽത്തന്നെ പിശാചിന്റെ മുഖത്തടിക്കുകയാണ് നിനക്കു ചെയ്യാവുന്ന ഏറ്റവും ഉത്തമമായ കാര്യം. ഭാര്യതന്നെ അലോസരപ്പെടുത്താനും കുറ്റപ്പെടുത്താനും തുടങ്ങിയപ്പോൾ തന്റെ ഓടക്കുഴൽ എടുത്ത് അവൾ ക്ഷീണിക്കുംവരെ മധുരമായ സംഗീതം ആലപിച്ച ഒരു പുരുഷനെപ്പറ്റി കേട്ടിട്ടുണ്ട്. നീയും പിശാചിന്റെ കുറ്റപ്പെടുത്തലുകൾക്കു മുമ്പിൽ ഇങ്ങനെ പ്രതികരിക്കുക. നിന്റെ സംഗീതഉപകരണങ്ങളുമായി, നല്ല ചങ്ങാതിമാരോടൊത്ത് പിശാചിനെ മുഷിപ്പിക്കും വരെ പാടുക.

നല്ല മനുഷ്യർ നിന്നെ ആശ്വസിപ്പിക്കുമ്പോൾ, പ്രിയപ്പെട്ട മത്ഥിയാസ്, ദൈവം അവരിലൂടെ സംസാരിക്കയാണെന്നു വിശ്വസിക്കുക. ദൈവികകല്പനയാൽ ദൈവത്തിന്റെ മനുഷ്യർ നിന്റെ ആശ്വാസത്തിനായി പറയുന്ന ദൈവികവചനങ്ങളെ ശ്രദ്ധിക്കുക, ഒട്ടും സംശയിക്കാതിരിക്കുക.

ഈ കാര്യങ്ങൾ നിന്നോടു പറയുവാൻ കർത്താവ് എന്നോടു പറഞ്ഞത് ഞാൻ അനുസരിക്കുക മാത്രമാണ് ചെയ്തത്. അതേ, കർത്താവ് നിന്റെ ഹൃദയത്തോട് ആശ്വാസവാക്കുകൾ സംസാരിച്ച്, അവ വിശ്വസിപ്പാൻ നിന്നെ സഹായിക്കട്ടെ! ആമേൻ!

ഡോക്ടർ മാർട്ടിൻ ലൂഥർ(1534)

(കടപ്പാട്: All the saints adore Thee- Bruce Shelly)

സമ്പാദകൻ:- **മാത്യു ജോർജ്**

## എഡിറ്റോറിയൽ തുടർച്ച........

അനുസരിച്ചുള്ള സത്യത്തെ അനുഭവതലത്തിലെത്തിക്കാനായി ‘ദിനംതോറും ഭൂമിയിലുള്ള അവയവങ്ങളെ മരിപ്പിക്കുക’ എന്ന പ്രവൃത്തി നമ്മുടെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ടല്ലോ. അപ്പോൾ ആ പ്രയത്നത്തിന്റെ ഉത്തരവാദിത്തവും പുകഴ്ചയും നമുക്കുതന്നെയല്ലേ? അതു നമ്മുടെതന്നെ ഒരു പ്രവൃത്തിയല്ലേ?” ഇതാണ് ആ ചോദ്യം.

ഇതിന് എന്താണു മറുപടി? ഫിലിപ്പ്യർ 2:12-13ൽ നാം ഇതിന്റെ ഉത്തരമാണ് കാണുന്നത്: “ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ. ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നത്.” ഇവിടെ ‘രക്ഷയ്ക്കായി ഭയത്തോടും വിറയലോടും കൂടെ പ്രവർത്തിക്കണം’ എന്നുതന്നെ നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നു. എന്നാൽ അതിനോടു ചേർന്നു പറഞ്ഞിരിക്കുന്നത് “അങ്ങനെ പ്രവർത്തിക്കാനുള്ള ശക്തിയും ആഗ്രഹവും നമുക്കു തരുന്നത് ദൈവത്തിന്റെ ഒരു പ്രവൃത്തി”യാണ് എന്നാണ്. അങ്ങനെയെങ്കിൽ ഇച്ഛിച്ചതിനോ പ്രവർത്തിച്ചതിനോ എന്തെങ്കിലും പുകഴ്ച നമുക്കവകാശപ്പെടാൻ കഴിയുമോ? അതു പൂർണ്ണമായും ദൈവത്തിന്റെ ഒരു പ്രവൃത്തിയാണെന്നു ബോധ്യപ്പെട്ടു സകല ബഹുമാനവും പുകഴ്ചയും നാം അവിടുത്തേക്കു മാത്രമല്ലേ നൽകുകയുള്ളു?

ഉപ്പ് വിജയകരമായ, വിശുദ്ധമായ ജീവിതവും ദൈവത്തിന്റെ ദാനമാണ്. നമുക്കു തന്നിൽ ചാരി വിശ്രമിക്കാം.

വചനം

# സഭയുടെ മധ്യത്തിലെ ദഹിപ്പിക്കുന്ന അഗ്നി

## സാക് പുന്നൻ

"**ദൈ**വം ദഹിപ്പിക്കുന്ന അഗ്നിയല്ലോ...." (എബ്രാ 12:29)

പല വീടുകളുടെയും ഭിത്തിയിൽ "ദൈവം സ്നേഹം തന്നെ" എന്ന വാക്യം തൂങ്ങിക്കിടക്കുന്നതു കണ്ടിട്ടുണ്ട്. എന്നാൽ "ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്" എന്ന വാക്യം എവിടെയെങ്കിലും തൂങ്ങിക്കിടക്കുന്നതു നിങ്ങൾ കണ്ടിട്ടുണ്ടോ? ഉണ്ടായിരിക്കാൻ സാധ്യതയില്ല. കാരണം, ദൈവത്തെ ദഹിപ്പിക്കുന്ന അഗ്നിയായി ചിന്തിപ്പാൻ നാം ആരും ഇഷ്ടപ്പെടുന്നില്ല. എന്നാൽ ഈ രണ്ടു വാക്യങ്ങളും പുതിയനിയമത്തിൽ ഉള്ളവയാണ്. നാം തിരുവെഴുത്തിനെ മൊത്തത്തിൽ അംഗീകരിച്ചില്ലെങ്കിൽ ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ധാരണ അസന്തുലിതം ആയിരിക്കും. അങ്ങനെ നമ്മുടെ ക്രിസ്തീയജീവിതവും അസന്തുലിതവും ജഡികവും ആയിപ്പോകും.

യെശയ്യാപ്രവചനത്തിൽ നാം ഇങ്ങനെ വായിക്കുന്നു.

'സീയോനിലെ പാപികൾ പേടിക്കുന്നു. വഷളന്മാരായവർക്കു നടുക്കം പിടിച്ചിരിക്കുന്നു. നമ്മിൽ ആർ ദഹിപ്പിക്കുന്ന തീയുടെ അടുക്കൽ പാർക്കും? നീതിയായി നടന്നു നേർ പറയുകയും പീഡനത്താൽ ഉള്ള ആദായം വെറുക്കുകയും കൈക്കൂലി വാങ്ങാതെ കൈ കുടഞ്ഞുകളയുകയും രക്തപാതകത്തെക്കുറിച്ചു കേൾക്കാതവണ്ണം ചെവി പൊത്തുകയും ദോഷത്തെ കണ്ടു രസിക്കാതവണ്ണം കണ്ണ് അടച്ചുകളയുകയും ചെയ്യുന്നവൻ". (യെശ 33:14,15)

ഇവിടെ നാം കാണുന്നത് പാപികളും കപടഭക്തരും സീയോനിൽ (സഭയിൽ) ഉണ്ടെന്നാണ്. തുടർന്നു ചോദിക്കുന്നു അഗ്നിയുടെ സമീപം പാർക്കാൻ ആർക്കു കഴിയും? കർത്താവ് യഥാർത്ഥമായി സഭയിൽ ഉണ്ടെങ്കിൽ അവിടെ എപ്പോഴും ദഹിപ്പിക്കുന്ന അഗ്നിയും നിരന്തരമായ ദഹനവും ഉണ്ടായിരിക്കും.

ചില പ്രത്യേക കാര്യങ്ങൾ- വിശ്വാസസ്നാനം, അന്യഭാഷാഭാഷണം, സ്തുതിയും ആരാധനയും, ആഴ്ചതോറുമുള്ള അപ്പം നുറുക്കൽ എന്നിങ്ങനെ ഉള്ളതുകൊണ്ട് തങ്ങൾ പുതിയ നിയമസഭയാണെന്ന് അവകാശപ്പെടുന്ന നിരവധി പ്രസ്ഥാനങ്ങളുണ്ട്. പക്ഷേ പുതിയ നിയമസഭയുടെ അടയാളം ഇതൊന്നുമല്ല. പഴയ നിയമയിസ്രായേലിന്റെ സമാഗമന കൂടാരം അതേപോലെ നിർമ്മിക്കാൻ കനാന്യർക്കും കഴിഞ്ഞെന്നിരിക്കും. പക്ഷേ അതിവിശുദ്ധസ്ഥലത്തുണ്ടായിരുന്ന കത്തുന്ന അഗ്നി (ഷെക്കെയ്ന) അവർക്കൊരിക്കലും ഉണ്ടാക്കുവാൻ കഴിയുകയില്ല! ഇതുപോലെ ഇന്ന് ഏതൊരു ജഡികസഭയ്ക്കും പുതിയ നിയമസഭയുടെ ബാഹ്യരീതികളും ഉപദേശങ്ങളും സൃഷ്ടിക്കാൻ കഴിയും. പക്ഷേ ജീവനുള്ള ദൈവത്തിന്റെ സഭയെ തിരിച്ചറിയാനുള്ള ഒരേയൊരു അടയാളം ദൈവത്തിന്റെ സാന്നിധ്യം ദഹിപ്പിക്കുന്ന അഗ്നിയായി അതിന്റെ മധ്യത്തിലുണ്ടായിരിക്കും എന്നുള്ള








**ഇക്കാലത്ത് മെഡിക്കൽ പരിശോധനാ ലാബുകളിൽ ഒരു സ്കാനിങ്ങിന് ആയിരക്കണക്കിനു രൂപാ ചെലവാകും. അപ്പോൾ ആരെങ്കിലും സൗജന്യമായി നമ്മുടെ ഹൃദയത്തിന്റെ ഒരു സ്കാനിങ്ങ് നടത്തിത്തന്നാൽ അത് നല്ലതല്ലേ?**

താണ്. പാപികളേയും കപടഭക്തരേയും ഭയപ്പെടുത്തുന്ന അഗ്നി അതിന്റെ മധ്യേ ഉണ്ടായിരിക്കണം.

കപടഭക്തരും ജഡികരുമായ ആളുകൾ ഞങ്ങളുടെ സഭവിട്ടുപോകുമ്പോൾ എനിക്ക് അത്ഭുതം തോന്നാറില്ല. തങ്ങൾ വീണ്ടുപോകുമ്പോൾ ഞങ്ങളുടെ നിലവാരം വളരെ ഉയർന്നതാണെന്നു പരാതിപ്പെട്ടുകൊണ്ട് അവർ സഭ വിട്ടുപോകുന്നത് ദൈവം ദഹിപ്പിക്കുന്ന അഗ്നിയായി ഞങ്ങളുടെ മധ്യേ ഉണ്ടെന്നുള്ളതിന്റെ വ്യക്തമായ തെളിവാണ്. കപടഭക്തർ ഒരു സഭ വിട്ടുപോകുന്നത് നല്ല അടയാളമാണ്. കാരണം 1900 വർഷങ്ങൾക്കു മുമ്പ് പലസ്തീനിൽ കർത്താവിന്റെ മുമ്പാകെ നിൽപാൻ അത്തരം ആളുകൾക്കു കഴിയുമായിരുന്നില്ല. ഇന്നു കർത്താവിന്റെ മുമ്പിൽ സഭയിലും അവർക്കു നിൽക്കാൻ കഴിയുന്നില്ല! സത്യത്തിൽ ദൈവം ഇപ്പോഴും ആ സഭയിൽ ശക്തിയോടെ പ്രവർത്തിക്കുന്നു എന്നതിന്റെ തെളിവാണത്.

എന്നാൽ ആത്മികരും ദൈവത്തെ ഭയപ്പെടുന്നവരുമായ ആളുകൾ സഭവിട്ടുപോയാൽ ആ സഭ അതിന്റെ കണക്കുകൾ പരിശോധിക്കേണ്ടതുണ്ട്. അത് ഒരു നല്ല വിദ്യാർത്ഥി ഒരു സ്കൂൾ വിട്ട് അതേ പ്രദേശത്തെതന്നെ മറ്റൊരു സ്കൂളിൽ പോകുന്നതുപോലെയാണ്. എന്തുകൊണ്ട് അവൻ പോയി എന്ന് ആദ്യസ്കൂളുകാർ സ്വയം ചോദിക്കേണ്ടതുണ്ടല്ലോ.

ദൈവത്തിന്റെ അഗ്നി നമ്മുടെ മധ്യത്തിൽ കത്തുന്നില്ലെങ്കിൽ സത്യസന്ധതയില്ലാത്ത, നിഗളികളായ കപടഭക്തരിൽ ചിലർ സഭയിൽ തുടരുവാൻ സാധ്യതയുണ്ട്. അവരാരൊക്കെയാണ്? എനിക്കറിഞ്ഞുകൂടാ. കാരണം, ഞാൻ ദൈവമല്ല. എന്നാൽ എനിക്കൊരു കാര്യം തീർച്ചയുണ്ട്. ദൈവം ദഹിപ്പിക്കുന്ന അഗ്നിയായി നമ്മുടെ മധ്യേ തുടരുന്നിടത്തോളം കാലം നാം യഥാസ്ഥാനപ്പെടുന്നില്ലെങ്കിൽ, അതു തുറന്നുകാട്ടപ്പെടും. സഭ വിട്ടു പോകേണ്ടതായും വരും. "പാപികൾ നീതിമാന്മാരുടെ സഭയിൽ നിവർന്നുനിൽക്കുകയില്ല" എന്നു ബൈബിൾ പറയുന്നു (സങ്കീർ 1:5) നീതിമാന്മാർ എന്നതുകൊണ്ട് നാം അർത്ഥമാക്കുന്നത് താഴ്മയും ദൈവഭയവുമുള്ള ആളുകളെയാണ്.

അല്ലാതെ പരീശന്മാരെ അല്ല. ദൈവത്തിനു മുഖപക്ഷം ഇല്ല. വെളി 2:2ൽ കാണുന്നതുപോലെ കപടഭക്തരാണെങ്കിൽ അവിടുന്നു മൂപ്പന്മാരേയും തുറന്നു കാട്ടും.

ദൈവം ദീർഘക്ഷമയുള്ളവനാണ്. പക്ഷേ ഒരു ദിവസം ദീർഘക്ഷമയ്ക്കും അവസാനം ഉണ്ടാകും. ദൈവത്തിന്റെ സഭയെ മലിനപ്പെടുത്തുന്നവനെ ദൈവം നശിപ്പിക്കും. (1 കൊരി 3:17) തന്റെ സഭയിൽനിന്ന് പാപത്താൽ പരാജയപ്പെട്ടവരെയോ അപൂർണരെയോ അല്ല ദൈവം മാറ്റുന്നത്. മറിച്ച് സത്യസന്ധതയില്ലാത്തവരെയാണ്.

ദഹിപ്പിക്കുന്ന അഗ്നിയായ ദൈവത്തിന്റെ അടുക്കൽ പാർക്കുന്നതിനുള്ള ആദ്യത്തെ യോഗ്യത നീതിയായി നടന്നു നേർ പറയുക എന്നതാണ്. (യെശ 33:15) ഇതിന്റെ അർത്ഥം നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചം അനുസരിച്ചു സ്വകാര്യജീവിതത്തിൽ സത്യസന്ധരായി നടക്കുക എന്നതു തന്നെ. നാം സമ്പൂർണ്ണരല്ലെന്നു വരാം. എന്നാൽ നാം കപടഭക്തരായിരിക്കരുത്. സത്യസന്ധരായിരിക്കണം.

നാം ഉള്ളതിലേറെ ആത്മികരാണെന്ന ധാരണ മറ്റുള്ളവർക്കു കൊടുക്കുന്നതിനെക്കുറിച്ചാണു നാം സഭയിൽ ഏറ്റവും കൂടുതൽ പേടിക്കേണ്ടത്. നിങ്ങൾ വളരെ പ്രാർത്ഥിക്കുന്നവനാണെന്നുള്ള മതിപ്പ് മറ്റുള്ളവർക്കു കൊടുക്കുകയും യഥാർത്ഥത്തിൽ നിങ്ങൾ പ്രാർത്ഥിക്കാതിരിക്കുകയും ചെയ്യുന്നുണ്ടോ? വേണ്ടത്ര ഉപവസിക്കാതിരിക്കുമ്പോൾ തന്നെ ഏറെ ഉപവസിക്കുന്നവനാണെന്ന ധാരണ മറ്റുള്ളവർക്കു കൊടുക്കുന്നുണ്ടോ? യഥാർത്ഥത്തിൽ പണത്തോടു നിങ്ങൾക്കു സ്നേഹമുള്ളപ്പോൾ, പണസ്നേഹത്തിൽ നിന്നു സ്വതന്ത്രനാണെന്ന മതിപ്പുളവാക്കാനാണോ നിങ്ങളുടെ ശ്രമം? എങ്കിൽ നിങ്ങൾ വീണുപോകാനുള്ള സാധ്യത ഏറെയാണ്. അത് നിങ്ങൾ അപൂർണനായതുകൊണ്ടല്ല, മറിച്ച് സത്യസന്ധതയില്ലാത്തവനായതുകൊണ്ടാണ്. അന്തരംഗത്തിലെ സത്യമാണല്ലോ ദൈവം പ്രാഥമികമായും ആഗ്രഹിക്കുന്നത് (സങ്കീർ 51:6) സീയോനിലെ കപടഭക്തർ വിറയ്ക്കുന്നു. കാരണം, തങ്ങൾ തുറന്നുകാട്ടപ്പെടുമെന്ന് അവർ ഭയപ്പെടുന്നു.

'ദുരാദായം വെറുക്കുക' എന്നതാണു ഇവിടെ പറഞ്ഞിരിക്കുന്ന രണ്ടാമത്തെ യോഗ്യത (യെശ 33:15) അതായത് പണപരമായ കാര്യങ്ങളിൽ സത്യസന്ധതയും വിശ്വസ്തതയും ഉള്ളവരായിരിക്കുക. നാം സാധാരണ ചിന്തിക്കുക ദൈവത്തിന്റെ നേരെ എതിരായ യജമാനൻ സാത്താനാണെന്നാണ്. എന്നാൽ ലൂക്കോ 16:13 ൽ ദൈവത്തിന്റെ എതിരാളിയായ യജമാനൻ മാമ്മോൻ (പണവും ഭൗതിക ഐശ്വര്യങ്ങളും) ആണെന്നു യേശു തന്നെ പ്രസ്താവിച്ചിരിക്കുന്നു. ഒരു വിശ്വാസിയും ദൈവത്തേയും സാത്താനേയും തനിക്ക് ഒരേ സമയം സേവിക്കാമെന്നു വിശ്വസിക്കുകയില്ല. അതേസമയം ദൈവത്തേയും പണത്തേയും തങ്ങൾക്ക് ഒരേ സമയം സ്നേഹിക്കാമെന്നു കരുതുന്ന വിശ്വാസികളുടെ എണ്ണം വളരെയേറെയാണ്. ഒരു വിശ്വാസിയും സാത്താനെ വീണു നമസ്കരിക്കുകയില്ല. എന്നാൽ ഇന്നു മാമ്മോനെ വീണു വണങ്ങുന്ന ധാരാളം വിശ്വാസികൾ തങ്ങൾക്കു ദൈവത്തേയും ആരാധിക്കാം എന്നു വിശ്വസിക്കുന്നു. സത്യത്തിൽ അവർ പണത്തെ സ്നേഹിക്കുന്നവരാണെങ്കിൽ ദൈവത്തെ ആരാധിക്കുക അസാധ്യമാണ്.ജീവനുള്ള സത്യദൈവത്തിൽനിന്ന് തങ്ങളെ അകറ്റിക്കളയുന്നവനാണു മാമ്മോനെന്ന് അവർ മനസ്സിലാക്കുന്നില്ല.

യെശയ്യാവ് 33:15ൽ പറഞ്ഞിരിക്കുന്ന മൂന്നാമത്തെ യോഗ്യത രക്തച്ചൊരിച്ചിലിനെപ്പറ്റി കേൾക്കാതവണ്ണം





ചെവിപൊത്തിക്കളയുക. എന്നതാണ്. പരദൂഷണം പറയാതിരിക്കുന്നതിനും അപ്പുറത്തുള്ള കാര്യമാണിത്. മറ്റൊരാൾ പരദൂഷണം പറയുന്നതു കേൾക്കാൻ പോലും ആഗ്രഹിക്കാതിരിക്കുക എന്നതിനെയാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. ദൈവഭക്തനായ ഒരുവൻ സഹോദരന്മാരെ കുറ്റം പറയുന്ന പ്രധാന അപവാദിക്കു (വെളി 12:10) മാത്രമല്ല അവന്റെ പിണിയാളുകൾക്കും ചെവികൊടുക്കാൻ തയാറാവുകയില്ല.

സ്വർഗ്ഗത്തിൽ നിന്ന് നാം ഈ ഭൂമിയെ നോക്കിയാൽ കോടിക്കണക്കിന് ആളുകൾ എല്ലായിടത്തും ദിനം തോറും തങ്ങളുടെ നാവുകൊണ്ടു മറ്റുള്ളവരെ നശിപ്പിക്കുന്നതു കാണുവാൻ കഴിയും. എന്നാൽ ദഹിപ്പിക്കുന്ന അഗ്നിയായ ദൈവത്തോടൊപ്പം ജീവിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അത്തരം കുറ്റാരോപണങ്ങൾ ശ്രദ്ധിക്കാതിരിക്കാനുള്ള ശിക്ഷണത്തിനു നിങ്ങൾ സ്വയം വിധേയനാകേണ്ടതുണ്ട്. അത്തരം ഒരു രംഗത്തു ചെന്നു പെട്ടാൽ ഉടനെ എഴുന്നേറ്റു മുറിവിട്ടു പുറത്തുപോകാൻ പറ്റാത്ത സാഹചര്യമാണെങ്കിൽ ദോഷം കേൾക്കാതവണ്ണം നിങ്ങൾ മനസ്സിനെ സ്വയമേതന്നെ നിശ്ചലമാക്കുക. മനസ്സിനെ ഉള്ളിൽ നിന്നു തന്നെ സ്വയം നിസ്സംഗമാക്കുവാനുള്ള കഴിവു ദൈവം നമുക്കു തന്നിട്ടുണ്ടല്ലോ. അങ്ങനെ ചെയ്യുക. രക്തച്ചൊരിച്ചിലിനെപ്പറ്റി കേൾക്കാതവണ്ണം ചെവി പൊത്തുക. നിങ്ങളുടെ ചുറ്റും ഉള്ള ആളുകൾ മലിനപ്പെട്ടവരായിരിക്കാം. അതുകൊണ്ട് നിങ്ങൾ എന്തിന് നിങ്ങളുടെ ജീവിതത്തിലുള്ള ദൈവകൃപ നഷ്ടമാക്കണം? ദൈവത്തോടൊപ്പമുള്ള ജീവിതത്തെ ഗൗരവമായെടുക്കുന്നുവെങ്കിൽ കുറ്റാരോപണം കേൾക്കാതവണ്ണം മാറിനിൽക്കുക.

യെശയ്യാവ് 33:15 ൽ കാണുന്ന നാലാമത്തെ യോഗ്യത ദോഷം കാണാതെ കണ്ണു പൊത്തിക്കളയുക എന്നതാണ്. നമ്മുടെ മനസ്സിലേക്ക് നന്മയും തിന്മയും കടത്തിവിടുന്ന പഞ്ചേന്ദ്രിയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ടെണ്ണം ചെവിയും കണ്ണുമാണ്. മനസ്സിലേക്ക് നന്മയോ തിന്മയോ ഏതാണ് കടന്നു വരേണ്ടതെന്നു തീരുമാനിക്കേണ്ടതു നമ്മൾ തന്നെയാണ്. ദൈവത്തോടൊപ്പം നടക്കുന്ന ഒരുവൻ തന്റെ മനസ്സിനെയോ ആത്മാവിനെയോ മലിനപ്പെടുത്തുന്ന ഒന്നും വായിക്കുകയോ കാണുകയോ ചെയ്യരുത്.

**ഒരു വിശ്വാസിയും ദൈവത്തേയും സാത്താനേയും തനിക്ക് ഒരേ സമയം സേവിക്കാമെന്നു വിശ്വസിക്കുകയില്ല. അതേസമയം ദൈവത്തേയും പണത്തേയും തങ്ങൾക്ക് ഒരേ സമയം സ്നേഹിക്കാമെന്നു കരുതുന്ന വിശ്വാസികളുടെ എണ്ണം വളരെയേറെയാണ്. ഒരു വിശ്വാസിയും സാത്താനെ വീണു നമസ്കരിക്കുകയില്ല. എന്നാൽ ഇന്നു മാമ്മോനെ വീണു വണങ്ങുന്ന ധാരാളം വിശ്വാസികൾ തങ്ങൾക്കു ദൈവത്തേയും ആരാധിക്കാം എന്നു വിശ്വസിക്കുന്നു.**

ലോകപരമായി നിങ്ങളുടെ ജീവിതത്തിലുള്ളതെല്ലാം അഗ്നിക്കിരയാക്കുവാൻ ദൈവത്തെ അനുവദിച്ചാൽ മാത്രമേ ദഹിപ്പിക്കുന്ന അഗ്നിയായ അവിടുത്തോടൊപ്പം ജീവിക്കുവാൻ നിങ്ങൾക്കാവൂ. അങ്ങനെയുള്ള ആളുകളെയാണ് അവിടുന്ന് സ്വർഗ്ഗത്തിൽ പാർപ്പിക്കുവാൻ പോകുന്നത്.

സ്വർഗ്ഗത്തിനുവേണ്ടി ദൈവം നമ്മെ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. "സ്വർഗ്ഗം താണിറങ്ങി വന്നു.. തേജസ് എന്റെ ആത്മാവിനെ നിറച്ചു" എന്നു

പാടുമ്പോൾ നാം എന്താണ് അർത്ഥമാക്കുന്നത്? ദഹിപ്പിക്കുന്ന അഗ്നി നമ്മുടെ ആത്മാവിൽ കടന്നുവന്നു ദഹിപ്പിക്കാവുന്നതിനെ എല്ലാം പൂർണമായി ദഹിപ്പിച്ചു എന്നാണ് ആ വരികൾ അർത്ഥമാക്കുന്നത്. കർത്താവിനോട് നമുക്ക് ഇങ്ങനെ പ്രാർത്ഥിക്കുവാൻ കഴിയുമോ? "കർത്താവേ അഗ്നിക്ക് ഇരയാകാത്തതു മാത്രം എന്റെ ജീവിതത്തിൽ അവശേഷിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എങ്കിൽ മാത്രമേ നമുക്കിരുവർക്കും അന്യോന്യമുള്ള കൂട്ടായ്മയിൽ എന്നും ആയിരിക്കുവാൻ കഴിയുകയുള്ളല്ലോ".

അന്തിമദിവസം ദൈവം എല്ലാറ്റിനേയും തന്റെ അഗ്നിയിലൂടെ കടത്തിവിട്ട് ശോധന ചെയ്യുമെന്ന് 1 കൊരി 3:11-15 ൽ പറഞ്ഞിരിക്കുന്നു. മരം, പുല്ല്, വൈക്കോൽ എന്നിങ്ങനെ വെന്തുപോകുന്നവ എല്ലാം ദഹിപ്പിക്കപ്പെടും. തീക്ക് ദഹിപ്പിക്കാൻ കഴിയാത്തത്- പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ -മാത്രമേ അവശേഷിക്കുകയുള്ളൂ.

അന്തിമദിനത്തിൽ ഇങ്ങനെയാണു സംഭവിക്കാൻ പോകുന്നതെങ്കിൽ, ഇപ്പോൾതന്നെ നമ്മിലുള്ള വെന്തുപോകുന്ന എല്ലാറ്റിനേയും ദഹിപ്പിക്കുന്ന പരിശുദ്ധാത്മാവിന്റെ അഗ്നിയെ നമുക്ക് ഏറ്റുവാങ്ങാൻ കഴിയുന്നു എന്നത് എത്ര അത്ഭുതകരമാണ്.

പരിശുദ്ധാത്മ അഗ്നിയിൽ നമ്മെ സ്നാനം കഴിപ്പിക്കുവാനാണ് യേശു വന്നത്(യോഹ 1:33). അതുകൊണ്ട് പരിശുദ്ധാത്മാവിന് അവിടുത്തെ ദഹിപ്പിക്കുന്ന അഗ്നിയായി നമ്മുടെ ജീവിതത്തിന്റെ എല്ലാ ഭാഗങ്ങളിലും കടന്നുവന്ന് ലൗകികമായുള്ള എല്ലാറ്റിനേയും (മരം, പുല്ല് വൈക്കോൽ) തീക്കിരയാക്കുവാൻ കഴിയും.

ദൈവവചനവും അഗ്നിപോലെയാണ്. അതിനും നമ്മുടെ ജീവിതത്തിലെ പല കാര്യങ്ങളേയും ദഹിപ്പിക്കാൻ കഴിയും (യിരെ 23:29) പക്ഷേ നമ്മുടെ ജീവിതത്തിൽ ഇന്ന് അഗ്നിക്ക് ഇരയാക്കേണ്ട പല കാര്യങ്ങളെക്കുറിച്ചും ദൈവവചനത്തിൽ പരാമർശിക്കുന്നില്ല. ഉദാഹരണത്തിന് ഒന്നാം നൂറ്റാണ്ടിൽ നിലവിലില്ലാതിരുന്നതും ഇന്നു നമ്മൾ അഭിമുഖീകരിക്കുന്നതുമായ പല കാര്യങ്ങളെക്കുറിച്ചും ദൈവവചനം നിശ്ശബ്ദത പാലിക്കുന്നു. എന്നാൽ ക്രിസ്തുവിനോടുള്ള കൂട്ടായ്മയിൽ ആയിരിക്കുന്ന നമുക്ക് അവയിൽ ഇടപെടാമോ എന്നതിനെക്കുറിച്ച് ഇന്നു പരിശുദ്ധാത്മാവു വേണ്ട വെളിച്ചം നൽകും. ദഹിപ്പിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമെന്നു പരിശുദ്ധാത്മാവു നമുക്കു ബോധ്യം നൽകും.

ഇതുകൊണ്ടാണ് പരിശുദ്ധാത്മാവിനോട് നമ്മൾ ഓരോ ദിവസവും സംവേദനക്ഷമതയുള്ളവരായിരിക്കണം എന്നു പറയുന്നത്. പരിശുദ്ധാത്മാവിന്റെ വാക്കുകൾക്ക് എപ്പോഴും ചെവികൊടുത്ത് ദൈവഭയത്തിൽ പ്രവർത്തിക്കുന്നവർക്കു മാത്രമേ ദഹിപ്പിക്കുന്ന അഗ്നിയായ ദൈവത്തോടൊപ്പം ജീവിക്കുവാൻ കഴിയുകയുള്ളൂ.

മറ്റു വിശ്വാസികൾ വഴുതിവീഴുന്നതു കണ്ടാൽ അത്തരം ഒരു മനുഷ്യൻ ഒരിക്കലും അവരെ വിധിക്കുകയില്ല. പകരം അവൻ തന്നെക്കുറിച്ചു തന്നെ ഭയമുള്ളവനായിരിക്കും. അവൻ പറയും. "കർത്താവേ അവിടുത്തെ കൃപ ഒഴിച്ചു നിർത്തിയാൽ എനിക്കും അവരുടേതുപോലെയുള്ള ജഡമാണ് ഉള്ളത്. ഞാനും അവരെപ്പോലെ വീണുപോയേക്കാം. ഞാൻ ഭയത്തിൽ ജീവിപ്പാൻ ആഗ്രഹിക്കുന്നു. സത്യസന്ധനും പണത്തെ സ്നേഹിക്കാത്തവനും മറ്റുള്ളവരുടെ കുറ്റത്തിനു ചെവികൊടുക്കാത്തവനും ദോഷം കാണാൻ കൂട്ടാക്കാത്തവനുമായിരിപ്പാൻ എന്നെ സഹായിക്കണേ. ഞാൻ സുരക്ഷിത





നായിരിക്കും എന്ന സങ്കൽപത്തിൽ കഴിയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ഭയത്തോടെ ജീവിപ്പാൻ ആഗ്രഹിക്കുന്നു ദൈവത്തോടൊപ്പം കഴിയുന്നതു ഗൗരവമായിട്ടെടുത്തിട്ടുള്ള ദൈവഭക്തനായ ഒരുവന്റെ പ്രാർത്ഥന ഇപ്രകാരമായിരിക്കും.

(തങ്ങളെ സംബന്ധിക്കുന്ന) സത്യത്തെ സ്നേഹിച്ച് പാപത്തിൽ നിന്നു രക്ഷനേടാൻ ആഗ്രഹിക്കാത്തവരുടെ മേൽ ദൈവം വഞ്ചനയുടെ ആത്മാവിനെ അയയ്ക്കുമെന്നു 2തെസ്സ 2:12 നമുക്കു മുന്നറിയിപ്പു തരുന്നു. അങ്ങനെയുള്ള ആളുകൾ ഭോഷ്ക്(The lie) വിശ്വസിക്കുമാറ് അവരെ വഞ്ചിക്കുവാൻ ദുഷ്ടശക്തികളെ ദൈവം അനുവദിക്കുമെന്നും ആ വാക്യം നമുക്കു മുന്നറിയിപ്പു നൽകുന്നുണ്ട്.

ഭോഷ്ക് എന്താണ്? പലതരം ഭോഷ്കുകളുണ്ടെങ്കിലും ആ ഭോഷ്ക് (The lie) എന്നു തിരുവചനം വിശേഷിപ്പിച്ചിട്ടുള്ളത് ഒരു വ്യാജത്തെ മാത്രമാണ്. ആദ്യമായി ഒരു മനുഷ്യജീവി കേട്ട കള്ളം അതാണ്. 'നിങ്ങൾ മരിക്കുകയില്ല' എന്നു ഹവ്വായോടു സാത്താൻ പറഞ്ഞ ഭോഷ്കാണത് (ഉല്പ 3). ഹവ്വ ആ ഭോഷ്കു വിശ്വസിച്ചു. കാരണം, ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ അനുസരണക്കേട് കാണിച്ച് പാപം ചെയ്താലും ആത്മികമായി മരിക്കുകയില്ലെന്ന് അവൾ കരുതി. പാപത്തിൽ ജീവിക്കുന്നവരോടു സാത്താൻ ഇപ്പോഴും പറയുന്നത് ഈ ഭോഷ്കാണ്. നിങ്ങൾ മരിക്കുകയില്ല. കാരണം, നിങ്ങൾ ജലസ്നാനം സ്വീകരിച്ചിട്ടുണ്ട്. നിങ്ങൾ അന്യഭാഷകളിൽ സംസാരിക്കുന്നുണ്ട്, ഇന്ന സഭയിലാണു കൂടിവരുന്നത് എന്നിങ്ങനെ...

തങ്ങളെക്കുറിച്ചുള്ള സത്യത്തെ സ്നേഹിക്കാത്തവരെ ഭോഷ്കു വിശ്വസിക്കുവാൻ ദൈവം അനുവദിക്കും.

**തങ്ങളെക്കുറിച്ചുള്ള സത്യത്തെ സ്നേഹിക്കാത്തവരെ ഭോഷ്കു വിശ്വസിക്കുവാൻ ദൈവം അനുവദിക്കും. ഈ ഭോഷ്കു വിശ്വസിക്കുന്ന കോടിക്കണക്കിനു വിശ്വാസികൾ ഇന്നുണ്ട്. പാപത്തിൽ ജീവിച്ചാലും ആത്മികമായി മരിക്കുകയില്ലെന്ന് അവർ വിശ്വസിക്കുന്നു. അതുകൊണ്ട് പാപത്തെ സംബന്ധിച്ച് അവർ ശ്രദ്ധിക്കാത്തവരും ദൈവത്തെ ഭയപ്പെടാത്തവരുമാണ്. അവർ പാപത്തേയും ഭയപ്പെടുന്നില്ല. തങ്ങളുടെ ജീവിതത്തിലെ ദഹിപ്പിക്കേണ്ടതിനെ എല്ലാം അവർ ദഹിപ്പിക്കുന്ന അഗ്നിയിൽ എറിഞ്ഞുകളയുന്നില്ല.**

ഈ ഭോഷ്കു വിശ്വസിക്കുന്ന കോടിക്കണക്കിനു വിശ്വാസികൾ ഇന്നുണ്ട്. പാപത്തിൽ ജീവിച്ചാലും ആത്മികമായി മരിക്കുകയില്ലെന്ന് അവർ വിശ്വസിക്കുന്നു. അതുകൊണ്ട് പാപത്തെ സംബന്ധിച്ച് ശ്രദ്ധിക്കാത്തവരും ദൈവത്തെ ഭയപ്പെടാത്തവരുമാണവർ. അവർ പാപത്തേയും ഭയപ്പെടുന്നില്ല. തങ്ങളുടെ ജീവിതത്തിൽ ദഹിപ്പിക്കേണ്ടതിനെ എല്ലാം അവർ ദഹിപ്പിക്കുന്ന അഗ്നിയിൽ എറിഞ്ഞുകളയുന്നില്ല. അവർ സത്യസന്ധരോ നേരുള്ളവരോ അല്ല, മറിച്ച് കപടഭക്തരാണ്. അവർ ദൈവത്തെ ഗൗരവമായി എടുക്കാത്തവരും പാപത്തോട് കളിക്കുന്നവരും ആണ്. ഭൗതികകാര്യങ്ങൾക്കുവേണ്ടിയാണ് അവരുടെ ജീവിതം. അവർ മറ്റുള്ളവരെ കുറ്റപ്പെടുത്തുകയും ആരോപണങ്ങൾക്കു ചെവികൊടുക്കുകയും ചെയ്യുന്നു. ദുഷ്ടകാര്യങ്ങളെ നോക്കി അവർ മോഹിക്കുന്നു. എന്നിട്ടും ദഹിപ്പിക്കുന്ന അഗ്നിയായ ദൈവത്തോടൊപ്പം സ്വർഗ്ഗത്തിൽ തങ്ങൾ

എന്നെന്നും വാഴും എന്നാണ് അവരുടെ മിഥ്യാസങ്കല്പം. അത്തരം ഒരു ഭോഷ്ക് അവർക്ക് എങ്ങനെ വിശ്വസിക്കാൻ കഴിയുന്നു? ഉപദേശരൂപങ്ങൾ എല്ലാം ശരിയാണെങ്കിൽ എങ്ങനെ ജീവിച്ചാലും സാരമില്ലെന്നു പറയുന്ന സാത്താന്റെ വഞ്ചന മൂലമാണ് അവർ അങ്ങനെ വിശ്വസിക്കുന്നത്.

“ഞാൻ അവർക്കു മാനസാന്തരപ്പെടുവാൻ സമയം കൊടുത്തു” എന്ന് ദൈവം തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നു. ദൈവം എത്ര നല്ലവൻ! അവിടുന്ന് പെട്ടെന്നു ന്യായവിധി നടത്തുന്നില്ല. മാനസാന്തരപ്പെടുവാൻ അവിടുന്നു സമയം അനുവദിക്കുന്നു. എന്നാൽ യെശ 33:14,15 ൽ നാം കേൾക്കുന്ന നമ്മെക്കുറിച്ചുള്ള സത്യത്തെ സ്നേഹിക്കുന്നില്ലെങ്കിൽ, ദൈവത്തിനുപോലും നമ്മെ രക്ഷിക്കുവാൻ കഴിയുകയില്ല.

അതുകൊണ്ട് സഹോദരീ സഹോദരന്മാരേ, നിങ്ങളെക്കുറിച്ചുള്ള സത്യത്തെ സ്നേഹിക്കുകയും ജീവിതത്തിൽ ക്രിസ്തുതുല്യമല്ലാത്ത എല്ലാറ്റിൽ നിന്നു രക്ഷനേടുവാൻ ശ്രമിക്കുകയും ചെയ്യാൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുകയാണ്.

ഇന്ന് ധാരാളം ഗ്രൂപ്പുകളും പ്രസ്ഥാനങ്ങളും അന്ധാരാധനാസമൂഹങ്ങളും ഉണ്ട്. അവരെല്ലാം തങ്ങളുടെ കൈവശമാണു സത്യമുള്ളതെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. ഏതാണു സത്യമെന്നു നമുക്ക് എങ്ങനെ അറിയാൻ കഴിയും? വഞ്ചിക്കപ്പെടാതിരിക്കാൻ എന്തു ചെയ്യണം?

മറുപടി ഇതാണ്: നിങ്ങളെക്കുറിച്ചുള്ള സത്യത്തെ നിങ്ങൾ എല്ലാസമയവും സ്നേഹിക്കുകയും എല്ലാ പാപത്തിൽ നിന്നും രക്ഷനേടുവാൻ താത്പര്യത്തോടെ വാഞ്ഛിക്കുകയും ചെയ്താൽ വഞ്ചിതരാകുവാൻ ദൈവം നിങ്ങളെ അനുവദിക്കുകയില്ല. അല്ലാത്തപക്ഷം നിങ്ങൾ മറ്റുള്ളവരോടു പ്രസംഗിക്കുകയും നരകത്തിൽ ചെന്ന് അവസാനിക്കുകയും ചെയ്യും.

സ്വയം രക്ഷപ്പെടുവാൻതക്കവണ്ണം നാം സത്യത്തെ സ്നേഹിച്ചാൽ ഒരു പ്രസംഗകനും, ഒരു പരീശനും, ആർക്കും നമ്മെ വഞ്ചിക്കുവാൻ കഴിയുകയില്ല. നമ്മെ വഞ്ചിക്കുവാനോ, വഴി തെറ്റിക്കുവാനോ സാക്ഷാൽ സാത്താനു പോലും കഴിയുകയില്ല.

ദൈവം തന്റെ വചനത്തിലൂടെയോ, പരിശുദ്ധാത്മാവിലൂടെയോ മറ്റൊരു സഹോദരനിലൂടെയോ എന്തിന്, നമ്മുടെ ശത്രുവിലൂടെയോ നമ്മോടു സംസാരിക്കുമ്പോൾ നാം നമ്മെക്കുറിച്ചുള്ള സത്യം കേൾക്കുകയാണ്, അപ്പോൾ നാം എന്തു ചെയ്യും? നാം നമ്മെത്തന്നെ ന്യായീകരിക്കുമോ അതോ സ്വയം വിധിക്കുമോ?

എനിക്ക് ജീവിതത്തിൽ ധാരാളം കുറ്റപ്പെടുത്തുന്ന കത്തുകൾ കിട്ടാറുണ്ട്. (കർത്താവിനെ സേവിക്കുന്ന എല്ലാവർക്കും നിയമിക്കപ്പെട്ടിരിക്കുന്നതാണത്). ഞാൻ ആ കത്തുകളെല്ലാം ചവറ്റുകുട്ടയിൽ എറിഞ്ഞുകളയുകയും ഒന്നിനും മറുപടി നൽകാതിരിക്കുകയുമാണ് പതിവ്. എന്നാൽ അങ്ങനെ ചെയ്യും മുമ്പ് ഞാൻ അവയെല്ലാം വായിക്കുകയും കർത്താവിനോടു ചോദിക്കുകയും ചെയ്യാറുണ്ട്. കർത്താവേ, എന്റെ ശത്രു പറഞ്ഞിരിക്കുന്ന ഈ കാര്യത്തിൽ എന്തെങ്കിലും വാസ്തവമുണ്ടോ? ഒരു പക്ഷേ ഉണ്ടായിരിക്കാം. അങ്ങനെയെങ്കിൽ അവ എന്നെ കാണിക്കണമേ” സാധാരണ നമ്മെക്കുറിച്ചുള്ള സത്യങ്ങൾ നമ്മുടെ സുഹൃത്തുക്കളെക്കാൾ നമ്മുടെ ശത്രുക്കളാണു നമ്മോടു പറയാറുള്ളത്. പക്ഷേ അത്തരം കത്തുകളൊന്നും എന്നെ കുറ്റബോധത്തിലേക്കു നടത്തുവാൻ ഞാൻ അനുവദിക്കുകയില്ല. കാരണം, ക്രിസ്തുയേശുവിലുള്ളവർക്ക് ഇപ്പോൾ ഒരു ശിക്ഷാവിധിയുമില്ല. എന്നാൽ അത്തരം സന്ദർഭങ്ങളിൽ





കർത്താവ് എന്നോടു സംസാരിപ്പാൻ ഞാൻ അനുവദിക്കുന്നു. എന്റെ ശരീരത്തിന് സൗജന്യമായ ഒരു സ്കാനിങ്ങ് ലഭിക്കുന്നതുപോലെയാണത്.

ഇക്കാലത്ത് മെഡിക്കൽ പരിശോധനാ ലാബുകളിൽ ഒരു സ്കാനിങ്ങിന് ആയിരക്കണക്കിനു രൂപാ ചെലവാകും. അപ്പോൾ ആരെങ്കിലും സൗജന്യമായി നമ്മുടെ ഹൃദയത്തിന്റെ ഒരു സ്കാനിങ്ങ് നടത്തിത്തന്നാൽ അത് നല്ലതല്ലേ? നമ്മുടെ ശത്രു നമുക്കു വേണ്ടി അത്തരം ഒരു സ്കാനിങ്ങ് നടത്താൻ തയാറായാൽ നാം ദൈവത്തെ മഹത്വപ്പെടുത്തുകയും അതിനു വഴിപ്പെടുകയുമല്ലേ ചെയ്യേണ്ടത്?

നമ്മുടെ ഹൃദയത്തിൽ രോഗം ഒന്നും ഇല്ലെങ്കിൽ, ശത്രുവിന്റെ കത്തുകൊണ്ടു നമുക്കു ലഭിക്കുന്ന സ്കാനിങ്ങിൽ നമുക്കു നഷ്ടപ്പെടാനൊന്നുമില്ലല്ലോ.

ഒരിക്കൽ കള്ളം പറഞ്ഞതിന് അബ്രഹാമിനെ അന്യജാതിക്കാരനായ ഒരു രാജാവ് (അബീമേലേക്ക്) ശാസിച്ചത് ഓർക്കുക. (ഉല്പ 20:9) അബ്രഹാം ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രവാചകനായിരുന്നു. എന്നാൽ അവന്റെ പാപത്തെക്കുറിച്ച് അവനെ ശാസിച്ചത് ദൈവഭക്തനല്ലാത്ത ഒരു മനുഷ്യനാണ്. ഇന്ന് അബ്രഹാം സ്വർഗ്ഗത്തിലും അബീമേലേക്ക് ഒരു പക്ഷേ നരകത്തിലും ആയിരിക്കാം. എന്നാൽ തന്റെ പാപം കാണുവാൻ അന്ന് അബ്രഹാമിനെ സഹായിച്ചത് അബീമേലേക്കാണ്.

നിങ്ങളുടെ ജീവിതത്തിലെ തെറ്റായ സ്വഭാവം കണ്ടെത്തി ശുദ്ധീകരണം പ്രാപിക്കുന്നതിന് ഇന്ന് ഒരു അന്യജാതിക്കാരന് ഒരു പക്ഷേ നിങ്ങളെ സഹായിക്കാൻ കഴിഞ്ഞെന്നിരിക്കും. അതുകൊണ്ട് വിനയപ്പെടുക. സ്വയം താഴ്ത്തുക.

**തന്റെ ദഹിപ്പിക്കുന്ന അഗ്നി കൊണ്ട് നമ്മുടെ ഹൃദയങ്ങളിലെ നിഗളത്തെ നശിപ്പിക്കാനാണ് ദൈവം പ്രാഥമികമായും ശ്രമിക്കുന്നത്. സീയോനിൽ നിന്ന് ദൈവം അഹങ്കാരികളേയും നിഗളികളേയും മാറ്റിക്കളയും. കർത്താവു പറയുന്നു. ‘‘അന്നാളിൽ ഞാൻ നിന്റെ മധ്യേ നിന്നു നിന്റെ ഗർവ്വോല്ലസിതന്മാരെ നീക്കിക്കളയും. നീ എന്റെ വിശുദ്ധപർവ്വതത്തിൽ ഇനി ഗർവ്വിക്കാതിരിക്കും.’’ (സെഫ 3:11) അപ്പോൾ താഴ്മയും ദാരിദ്ര്യവും ഉള്ളോരു ജനം മാത്രമേ സഭയിലുണ്ടായിരിക്കുകയുള്ളൂ**

അന്തിമവിശകലനത്തിൽ ദൈവമുമ്പാകെ രണ്ടുതരം ആളുകൾ മാത്രമേ ഉള്ളൂ. തെറ്റുചെയ്യുന്നവരും ശരിചെയ്യുന്നവരും അല്ല, മറിച്ച് താഴ്മയുള്ളവരും നിഗളമുള്ളവരുമാണ് ആ രണ്ടുവിഭാഗങ്ങൾ. യേശുവിനെ താഴ്മയിൽ പിന്തുടരുന്നവർ, സാത്താനെ നിഗളത്തിൽ അനുഗമിക്കുന്നവർ.

തന്റെ ദഹിപ്പിക്കുന്ന അഗ്നി കൊണ്ട് നമ്മുടെ ഹൃദയങ്ങളിലെ നിഗളത്തെ നശിപ്പിക്കാനാണ് ദൈവം പ്രാഥമികമായും ശ്രമിക്കുന്നത്. സീയോനിൽ നിന്ന് ദൈവം അഹങ്കാരികളേയും നിഗളികളേയും മാറ്റിക്കളയും. കർത്താവു പറയുന്നു. “അന്നാളിൽ ഞാൻ നിന്റെ മധ്യേ നിന്നു നിന്റെ ഗർവ്വോല്ലസിതന്മാരെ നീക്കിക്കളയും. നീ എന്റെ വിശുദ്ധപർവ്വതത്തിൽ ഇനി ഗർവ്വിക്കാതിരിക്കും.” (സെഫ 3:11) അപ്പോൾ താഴ്മയും ദാരിദ്ര്യവും ഉള്ളോരു ജനം മാത്രമേ സഭയിലുണ്ടായിരിക്കുകയുള്ളൂ (വാക്യം 12) അത്തരം ഒരു സഭയാണ് സാത്താനെ ജയിക്കുന്നത്.

ആളുകൾ ചെയ്യുന്നത് തെറ്റോ ശരിയോ എന്നതിനെ അടിസ്ഥാനമാക്കിയാണ് നാം ആളുകളെ വിധിക്കുന്നത്. പക്ഷേ അവർ നിഗളമുള്ളവ

രാണ് എന്ന കാരണത്താൽ ദൈവം ശരിമാത്രം ചെയ്ത പലരേയും അന്ത്യനാളിൽ തള്ളിക്കളയും. അതേസമയം താഴ്മയും ആത്മാർത്ഥതയും ഉള്ളവരാണ് എന്നുള്ളതിനാൽ തെറ്റുചെയ്ത പലരോടും ദൈവം ക്ഷമിക്കുകയും അവരെ അംഗീകരിക്കുകയും ചെയ്യുന്ന അത്ഭുതകരമായ കാഴ്ച നാം അന്നു കാണും.

'ചെറിയ ഒരു പാപം' ചെയ്ത ആളെ ദൈവം തള്ളിക്കളയുകയും അതേസമയം നമ്മുടെ ദൃഷ്ടിയിൽ വലിയ ഒരു പാപം ചെയ്ത ആളെ ദൈവം അംഗീകരിക്കുകയും ചെയ്തതിന് ഒരു ഉദാഹരണം കാണുക.

നമ്മുടെ ദൃഷ്ടിയിൽ ശൗൽ രാജാവ് വളരെ ചെറിയ പാപം മാത്രമാണു ചെയ്തത്. ദൈവം പറഞ്ഞതുപോലെ അമാലേക്യരുടെ എല്ലാ ആടുകളേയും നശിപ്പിക്കേണ്ടതിനുപകരം ശൗൽ മോശമായവയെ കൊല്ലുകയും നല്ലവയെ എല്ലാം ദൈവത്തിനു യാഗത്തിനായി സൂക്ഷിക്കുകയും ചെയ്തു. അതിനു ശൗലിനെ നിങ്ങൾ കുറ്റപ്പെടുത്തുമോ? ഒരു പക്ഷേ കുറ്റപ്പെടുത്തിയില്ലെന്നു വരാം. പക്ഷേ ദൈവം അങ്ങനെയല്ല ചെയ്തത്. ശൗലിനെ അവിടുന്ന് ഉടനെ തള്ളിക്കളയുകയും രാജത്വം തിരിച്ചെടുക്കുകയും ചെയ്തു.

അതേസമയം ദാവീദുരാജാവ് ചെയ്തത് ശ്രദ്ധിക്കുക. തനിക്കുവേണ്ടി യുദ്ധം ചെയ്യാൻ പട്ടണം വിട്ടുപോയ ഒരുവന്റെ ഭാര്യയെ ദാവീദ് പീഡിപ്പിച്ചു. പിന്നീടു തന്റെ പാപം മറയ്ക്കുവാനായി അയാളെ തന്ത്രപൂർവം യുദ്ധക്കളത്തിൽവച്ചു കൊല്ലിക്കുകയും അവന്റെ ഭാര്യയെ തനിക്കായി എടുക്കുകയും ചെയ്തു. ദാവീദിനെപ്പോലെയുള്ള ഒരുവന്റെ കാര്യത്തിൽ നിങ്ങൾ എന്തുചെയ്യും? അവനെ നിങ്ങൾ ഒരു പക്ഷേ ഉടൻ തന്നെ നരകശിക്ഷയ്ക്കു വിധിക്കുമായിരുന്നു. എന്നാൽ ദൈവം അതുചെയ്തില്ല. നമ്മുടെ വഴികളല്ല അവിടുത്തെ വഴികൾ. നമ്മുടെ മാനുഷിക ബുദ്ധിക്ക് അവിടുത്തെ വഴികൾ മനസ്സിലാകുകയുമില്ല. ആളുകളെ താഴ്മയുള്ളവർ (ആത്മാർത്ഥതയുള്ളവർ) നിഗളികൾ (ആത്മാർത്ഥത ഇല്ലാത്തവർ) എന്നു വേർതിരിക്കുന്ന ദൈവം ദാവീദിന്റെ പാപത്തിനു ശിക്ഷ നൽകിയശേഷം അവനെ സ്വീകരിക്കുകയാണു ചെയ്തത്.

തന്റെ തലമുറയെ ദൈവഹിത പ്രകാരം ശുശ്രൂഷിച്ച ദാവീദിനെ തന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ എന്നുപോലും ദൈവം വിളിക്കുന്നു. (പ്രവൃ 13:22, 36) ദാവീദിന്റെ അന്ത്യവും ശൗലിനെപ്പോലെ ആയിരുന്നില്ല. എല്ലാറ്റിനും ഒരേ ഒരു കാരണം മാത്രം. അവൻ താഴ്മയുള്ളവനായിരുന്നു.

വീണുപോയ ക്രിസ്ത്യാനികളേയും ക്രിസ്തീയനേതാക്കളേയും നിരീക്ഷിച്ചതിൽ നിന്നും എനിക്ക് ഒരു കാര്യം മനസ്സിലായിട്ടുണ്ട്. ദൈവം ഇവരിൽ ചിലരെ പരസ്യമായി തുറന്നു കാട്ടുന്നു. എന്നാൽ മറ്റു ചിലരെ അങ്ങനെ ചെയ്യുന്നില്ല. ചിലരുടെ പാപങ്ങൾ വളരെ ചെറുതെങ്കിലും (മനുഷ്യദൃഷ്ടിയിൽ) അവ പരസ്യമാകുന്നു. എല്ലാവരുടേയും മുമ്പാകെ അവർ അപമാനിതരായിത്തീരുന്നു. എന്നാൽ മറ്റു ചിലർ (വലിയ പാപം ചെയ്തവരാണെന്നു വ്യക്തിപരമായി എനിക്ക് അറിയാൻ കഴിഞ്ഞിട്ടുള്ളവർ) ഒരിക്കലും തുറന്നുകാട്ടപ്പെടുന്നില്ല. ദൈവം അവരുടെ തോൽവികളെ മറയ്ക്കുക മാത്രമല്ല അവരെ ധാരാളമായി അനുഗ്രഹിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു. എന്താണു കാരണം?

ഇതെല്ലാം നമുക്ക് അന്യായമായിത്തോന്നാം. എന്നാൽ അങ്ങനെയല്ല. ഒരുവൻ പ്രാഥമികമായി അഹങ്കാരിയാണോ, താഴ്മയുള്ളവനാണോ എന്നാണു ദൈവം നോക്കുന്നത്. അവിടുന്നു നിഗളികളേയും കപടഭക്ത





രേയും തുറന്നു കാട്ടുകയും താഴ്മയും സത്യസന്ധതയുമുള്ളവരുടെ പാപങ്ങളെ മറയ്ക്കുകയും ചെയ്യുന്നു.

ശരി ചെയ്തവരും തെറ്റുചെയ്തവരും എന്ന് ആളുകളെ തരംതിരിക്കാതെ താഴ്മയുടെ അടിസ്ഥാനത്തിൽ ആളുകളെ രണ്ടായിത്തിരിക്കുന്ന ദൈവത്തിനു നന്ദികരേറ്റാം. കാരണം, അതു നമുക്കു ഉത്സാഹവും പ്രതീക്ഷയും നൽകുന്നു. മനുഷ്യർ തരംതിരിക്കുന്നതുപോലെ ദൈവം ആളുകളെ തിരിച്ചറിഞ്ഞിരുന്നെങ്കിൽ യാദൃച്ഛികമായി നാം തെറ്റുകാരുടെ ഗണത്തിൽ ചെന്നുപെടുമോ എന്ന നിരന്തരമായ ഭയത്തിൽ നമുക്കു ജീവിക്കേണ്ടി വരുമായിരുന്നു. കാരണം, നാമെല്ലാം ബോധപൂർവ്വമല്ലെങ്കിലും അവിചാരിതമായി തെറ്റുകൾ ചെയ്തു പോകാം.

നമുക്ക് കേവലം ഒരു തെറ്റു സംഭവിച്ചാൽതന്നെ ആളുകൾ നമ്മെ രൂക്ഷമായി വിമർശിക്കും.. എന്നാൽ ദൈവത്തിനു മഹത്വം! നമുക്ക് അന്ത്യത്തിൽ കരുണയില്ലാത്ത മനുഷ്യരോടല്ല മറിച്ച് കാരുണ്യവാനായ സ്രഷ്ടാവിനോടാണ് ഇടപാടുള്ളത് (എബ്രാ 4:13) നാം അവിടുത്തെ മുൻപിൽ താഴ്മയിലും നുറുക്കത്തിലും എപ്പോഴും ജീവിച്ചാൽ, മറ്റാരേക്കാളും ഭേദമാണെന്നു കരുതാതെ സ്വയം പാപികളിൽ ഒന്നാമനായി അംഗീകരിച്ചാൽ, ഭൂമിയിൽ ഒന്നും (ഒരു ശുശ്രൂഷപോലും) ആർത്തിയോടെ പിടിച്ചെടുക്കാൻ ശ്രമിക്കാതിരുന്നാൽ, മറ്റുള്ളവർക്കുവേണ്ടി രണ്ടാമത്തെ നാഴിക നടക്കാൻ തയാറായാൽ, നമുക്കെതിരെ ഏറ്റവും വലിയ തെറ്റുചെയ്തവരോടുപോലും ക്ഷമിക്കാൻ കഴിഞ്ഞാൽ, അപ്പോൾ ദൈവം നമ്മുടെ പരാജയങ്ങളെ മറയ്ക്കുകയും നമ്മെ തുടർന്നും അനുഗ്രഹിക്കുകയും ചെയ്യും. ആളുകൾ നമ്മെക്കുറിച്ച് എന്തു ചിന്തിച്ചാലും പറഞ്ഞാലും അവിടുന്ന് അങ്ങനെ ചെയ്യും.

ദാസന്മാർ ന്യായബോധം ഇല്ലാത്ത യജമാനന്മാർക്കുപോലും കീഴടങ്ങി ഇരിക്കണമെന്ന് 1 പത്രോ 2:18, 19ൽ പറഞ്ഞിരിക്കുന്നു. ഈ ലോകത്തു ജീവിക്കുന്നിടത്തോളം അന്യായമായി പെരുമാറുന്ന ആളുകളുമായി നമുക്ക് എപ്പോഴും ഇടപെടേണ്ടി വരും. ന്യായമായി പെരുമാറുന്നവരോടു മാത്രമേ നമുക്ക് ഒത്തുപോകുവാൻ കഴിയുകയുള്ളുവെങ്കിൽ നാം യേശുവിന്റെ ശിഷ്യരായിരിപ്പാൻ യോഗ്യരല്ല. അന്യായമായി പെരുമാറുന്ന ആളുകൾ പരുക്കനായി നമ്മോട് ഇടപെടുമ്പോൾ ദൈവം അതിലൂടെ നമ്മുടെ നിഗളത്തെ ദഹിപ്പിച്ചു കളയുകയാണ്. അത്തരം ആളുകളിൽ നിന്നു നാം അന്യായം സഹിക്കുമ്പോൾ, കഷ്ടങ്ങളെ നാം ക്ഷമയോടെ, സഹിഷ്ണുതാപൂർവം അതിജീവിക്കുമ്പോൾ ദൈവം നമ്മിൽ സന്തുഷ്ടനാകും. കാരണം യേശുവും ഇപ്രകാരണാണ് അന്യായം സഹിച്ചത്.

നാം തെറ്റുചെയ്തിട്ട് ക്ഷമയോടെ കഷ്ടം സഹിച്ചാൽ നമുക്കു പ്രശംസിപ്പാനൊന്നുമില്ല. ദൈവത്തിൽനിന്ന് നമുക്ക് അതിനു പൂജ്യം മാർക്കുമാത്രമേ ലഭിക്കുകയുള്ളൂ. അതേ സമയം ശരിചെയ്തിട്ട് അതിനുവേണ്ടി കഷ്ടം സഹിച്ചാൽ അത് ഓഫിസിലായാലും സഭയിലായാലും എവിടെയായാലും ദൈവത്തിന് അത് ഏറെ പ്രസാദകരമാണ്(1 പത്രൊ 2:20). പ്രസാദകരം - എത്ര മനോഹരമായ വാക്ക്. തന്റെ പുത്രനായ യേശുവിനെക്കുറിച്ച് അവിടുന്ന് ഇതേ വാക്കാണ് ഉപയോഗിച്ചത്. ഇവൻ എന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. നമ്മെക്കുറിച്ചും ദൈവം ഇതുതന്നെ സാക്ഷ്യപ്പെടുത്തും.

താഴ്മയ്ക്കു ദൈവമുമ്പാകെ വളരെ വലിയ വിലയാണുള്ളത്.

(ശേഷം പേജ് 41ൽ)



# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

## അദ്ധ്യായം-17

*കഥ ഇതുവരെ*

*അമേരിക്കയിൽ ഫിൽസ്ബർഗ്ഗിലെ ചെറിയ ഒരു സഭയുടെ ശുശ്രൂഷകനായിരുന്നു ഡേവിഡ് വിൽക്കേഴ്സൺ. അദ്ദേഹം തന്റെ ടി.വി. വിറ്റ് രാത്രിയിൽ ടി.വി. കാണുന്ന സമയം പ്രാർത്ഥനയ്ക്കായി എടുക്കാൻ തുടങ്ങി. അങ്ങനെ പ്രാർത്ഥിക്കുന്ന ഒരു രാത്രി ലൈഫ് മാസികയിലെ ഒരു ചിത്രം കാണാനിടയായി. ന്യൂയോർക്കിലെ കൗമാരക്കാരുടെ അധോലോകസംഘമായ ഡ്രാഗണിലെ അംഗങ്ങളായ ഏഴുകുട്ടികളുടെ ചിത്രമായിരുന്നു അത്. അവർ മൈക്കൽഫാർമാർ എന്നൊരു കുട്ടിയെ മൃഗീയമായി കൊലപ്പെടുത്തിയതിന് ന്യൂയോർക്കിൽ കൊലക്കേസ് വിചാരണയെ നേരിടുകയാണ്. ഈ കുട്ടികളെ സഹായിക്കാൻ ന്യൂയോർക്കിൽ പോകണമെന്ന ഭാരം വിൽക്കേഴ്സണ് അനുഭവപ്പെട്ടു. അദ്ദേഹം അടുത്ത ദിവസം ന്യൂയോർക്കിലേക്ക് യാത്രയായി. അവിടെ മൈക്കൽ ഫാർമർ കേസ് വിചാരണചെയ്യുന്ന കോടതിയിൽ അവർ കുട്ടികളെ കാണാനെത്തി. വിൽക്കേഴ്സൺ കുട്ടികളെ സഹായിക്കാനുള്ള വ്യഗ്രതയിൽ അവിടെ കോടതിനടപടികളിൽ ഇടപെട്ടു. കോടതിയിൽനിന്നു പുറത്താക്കപ്പെട്ടു. പരിഹാസപാത്രമായ വിൽക്കേഴ്സണിന്റെ പടവും വാർത്തയും മാധ്യമങ്ങളിലെല്ലാം വന്നു. എന്നാൽ ഒരാഴ്ചയ്ക്കുശേഷം അദ്ദേഹം വീണ്ടും ന്യൂയോർക്കിലേക്കു പോയി. അവിടെ കൗമാരക്കാരുടെ രണ്ടു തെരുവുസംഘങ്ങളെ പരിചയപ്പെട്ടു. തെരുവുകുട്ടികൾക്കുവേണ്ടി ഒരു യോഗം ക്രമീകരിക്കുന്നു. യോഗത്തിന്റെ അവസാനരാത്രി വന്ന മൗമൗ സംഘക്കാരെ പരിശുദ്ധാത്മാവ് സ്പർശിച്ചു. അവരുടെ പ്രസിഡന്റ് യിസ്രായേലും വൈസ്പ്രസിഡന്റ് നിക്കിയും ഉൾപ്പെടെ പലരും മാനസാന്തരപ്പെട്ടു. നിക്കി പ്രേഷിതവൃത്തിക്കായി സ്വയം സമർപ്പിച്ചു. ഇതിനിടെ ഇസ്രായേൽ വീണ്ടും ജയിലിലായി. ദൈവനിയോഗപ്രകാരം വിൽക്കേഴ്സൺ സഭാശുശ്രൂഷ മതിയാക്കി ന്യൂയോർക്കിലെത്തി ടീനേജ് ഇവാൻജലിസത്തിനു തുടക്കം കുറിച്ചു. ക്ലിന്റൻ അവന്യൂയിൽ ഒരു പുതിയ സെന്റർ ആരംഭിച്ചു. അവിടേക്ക് ഇരുപത് സന്നദ്ധഭടന്മാർ സേവനത്തിനെത്തി....... തുടർന്നു വായിക്കുക*

**വേ**നൽക്കാലതാപനില ഉയരുന്നതനുസരിച്ച് ടീനേജ് സെന്ററിലെ തെർമോമീറ്ററിലെ താപനിരപ്പും ഉയർന്നു വന്നു. സെന്ററിലെ ജീവിതത്തിനും ഒരു ക്രമവും താളവും കൈവന്നു. ഞങ്ങളുടെ ഇരുപതു സന്നദ്ധപ്രവർത്തകരും അതിരാവിലെ മുതൽ രാത്രി വൈകുന്നതുവരെ വളരെ തിരക്കിലായി. അവരുടെ ഒരു ദിവസത്തെ പരിപാടി ഇങ്ങനെ:

ഉണർത്തുബെൽ: 7.00 മണി

പ്രഭാതഭക്ഷണം: 7.30

പാത്രം കഴുകൽ, വ്യക്തിപരമായ ധ്യാനം എന്നിവ: 9.30 വരെ

ചാപ്പലിൽ ഒന്നിച്ചുള്ള യോഗം: 9.30 മുതൽ 11.30 വരെ





ഉച്ചഭക്ഷണം: 12 മണി

പാത്രം കഴുകൽ, പ്രാർത്ഥന

തെരുവിലെ പ്രവർത്തനം: 2 മുതൽ 6 വരെ(പൊതിഞ്ഞുകൊണ്ടുപോകുന്ന രാത്രിഭക്ഷണം കഴിക്കുന്നതും ഇതിനിടയിൽ)

തുടർന്നു തെരുവിലെ പ്രവർത്തനം: രാത്രി 7.30 വരെ. പിന്നീട് സെന്ററിലേക്ക്

സെന്ററിൽ രാത്രിപ്രാർത്ഥന: അർദ്ധരാത്രി വരെ

തുടർന്നു കിടക്കയിലേക്ക്

വളരെ പെട്ടെന്നുതന്നെ, ഈ സെന്റർ ഒറ്റയ്ക്കു കൊണ്ടുനടക്കുന്നത് അസാധ്യമായിത്തീർന്നു. എനിക്കു സാധ്യമായതിനെക്കാൾ വളരെ ഭംഗിയായി ഈ സെന്റർ കൊണ്ടുനടക്കാൻ കഴിയുന്ന വിവിധ മേഖലകളിൽ വിദഗ്ധരായ ഒരുപറ്റം ആളുകളെ മാസങ്ങൾക്കുള്ളിൽ ഞങ്ങൾ കണ്ടെത്തി. ഉദാഹരണത്തിനു ഹോവാർഡ് കൾവർ. അദ്ദേഹത്തെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിച്ചു. സെന്ററിന്റെ അച്ചടക്കം നിലനിർത്തുകയായിരുന്നു അദ്ദേഹത്തിന്റെ ഉത്തരവാദിത്തം. ചെറുപ്പക്കാരായ ഇരുപതു സന്നദ്ധഭടന്മാർ, കുറ്റവാളിസംഘങ്ങളിൽ നിന്നു സഹായം തേടിവരുന്ന വിവിധ തരക്കാരായ കുട്ടികൾ(അവരുടെ എണ്ണം ഏറിയും കുറഞ്ഞും വരും) എന്നിവരെ കൈകാര്യംചെയ്ത് സെന്ററിലെ അച്ചടക്കം കണ്ണിലെ കൃഷ്ണമണിപോലെ സൂക്ഷിക്കുക അത്ര എളുപ്പമായിരുന്നില്ല. ഹോവാർഡിന്റെ ഭാര്യ ബർബറയാകട്ടെ, ദൈവത്താൽ അയയ്ക്കപ്പെട്ട ഒരാളായിരുന്നു. അവർ ഒരു രജിസ്റ്റേർഡ് നേഴ്സ് ആയിരുന്നു. വേണ്ടത്ര പോഷകാഹാരം ലഭിക്കാത്ത ചെറുപ്പക്കാർ, ലഹരിമരുന്നു നിർത്തുമ്പോൾ ഉള്ള മാനസിക, ശാരീരികപ്രശ്നങ്ങളുടെ നരകയാതനയിലൂടെ കടന്നുപോകുന്ന കുട്ടികൾ തുടങ്ങിയവരുടെ കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ അവരുടെ സാന്നിദ്ധ്യം വിലമതിക്കാനാകാത്ത ഒന്നായിരുന്നു.

ഞങ്ങളുടെ സ്റ്റാഫിലെ അടുത്ത അംഗത്തിന് എന്റെ ഹൃദയത്തിൽ വളരെ പ്രത്യേകമായ ഒരു സ്ഥാനം ഉണ്ടായിരുന്നു. പക്ഷേ അതു മനസ്സിലാക്കാവുന്നതായിരുന്നു.

അതു മറ്റാരുമായിരുന്നില്ല, നിക്കിയായിരുന്നു. തന്റെ കൈകളിൽ തൂങ്ങി സുന്ദരിയായ ഒരു പെൺകുട്ടിയുമായി ലജ്ജയോടെ നിക്കി സെന്ററിന്റെ വാതിൽ കടന്നു വന്ന ആ ദിനം ഞാൻ ഇന്നും ഓർമിക്കുന്നു.

''ഡേവി, ഇത് എന്റെ ഭാര്യ ഗ്ലോറിയ" നിക്കി ആ കുട്ടിയെ എനിക്കു പരിചയപ്പെടുത്തി.

പശ്ചിമതീരത്തെ ബൈബിൾ സ്കൂളിൽ പഠിക്കുമ്പോഴാണു നിക്കിയും ഗ്ലോറിയായും തമ്മിൽ കണ്ടുമുട്ടിയത്. ഞാൻ അവരെ സ്വാഗതം ചെയ്യാനായി മുന്നോട്ടു കുതിച്ചു. നിക്കിയുടെ കൈ പിടിച്ചു ഞെരിച്ച് അവന്റെ പുറത്തടിച്ച് ഗ്ലോറിയായെ ഊഷ്മളമായി ഉള്ളിലേക്കു ക്ഷണിച്ച് ഞാൻ മതിമറന്നു നടത്തിയ 'പ്രകടനം' ഗ്ലോറിയായെത്തന്നെ അൽപം ഒന്നമ്പരിപ്പിച്ചെന്നു തോന്നി.

നിക്കിയും ഗ്ലോറിയായും ഞാനും ഓഫീസ് റൂമിലിരുന്നു സംസാരിക്കാൻ ആരംഭിച്ചു . കഷ്ടിച്ചു മൂന്നുകൊല്ലം മുൻപ് എന്നെ കൊല്ലുമെന്നു ഭീഷണിപ്പെടുത്തിയ നിക്കിയാണ് എന്റെ മുൻപിലിരിക്കുന്നതെന്ന് എനിക്കു വിശ്വസിക്കാനേ തോന്നിയില്ല. ആദ്യം ഞങ്ങൾ കണ്ടു മുട്ടിയപ്പോൾ അവൻ ഒരു 'പോക്കുകേസാ'ണെന്നാണ് എനിക്കു തോന്നിയത്. എന്നാൽ ഇവിടെയിതാ ഇപ്പോൾ എന്റെ മുൻപിൽ ഇരിക്കുന്നത് തീർത്തും ഒരു പുതിയ വ്യക്തിയാണ്

ലൈസൻസുള്ള ഒരു ശുശ്രൂഷകൻ ഭാവിയെക്കുറിച്ചുള്ള ഒട്ടേറെ പദ്ധതികളുള്ള ഒരുവൻ.

അവൻ മുന്നോട്ടാഞ്ഞിരുന്ന് ഉത്സാഹത്തോടെ പറഞ്ഞുതുടങ്ങി: "എനിക്കെന്താ വേണ്ടതെന്ന് അറിയാമോ ഡേവി? കുട്ടികളോടൊപ്പമല്ല അവരുടെ മാതാപിതാക്കളോടൊപ്പം പ്രവർത്തിക്കാനാണ് എനിക്കു താത്പര്യം. ഒരു കുട്ടിയെ എങ്ങനെയെങ്കിലും നന്നാക്കിയെടുത്തശേഷം അവനെ വീണ്ടും പഴയ തകർന്ന കുടുംബസാഹചര്യത്തിലേക്കു പറഞ്ഞുവിട്ടാൽ അതുകൊണ്ട് എന്തു പ്രയോജനമാണ്?"

ആ പറഞ്ഞതു വാസ്തവമായിരുന്നു. തുടർന്നു ഗ്ലോറിയാ പറഞ്ഞ ആശയവും അതുപോലെ തന്നെ നന്നായിത്തോന്നി. അവളും സെന്ററിൽ പ്രവർത്തിക്കാൻ ആഗ്രഹിച്ചു. അവൾക്കു കുഞ്ഞുങ്ങളെ ഇഷ്ടമായിരുന്നു. കൊച്ചുകുട്ടികളെ കൈകാര്യം ചെയ്യാനായിരുന്നു അവൾക്കു വൈദഗ്ധ്യം. കൗമാര കുറ്റവാളി സംഘങ്ങളിലേക്കു കടക്കാൻ അതിർത്തിയിലെത്തി നിൽക്കുന്നവരാണ് എട്ടും ഒൻപതും പത്തും വയസ്സുപ്രായമുള്ള കൊച്ചുകുട്ടികളെന്ന് നിക്കി പറഞ്ഞു ഗ്ലോറിയാ കേട്ടിട്ടുണ്ട്. ഈ പ്രായത്തിലുള്ള കുട്ടികളെ 'ചെറുപ്പത്തിലെ പിടികൂടുന്ന'താണ് പിന്നീടവർ കുറ്റവാളി സംഘത്തിൽപെട്ട ശേഷം അവിടുന്നു രക്ഷിക്കാൻ ശ്രമിക്കുന്നതിലും നല്ലത് എന്നാണു ഗ്ലോറിയാ ചൂണ്ടിക്കാട്ടിയത്.

ഞങ്ങളുടെ സ്ഥിരം സ്റ്റാഫിന്റെ എണ്ണം വർദ്ധിക്കുന്നത് ഞാൻ ആവേശത്തോടെയാണ് കണ്ടുനിന്നത്. തെരുവു കുട്ടികളെ കഴിയുന്ന എല്ലാ ആംഗിളുകളിലും സമീപിക്കത്തക്ക വണ്ണം ഞങ്ങൾക്കിപ്പോൾ ഏറെക്കുറെ ആളുകളായി, ആൺകുട്ടികളുടെ ഇടയിൽ ഞാൻ പ്രവർത്തിക്കുന്നു. നിക്കി മാതാപിതാക്കളുടെ ഇടയിൽ. കൊച്ചുകുട്ടികളുടെ കാര്യങ്ങൾ നോക്കുന്നത് ഗ്ലോറിയാ. പക്ഷേ ഒരു മേഖലയിൽ ഞങ്ങൾക്ക് വലിയ ശൂന്യത അനുഭവപ്പെട്ടു. പെൺപോരാളികൾക്കിടയിൽ പ്രവർത്തിക്കാൻ ഞങ്ങൾക്ക് ആരും ഉണ്ടായിരുന്നില്ല.

ആരാണ് ഒരു പെൺപോരാളി? കൗമാരകുറ്റവാളി സംഘങ്ങളുമായി അവൾക്കുള്ള ബന്ധം എന്താണ്?

സമീപകാലത്തായി കുറ്റവാളി സംഘങ്ങളുടെ സങ്കീർണ്ണമായ ലോകത്ത് കൗമാരക്കാരിയായ ഒരു പെൺകുട്ടിയുടെ സ്ഥാനം വർധിച്ചുവരികയാണ്. അവളാണു പെൺപോരാളി. അവൾ തന്നെപ്പോലെയുള്ള മറ്റു പെൺകുട്ടികളെ സംഘടിപ്പിച്ച് ആൺകുട്ടികളുടെ സംഘത്തിനു പിൻതുണനൽകാനായി പെൺകുട്ടികളുടേതായി ഒരു പെൺപോരാട്ട സംഘടനയ്ക്കു രൂപം നൽകും. ആ സംഘത്തിന് ആൺകുട്ടികളുടെ സംഘടനയുടെ പേരിനോടു ചേർന്നു പോകുന്ന പേരും അവർ നൽകും. ഉദാഹരണത്തിന് 'കോബ്രാ'കളുടെ വനിതാ വിഭാഗമാണ് 'കോബ്രറ്റസ്'.

തെരുവുകളിലെ പ്രശ്നങ്ങൾക്കു കാരണക്കാർ ഈ പെൺകുട്ടികളാണെന്നു ഞാൻ വളരെ വേഗത്തിൽ കണ്ടെത്തി. രണ്ടു സംഘങ്ങൾ തമ്മിലുണ്ടായ ഒരു വലിയ 'യുദ്ധ'ത്തിനു കാരണം ഒരു പെൺപോരാളിയാണെന്നത് എനിക്കു വ്യക്തിപരമായി അറിയാവുന്ന കാര്യമാണ്. എതിർസംഘത്തിലെ ഒരു പയ്യൻ തന്നോടു മോശമായി പെരുമാറി എന്ന് ഒരു പെൺ പോരാളി പരാതിപ്പെട്ടതാണ് ആ യുദ്ധത്തിനു കാരണമായത്. സത്യത്തിൽ അവൾ പറഞ്ഞതു തീർത്തും കള്ളമായിരുന്നു. രണ്ടു സംഘങ്ങളും തമ്മിലടിക്കുന്നതു കണ്ടു രസിക്കാനായി





അവൾ ആ കള്ളം മെനഞ്ഞുണ്ടാക്കിയതാണ്!

ഒരു പെൺ പോരാളി കന്യകയായിരിക്കുന്നതു അത്യപൂർവമായിരിക്കും. "കല്യാണം എന്നൊക്കെ പറയുന്നതു കാലഹരണപ്പെട്ട പരിപാടിയാണ് ഉപദേശീ"- ഇത്തരം പെൺകുട്ടികളിലൊരുവൾ ചിരിച്ചുകൊണ്ട് എന്നോടു പറഞ്ഞു. അവരോടു സംസാരിച്ചിട്ടു കാര്യമില്ല. എന്റെയടുത്ത് അവൾ അവരുടെ യഥാർത്ഥ ആന്തരിക ശൂന്യത വെളിപ്പെടുത്താതെ ഒളിച്ചുകളിക്കും. ഞങ്ങൾക്കു വേണ്ടത് ഈ പെൺപോരാളികളോട് അടുത്തുപെരുമാറാൻ കഴിയുന്ന ആകർഷകയായ ഒരു പെൺകുട്ടിയാണ്. അവൾക്ക് ഒരു വശത്ത് ഈ പെൺപോരാളികളുടെ ആദരവു പിടിച്ചുപറ്റത്തക്കവണ്ണം കഴിവും സൗന്ദര്യവും ആകർഷണീയതയും ഉണ്ടായിരിക്കണം. മറുവശത്ത് ഇവരുടെ കളിയാക്കലുകൾ, പരിഹാസച്ചിരികൾ എന്നിവയുടെ മുൻപിൽ തളർന്നുപോകാത്ത ഉറച്ച വിശ്വാസം ഉണ്ടായിരിക്കണം.

ഒടുവിൽ ഞങ്ങൾക്ക് അത്തരം ഒരു പെൺകുട്ടിയെ കിട്ടി. "പെൺകുട്ടികളുടെ ഇടയിൽ പ്രവർത്തിക്കാൻ പറ്റിയ ഒരു കുട്ടിയെ ഞങ്ങൾക്കു കിട്ടി, പൊന്നേ": ഞാൻ ആ വൈകുന്നേരം ജെന്നിയോടു പറഞ്ഞു.

"കൊള്ളാം അവൾ സുന്ദരിയാണെന്നു ഞാൻ കരുതുന്നു. ആ ജോലിക്കു യോജിച്ച വിധം സുന്ദരിയാണല്ലോ! ഒന്നിച്ചു പ്രവർത്തിക്കാൻ സുന്ദരികളായ പെൺകുട്ടികളെ കണ്ടുപിടിക്കാൻ എന്റെ ഭർത്താവിനോടു പറയുന്ന കാലം വരുമെന്നു ഞാൻ ഒരിക്കലും ഓർത്തില്ല" : ജെൻ ചിരിച്ചു.

"അവൾ മിടുക്കിയാണ്. അവളുടെ പേര് ലിൻഡ മേയ്സനർ എന്നാണ്. ഇയോവയിലെ ഒരു കർഷക പശ്ചാത്തലത്തിൽ നിന്നാണ് അവൾ വന്നത്. ഈ നഗരത്തിലെ പെൺകുട്ടികൾ അവളെ ഭയപ്പെടുത്തുകയില്ലെന്നു ഞാൻ കരുതുന്നു" ഞാൻ പറഞ്ഞു.

ലിൻഡായുടെ ജോലി അത്ര എളുപ്പമായിരുന്നില്ല. ആദ്യ ശനിയാഴ്ച രാത്രിയിൽ തന്നെ സെന്ററിൽ അവൾ ഈ പെൺപോരാളികളെ പരിചയപ്പെട്ടു. അന്ന് ഉച്ചകഴിഞ്ഞപ്പോൾ അഞ്ചു പെൺകുട്ടികൾ സെന്ററിന്റെ വാതിൽ കടന്നു വന്ന് അവിടമെല്ലാം ഞങ്ങളെ കാണിക്കണമെന്ന ആവശ്യപ്പെട്ടു. ലിൻഡാ ആ ആവശ്യത്തിനു വഴങ്ങിയപ്പോയേനേ. എന്നാൽ ആ പെൺകുട്ടികളുടെ ശ്വാസോച്ഛ്വാസത്തിൽ തന്നെ മദ്യത്തിന്റെ മണം എനിക്കു തിരിച്ചറിയാൻ കഴിഞ്ഞു. അതു കൊണ്ടു തന്നെ ആ സന്ദർഭം മാറ്റി വയ്പിക്കാൻ ഞാൻ ശ്രമിച്ചു. ''ഏഴരയ്ക്കു ഞങ്ങൾക്ക് ഇവിടൊരു മീറ്റിംഗ് ഉണ്ട്. അതു പൊതുജനത്തിനുവേണ്ടിയാണ്. അപ്പോൾ വരിക. നിങ്ങൾക്ക് അപ്പോൾ സ്വാഗതം."

പെൺകുട്ടികൾ ഏഴരയ്ക്കു വന്നു. ഒപ്പം ഒരു പറ്റം ആൺകുട്ടികളുമായി. "ഈ പെൺകുട്ടികളെല്ലാം ശരിക്കു കുടിച്ചിട്ടുണ്ടല്ലോ നാം എന്താ ചെയ്യുക ഡേവിഡ്?" ലിൻഡ ചോദിച്ചു.

"നമുക്കു അവരെ രണ്ടായി തിരിച്ചു കൊണ്ടു തുടങ്ങാം. ആൺകുട്ടികളെല്ലാം ഒരു വശത്ത്. പെൺകുട്ടികളെല്ലാം മറുവശത്ത്."

അതുകൊണ്ട് വലിയ പ്രയോജനം ഉണ്ടായില്ല. പെൺകുട്ടികൾ ഇക്കിളിയായതുപോലെ കൂട്ടമായി ചിരിച്ചു. പരിഹാസത്തോടെ അനുകരിച്ചു സംസാരിച്ചു.ച്യൂയിംഗം ചവച്ചു വീർപ്പിച്ച് വലിയ കുമിളകളുണ്ടാക്കി പൊട്ടിച്ചു. ഇടയ്ക്കിടെ എഴുന്നേറ്റ് അകത്തേക്കും പുറത്തേക്കും നടന്നു. പല പെൺകുട്ടികളും തങ്ങളുടെ കത്തികൾ പുറത്തെടുത്ത് തങ്ങളുടെ ഷൂവിന്റെ ചരട് മുറിക്കുന്നതും കാണാ

മായിരുന്നു. ഒടുവിൽ എന്റെ പ്രസംഗം പകുതിയായപ്പോൾ അവർ കൊച്ചു ചാപ്പലിൽ എഴുന്നേറ്റ് നിന്ന് എന്നോടു പരസ്യമായി തർക്കിക്കാൻ തുടങ്ങി. ഞാൻ പ്രസംഗം തൽക്കാലം നിർത്തി പാട്ടുപാടാൻ ഞങ്ങളുടെ മൂന്നു പെൺകുട്ടികളെ (ഇതിൽ ലിൻഡയും ഉൾപ്പെടും) നിയോഗിച്ചു. പക്ഷേ ബഹളത്തിന് മീതെ ഒച്ചയെടുക്കാൻ അവർക്കായില്ല.

ഒടുവിൽ ഞങ്ങൾ ഒരു സാധാരണ യോഗം നടത്താനുള്ള ശ്രമം ഉപേക്ഷിച്ച് വ്യക്തിപരമായി ആൺകുട്ടികളെയും പെൺകുട്ടികളെയും ശ്രദ്ധിക്കാൻ തുടങ്ങി. ഉടനെ മിക്ക പെൺകുട്ടികളും കൂട്ടത്തോടെ എഴുന്നേറ്റ് കൊടുങ്കാറ്റുപോലെ പുറത്തേക്കു നടന്നു. ഓരോ കുട്ടിയും വാതിൽ ഒച്ചയോടെ വലിച്ചടച്ചു; അതും ഒരിക്കലല്ല രണ്ടു തവണ വീതം. പോകാതിരുന്ന ഒരു പെൺപോരാളിയാകട്ടെ തന്റെ കൂട്ടുകാരുടെ ഓരോരുത്തരുടേയും അടുത്തു ചെന്നു തോളിൽ കൈകൾ വളച്ചിട്ട് ഉച്ചത്തിൽ അപേക്ഷിച്ചു: "വിശ്വസിച്ചു പോകരുത്; ഇതിൽ ഒരു വാക്കുപോലും."

ആ രാത്രി ആ പെൺകുട്ടികൾ ജയിച്ചു. ഒരു ഫലവും കാണാതെ അലങ്കോലമായി ഒരു സന്ധ്യ. ഇങ്ങനെയായിരുന്നു ലിൻഡ തന്റെ ഭാവിസുഹൃത്തുക്കളുമായി പരിചയപ്പെട്ടത്. മാത്രമല്ല, അതേ രാത്രിയിൽ സൗത്ത് സെക്കൻഡ് തെരുവിൽ ഒരു കൊലപാതകം നടന്നതായും പിന്നീടു ഞങ്ങൾ അറിഞ്ഞു.

പിറ്റേന്നു രാവിലെ ലിൻഡയുടെ പ്രതികരണം ഇങ്ങനെയായിരുന്നു: "ഇതുകൊണ്ടു പ്രയോജനം ഒന്നു ഇല്ല ഡേവിഡ്. ഇത്ര കഠിനരായ കുട്ടികളോടൊപ്പം എങ്ങനെയാ പ്രവർത്തിക്കേണ്ടതെന്ന് എനിക്ക് ഒരു പിടിയും ഇല്ല."

''പരിശുദ്ധാത്മാവിന് എന്തു ചെയ്യാൻ കഴിയുമെന്നു കണ്ടെത്തും വരെ കാത്തിരിക്കൂ. എന്തെങ്കിലും തീരുമാനിക്കാൻ വരട്ടെ, ലിൻഡാ."

തൊട്ടടുത്ത ചൊവ്വാഴ്ച തന്നെ രൂപാന്തരം നേരിൽ കാണാൻ ലിൻഡയ്ക്ക് ആദ്യമായി അവസരം ലഭിച്ചു. അതിനുശേഷം അവൾ മാതാപിതാക്കൾക്ക് എഴുതിയ കത്ത് ലിൻഡ എന്നെ കാണിച്ചു. അതിങ്ങനെയായിരുന്നു.

"ഇവിടെ ഓരോ മിനിറ്റും ആവേശകരവും സാഹസം നിറഞ്ഞതുമാണ്. ചൊവ്വാഴ്ച മുഴുവൻ ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചു വന്നു. അവർ പല രാത്രികളിലായി വരാനാണു ഞങ്ങൾ താത്പര്യപ്പെട്ടത്. എന്നാൽ ആൺകുട്ടികളോടൊപ്പം ഒരു സർവീസിനു വരാൻ അനുവദിക്കണമെന്നു പെൺകുട്ടികൾ അപേക്ഷിച്ചു. ചിരിക്കുകയില്ലെന്നും നല്ല കുട്ടികളായി ഇരിക്കാമെന്നും അവർ വാഗ്ദാനം ചെയ്തു. അതുകൊണ്ട് ഞങ്ങൾ അവരെല്ലാവരെയും ഉള്ളിൽ പ്രവേശിപ്പിച്ചു. സർവീസിനിടയിൽ ഞങ്ങൾ 'യേശു എല്ലാ ബന്ധനങ്ങളേയും തകർക്കുന്നു' എന്ന പാട്ടുപാടി. തുടർന്നു ഞങ്ങളുടെ ജീവിതത്തിൽ യേശു തകർക്കേണ്ട ഏതെങ്കിലും ബന്ധനങ്ങളെക്കുറിച്ച് ആർക്കെങ്കിലും പറയുവാനുണ്ടോ എന്ന് ഡേവിഡ് ചോദിച്ചു. പതിനാലുകാരിയായ ഒരു കുട്ടി, എല്ലാ രാത്രികളിലും ഉള്ള അമിതമായ മദ്യപാനത്തിൽ നിന്നു വിടുതൽ വേണമെന്നു പറഞ്ഞു. പെൺകുട്ടികളിൽ മറ്റൊരുവൾ തന്റെ ഷർട്ടിന്റെ കൈ തെറുത്തുകയറ്റി 'ദൈവം ഇതു ക്ഷമിക്കുമോ' എന്നു ചോദിച്ചു. ഹീറോയിൻ കുത്തിവയ്ക്കുന്നതിന്റെ പാടുകളായിരുന്നു കൈ നിറയെ. എവിടെയുമുള്ള പെൺകുട്ടികളെപോലെ മര്യാദയായാണ് ആ കുട്ടികളും പെരുമാറിയത്.





ആ ദിവസം മുതൽ കൗമാര സംഘങ്ങളിലെ പെൺകുട്ടികൾ സഹായം തേടി ലിൻഡായെ സമീപിക്കാൻ തുടങ്ങി. ഉദാഹരണത്തിന് എലൈനയുടെ കാര്യം എടുക്കുക. സ്ഥലത്തെ ഒരു സംഘത്തിലെ അംഗമായ അവൾ പെൺപോരാളികൾക്കു പൊതുവായുള്ള ഒരു പ്രശ്നവുമായാണു ലിൻഡായെ സമീപിച്ചത്. വെറുപ്പുകൊണ്ട് അവൾ സ്വന്ത ജീവിതത്തെ വിഷലിപ്തമാക്കുകയാണെന്നായിരുന്നു അവളുടെ പരാതി. എലൈനയെ എനിക്കുമറിയാമായിരുന്നു. വളരെ കടുപ്പക്കാരിയായ കുട്ടിയായിരുന്നു അവൾ. അവളെ ചൂഴ്ന്നു നിന്ന വെറുപ്പിന്റെ കാഠിന്യം ആർക്കും വേഗം തിരിച്ചറിയാൻ കഴിയും. സ്കൂളിലും വീട്ടിലും അച്ചടക്കം പാലിക്കുക അവൾക്ക് ഏറെ പ്രയാസമായിരുന്നു. ഇരിക്കാൻ പറഞ്ഞാൽ അവൾ എഴുന്നേൽക്കും. എഴുന്നേൽക്കാൻ പറഞ്ഞാൽ ഇരിക്കും. ഇവിടെത്തന്നെ കാണണമെന്ന് ആവശ്യപ്പെട്ടാൽ വേഗം അവിടെ നിന്നു വിട്ടുപോകും. വീട്ടിൽ നിന്നു പുറത്തു പോകാൻ പറഞ്ഞാൽ ആരു വിചാരിച്ചാലും അവളെ അവളുടെ മുറിയിൽ നിന്നു പുറത്തുകൊണ്ടുവരുവാൻ കഴിയുകയില്ല. പിന്നെ, മാതാപിതാക്കളും അവളുടെ കാര്യം വിട്ടു.

ഒരു ദിവസം ഉച്ചയ്ക്കുശേഷം എലൈന ലിൻഡയെ കാണാൻ വന്നു. അതേപ്പറ്റി ലിൻഡ എനിക്കു റിപ്പോർട്ടു ചെയ്തത് ഇപ്രകാരമാണ്: അവർ അടുക്കളയിൽ ഇരുന്ന് മെല്ലെ പോപ്പു കുടിച്ചുകൊണ്ടു സംസാരിക്കാൻ തുടങ്ങി. എലൈനാ ആദ്യം പറഞ്ഞതു തന്നെ താൻ അമിതമായി കുടിക്കുന്നുവെന്നാണ്. താൻ അടുത്തിടെ വന്യമായ പാർട്ടികൾക്കു പോകാറുണ്ടെന്നും തുടർന്ന് അവൾ പറഞ്ഞു. അവ തുടങ്ങുന്നതു തന്നെ തികച്ചും വന്യമായ രീതിയിലാണ്. തുടർന്ന് അതു കൂടുതൽ വന്യമായി തുടരും. ചില നാളുകൾക്കു മുൻപു തന്നെ തന്റെ കന്യാകാത്വം നഷ്ടമായെന്നും ഇപ്പോൾ സെക്സ് തന്നെ സംബന്ധിച്ച് വിരസമായ ഒരനുഷ്ഠാനം മാത്രമാണെന്നും എലൈന തുറന്നു പറഞ്ഞു.

പൊടുന്നനെ മുന്നറിയിപ്പൊന്നുമില്ലാതെ എലൈന പൊട്ടിക്കരയാൻ തുടങ്ങി. ഒടുവിൽ അവൾ പറഞ്ഞു: "ലിൻഡാ, നിനക്കറിയാമോ യഥാർത്ഥത്തിൽ ഞാൻ എന്നെത്തന്നെ വിഡ്ഢിയാക്കുകയായിരുന്നു. ഇതാ ഇവിടെ ഹൃദയത്തിൽ അതുതെറ്റാണെന്ന് ബോധ്യം ഇല്ലാതെയല്ല ഞാൻ ഒരിക്കൽ പോലും മറ്റൊരാളുമായി കിടക്ക പങ്കിട്ടത്. ലിൻഡാ, ഞാൻ ഇനി എന്നെത്തന്നെ വെറുക്കാൻ ആഗ്രഹിക്കുന്നില്ല. നിനക്ക് എന്നെ സഹായിക്കാൻ കഴിയുമോ?"

താമസിയാതെ എല്ലാ ബുധനാഴ്ചയും രാത്രികളിൽ ഞങ്ങൾ കൗമാര സംഘങ്ങൾക്കുവേണ്ടി നടത്തുന്ന യോഗങ്ങളിൽ എലൈന തുടർച്ചയായി സംബന്ധിക്കാൻ തുടങ്ങി. തന്റെ വെറുപ്പിന് എന്തു സംഭവിച്ചു എന്ന് അവൾ എഴുന്നേറ്റു പറയാൻ ആരംഭിച്ചു. ലിൻഡായെപ്പോലെ തന്നെ അവളുടെ മുഖവും ക്രമേണ തുറന്നതും നവ്യവും സ്വതന്ത്രവുമായിത്തീർന്നു. പാട്ടുകൾ പാടാനും ഉച്ചത്തിൽ പൊട്ടിച്ചിരിക്കാനും അവൾ തുടങ്ങി, തന്റെ കസിനുകളെയും സുഹൃത്തുക്കളെയും അവൾ മീറ്റിംഗിനു വിളിച്ചുകൊണ്ടുവന്നു. അവൾ മദ്യപാനം നിർത്തി; വന്യമായ പാർട്ടികളും.

''എന്തുകൊണ്ടാണ് അവൾ അതെല്ലാം നിർത്തിയതെന്ന് അറിയാമോ ഡേവിഡ്?'' ഒരു ദിവസം ലിൻഡ ചോദിച്ചു. "അവൾ പറഞ്ഞത് അവൾക്ക് കൂടുതൽ താത്പര്യമുള്ള കാര്യങ്ങൾ ചെയ്യാനുണ്ട്. അതുകൊണ്ട് പഴയതൊക്കെ നഷ്ടപ്പെടുന്നത് അവൾ

ഗണ്യമാക്കുന്നില്ലെന്നാണ്."

എലൈനയുടെ അനുഭവം ഒറ്റപ്പെട്ട കേസ് ആയിരുന്നില്ല. ഓരോ ദിവസവും എലൈനയെപോലെയുള്ള പെൺകുട്ടികളെ പ്രത്യേകതരത്തിലുള്ള ഈ സ്നേഹവുമായി സന്ധിപ്പിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞു. രക്ഷാകര സ്നേഹത്തിന്റെ പ്രത്യേകതയിലേക്ക് എലൈന വിരൽ ചൂണ്ടിയ ദിവസം ഞാൻ മറക്കുകയില്ല.

അവൾ പറഞ്ഞു.: " ഒടുവിൽ എനിക്കതിന്റെ പ്രത്യേകത മനസ്സിലായി റവറന്റ് വിൽക്കേഴ്സൺ. ക്രിസ്തുവിന്റെ സ്നേഹം ചരടുകളില്ലാത്ത സ്നേഹമാണ്."

എലൈന പറഞ്ഞതു ശരിയായിരുന്നു. ക്രിസ്തുവിന്റെ സ്നേഹം ചരടുകളില്ലാത്തതാണ്. തിരിച്ചൊന്നും ആവശ്യപ്പെടാത്തതാണ്. ഈ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഏറ്റവും ഉത്തമമായതു മാത്രമാണ് അതാഗ്രഹിക്കുന്നത്. രക്ഷിക്കുന്ന സ്നേഹത്തിന്റെ പ്രത്യേകത ഇതാണ്.

തന്റെ ജീവിതം നിരന്തരമായി അപകടത്തിലാണെന്നു ലിൻഡ ഒരു കത്തിൽ വീട്ടിലേക്കെഴുതി.

അത് ഒരു അതിശയോക്തി ആയിരുന്നില്ല. ഞങ്ങളുടെ പ്രവർത്തകരെ സംരക്ഷിക്കാൻ ഞങ്ങളെക്കൊണ്ട് ആകുന്നതു ഞങ്ങൾ ചെയ്യാറുണ്ടായിരുന്നു. ഉദാഹരണത്തിന് രണ്ടും മൂന്നു പേരായിട്ടു വേണം തെരുവു പ്രവർത്തനത്തിനു പോകാൻ എന്നു ഞങ്ങൾക്കു നിയമുണ്ടായിരുന്നു. തെരുവിൽ ആൺകുട്ടികൾ പെൺകുട്ടികളുമായും തിരിച്ചും കൂട്ടുകെട്ടുണ്ടാക്കരുതെന്നു നിയമവുമുണ്ടായിരുന്നു. നിശ്ചിത ഇടവേളയിൽ പ്രവർത്തകർ അന്യോന്യം വിളിക്കുകയോ ബന്ധപ്പെടുകയോ വേണമെന്നും പറഞ്ഞിരുന്നു- പ്രത്യേകിച്ചും രാത്രികളിൽ പ്രവർത്തിക്കുമ്പോൾ.

ഞങ്ങളുടെ സന്നദ്ധ ഭടന്മാർ പ്രവർത്തിക്കുന്ന തെരുവുകളിൽ പൊലീസ് തോക്കുമായി രണ്ടും മൂന്നും പേരടങ്ങിയ സംഘമായി റോന്തു ചുറ്റാറുണ്ട്. എന്നാൽ അതുകൊണ്ടു കാര്യങ്ങളെല്ലാം സുരക്ഷിതമാണെന്ന് ഉറപ്പിക്കാനാവില്ല. നഗരത്തിലെ കുഴപ്പം പിടിച്ച മേഖലകളിൽ നല്ലൊരുശതമാനം കൗമാരക്കാരുടെ കൈയിലും ഒളിച്ചവച്ച ആയുധമുണ്ട്. ഹീറോയിൻ അടിച്ചു കിറുങ്ങിയ ഒരുവൻ ഒരു രസത്തിനുവേണ്ടി ചോരകാണാൻ തന്റെ കത്തിയെടുത്തു വീശിയെന്നിരിക്കും. പക്ഷേ അതിനെക്കാൾ അപകടകരം ഞങ്ങളുടെ പ്രവർത്തനം മൂലം മുറിഞ്ഞുപോയ ബന്ധങ്ങൾ ഉയർത്തുന്ന അസൂയയും പ്രതികാരവുമാണ്.

ഒരു രാത്രി ലിൻഡയും പങ്കാളി കേവെയറും സാധാരണ സമയം കഴിഞ്ഞ് തെരുവിലെ പ്രവർത്തനത്തിനായി പോയി. ഒരു വേനൽക്കാല രാത്രിയിൽ അർദ്ധരാത്രിയോടടുത്താണ് അവർ പുറത്തേക്കു പോയത്. രാത്രി മീറ്റിംഗ് കഴിഞ്ഞ് സാധാരണ പെൺകുട്ടികൾ ഉറങ്ങാൻ പോകണമെന്നാണു നിയമം. പക്ഷേ തങ്ങൾ അനുഭവിച്ചതു മറ്റുള്ളവരോടു പങ്കിടുവാനുള്ള വ്യഗ്രതയിൽ അവർ രാത്രിയോഗത്തിനുശേഷം വീണ്ടും തെരുവിലേക്കിറങ്ങി. ആവശ്യക്കാരായ പെൺകുട്ടികളുടെ അടുത്തേക്കു പരിശുദ്ധാത്മാവു തങ്ങളെ നയിക്കണമേയെന്ന പ്രാർത്ഥനയോടെ.

ലിൻഡായും കൂട്ടുകാരിയും ഒരു മിഠായിക്കടയുടെ അടുത്തെത്തി ഉള്ളിലേക്കു നോക്കുമ്പോൾ നാലു കൗമാരക്കാരായ പെൺകുട്ടികൾ റോക് ആൻഡ് റോൾ പാട്ടും കേട്ട് കോക്കും കുടിച്ച് ഇരിക്കുന്നു. ലിൻഡായും





കേയും കടയുടെ ഉള്ളിൽ ചെന്ന് അവരോടു സംഭാഷിക്കുവാൻ തുടങ്ങി.വളരെ വേഗത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഞങ്ങൾക്കു പലപ്പോഴും പരിചിതമാണ്. അത്തരമൊന്നാണ് ആ കുട്ടികൾക്ക് ഉണ്ടായത്. ആദ്യം ആ നാലു കുട്ടികളും ലിൻഡായോട് വാദപ്രതിവാദത്തിനു മുതിർന്നുവെങ്കിലും വേഗം തന്നെ അതിലൊരുവൾ കരയാൻ ആരംഭിച്ചു.

നാലുപേരിൽ മറ്റൊരുവൾ പറഞ്ഞു: ''വരൂ നമുക്കു തെരുവിൽ പോയിരുന്നു സംസാരിക്കാം. നമ്മൾ പറയുന്നത് ഇയാൾ (കടക്കാരനെ ഉദ്ദേശിച്ച്) കേൾക്കുന്നത് എനിക്കു താത്പര്യമില്ല."

അങ്ങനെ അവരെല്ലാം കടയിൽ നിന്നിറങ്ങി പുറത്തു നിന്നു സംസാരിക്കാൻ തുടങ്ങി. അവർ വീണ്ടും സംസാരിക്കാൻ ആരംഭിച്ചപ്പോൾ തന്നെ പെൺകുട്ടികൾ നാലുപേരും കൊച്ചുകുട്ടികളെപ്പോലെ കരയാൻ തുടങ്ങി.

ഇതിനിടെ രണ്ട് ആൺകുട്ടികൾ ആ വഴിക്കു വന്നു.

"എന്താ ഇവിടെ നടക്കുന്നത്?" അവർ ചോദിച്ചു. ആ കുട്ടികൾ അവരോടു മാറിപ്പോകാൻ പറഞ്ഞു. ആൺകുട്ടികളോടു തങ്ങളുടെ പ്രശ്നം പങ്കുവയ്ക്കാൻ അവർ ആഗ്രഹിച്ചില്ല.

ഇതുകേട്ടപ്പോൾ, അവരുടെ കരച്ചിലു കണ്ട് ഉണ്ടായ ജിജ്ഞാസയെക്കാൾ, കാര്യം എന്തെന്നറിയാനുള്ള അവരുടെ താത്പര്യം പതിന്മടങ്ങ് സജീവമായി. അതുകൊണ്ട് അവർ കൂടുതൽ നിർബന്ധിക്കാൻ തുടങ്ങി. അവർ ലിഡിയായോടു ചോദിച്ചു "നിങ്ങൾ എന്താണു ചെയ്യാൻ തുടങ്ങുന്നത്? ഞങ്ങളുടെ പെൺകുട്ടികളെ ഞങ്ങളിൽ നിന്നകറ്റാൻ നോക്കുകയാണോ?"

അതിൽ ഒരു ആൺകുട്ടി ലിഡിയായെ ശല്യപ്പെടുത്താൻ തുടങ്ങി. "സുന്ദരി, പാർക്കിലേക്കു വാ ഞാൻ നിന്നെ കാണിച്ചുതരാം." തുടർന്നു ശല്യപ്പെടുത്താൻ മറ്റവനും കൂടി. ഇരുവരും ലിൻഡായെയും കേയെയും അതും ഇതും ചോദിച്ച് മനസ്സു മടുപ്പിക്കാൻ ശ്രമിച്ചു. എന്നാൽ അവർ ഒരു വിധം പ്രതിരോധിച്ചു നിന്നു.

ഇതിനിടെ പെട്ടെന്നു തിരിഞ്ഞ് അതിൽ നേതാവെന്നു തോന്നിയ കുട്ടിയുടെ നേരെ നിന്ന് കണ്ണുകളിൽ ഉറ്റുനോക്കി ലിൻഡ സാവധാനം ഇങ്ങനെ പറഞ്ഞു: "ദൈവം നിന്നെ അനുഗ്രഹിക്കട്ടെ"

അവൻ എന്തു ചെയ്യണമെന്നറിയാതെ വായ് പൊളിച്ചു നിന്നു പോയി. ലിൻഡ തിരിഞ്ഞ് വീണ്ടും ആ പെൺകുട്ടികളോടു പഴയ മട്ടിൽ സംസാരിക്കാൻ തുടങ്ങി. ആൺകുട്ടികൾ എന്തു ചെയ്യണമെന്നറിയാതെ പരുങ്ങി. പിന്നെ ഒരുവൻ ആക്രോശിച്ചു. "നരകം! നമുക്ക് ഈ ജന്തുക്കളുടെ വഴിയിൽ നിന്നു മാറിപ്പൊയ്ക്കളയാം."

ലിൻഡായും കേയും വീണ്ടും സമാധാനമായി ആ പെൺകുട്ടികളോടു സംസാരം തുടർന്നു. ഇതിനിടെ കൂടുതൽ ആൺകുട്ടികൾ നാനാവശത്തു കൂടിയും അവരെ വളഞ്ഞ് മെല്ലെ അടുത്തു വരികയായിരുന്നു.

"നിങ്ങൾ ഒന്നു ശ്രദ്ധിക്കുന്നതു നല്ലതാണ്" കൗമാരക്കാരികളിൽ ഒരാൾ ശബ്ദം താഴ്ത്തി അവർക്കു മുന്നറിയിപ്പു കൊടുത്തു.

ലിൻഡായും കേയും കുറച്ചുകൂടി അന്യോന്യം ചേർന്നു നിന്നു. എന്നാൽ അവർ ശാന്തമായി സംസാരിക്കുന്നതു നിർത്തിയില്ല. പെട്ടെന്ന് ഒരു ഭയങ്കരപൊട്ടിച്ചിരിയും നിലവിളിയും. അതുവരെ നിശ്ശബ്ദമായി അടുത്തുവരികയായി

രുന്നു ആൺകുട്ടികൾ പൊടുന്നനെ ഒച്ചയും ബഹളവുമായി അവരെ വളഞ്ഞു. അവർ ലിൻഡായെയും കേയേയും മറ്റെ പെൺകുട്ടികളിൽ നിന്നും ഒറ്റപ്പെടുത്തി തങ്ങളുടെ വലയത്തിനുള്ളിലാക്കി.

സംഘത്തിന്റെ നേതാവ് അവരോടു കയർത്തു " നിങ്ങൾ എന്നെ ഭ്രാന്തുപിടിപ്പിക്കുന്നു. നീയൊക്കെ ഞങ്ങളുടെ പിള്ളാരോട് മതം പറഞ്ഞ് അവരെ ഞങ്ങളിൽ നിന്ന് അകറ്റാൻ നോക്കുകയാണല്ലേ"?

വീണ്ടും തെറിയും ആഭാസകരമായ വർത്തമാനവും. ലിൻഡായും കേയും ആയുസ്സിൽ കേട്ടിട്ടില്ലാത്ത ചീത്തകൾ കൊണ്ട് അവർ അവരെ കുളിപ്പിച്ചു. അവരെ ഞോടാനും ഉപദ്രവിക്കാനും തുടങ്ങി.

പെട്ടെന്ന് ഇരുട്ടിൽ എന്തോ ഒന്നു മിന്നി. ലിൻഡാ തലയുയർത്തി നോക്കി. ഒരുവന്റെ കൈയിൽ ചന്ദ്രക്കലപോലെ വളഞ്ഞ വായ്ത്തലയുള്ള ഒരു കത്തി പൊടുന്നനെ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അത് രാത്രിയിൽ ചന്ദ്രക്കല പോലെ തിളങ്ങി.

പെട്ടെന്നു മുന്നറിയിപ്പില്ലാതെ അവൻ അതു ലിൻഡായുടെ ശരീരത്തിനു നേരെ വീശി. ലിൻഡ ശരീരം വളച്ചു. കത്തി അവളുടെ ഉടുപ്പു കീറി മുറിച്ചുകൊണ്ട് കടന്നുപോയി. അവൾ ശരീരം വളച്ചതു കൊണ്ടു മാത്രം രക്ഷപ്പെട്ടു. എന്നാൽ ഉടുപ്പിന്റെ നല്ല ഭാഗം കീറിപ്പോയിരുന്നു.

കത്തികൊണ്ടു വെട്ടിയവൻ ബാലൻസു പിടിച്ചു നിൽക്കാൻ ശ്രമിക്കുമ്പോൾ ലിൻഡ അവനു നേരെ തിരിഞ്ഞു. തന്നെ മുൻപു സഹായിച്ച വാക്കുകൾ അവൾ ഒരിക്കൽ കൂടി ഉച്ചരിച്ചു. അവളുടെ ശബ്ദം താണിരുന്നു പക്ഷേ ആ വാക്കുകളിൽ മുഴുവൻ അർത്ഥവും വരത്തക്കവണ്ണം ദൃഢതയോടെ അവൾ പറഞ്ഞു. "ദൈവം നിന്നെ അനുഗ്രഹിക്കട്ടെ".

പിന്നെ കേയുടെ കൈ പിടിച്ച് റോഡിനപ്പുറത്തേക്കു നടന്നുകൊണ്ട് അവൾ വിളിച്ചു പറഞ്ഞു. "നാളെ സെന്ററിൽ വരിക. 416 ക്ലിന്റൻ അവന്യൂ. ഞങ്ങൾ നിങ്ങളെ പ്രതീക്ഷിക്കും."

അവർ നടന്നു തുടങ്ങി. തെറി പറഞ്ഞ് പിന്നാലെ ആൺകുട്ടികൾ അവരെ പിൻതുടർന്നു. പിന്നെ എന്താണു കാരണമെന്നറിഞ്ഞുകൂടാ പൊടുന്നനെ നേതാവ് കുട്ടികളെ വിലക്കി. അയാൾ വിളിച്ചു പറഞ്ഞു: "നിർത്ത്. കഴിഞ്ഞതു മറന്നേക്ക്. എനിക്കവരെ കളിയാക്കി പിൻ തുടരാൻ എന്തുകൊണ്ടോ തോന്നുന്നില്ല."

സെന്ററിൽ തിരിച്ചെത്തുമ്പോൾ ലിൻഡായും കേയും വിറയ്ക്കുന്നുണ്ടായിരുന്നു. പക്ഷേ പിറ്റേദിവസം തന്നെ അവർ ആ നാലുപെൺകുട്ടികളെയും കണ്ടെത്തി സംഭാഷണം തുടർന്നു. അടുത്ത രാത്രി വീണ്ടും അവർ തെരുവു പ്രവർത്തനത്തിനിറങ്ങി.

തുടർന്നു ലിൻഡ വീട്ടിലേക്ക് കത്തെഴുതി. നിത്യസാധാരണമായ കാര്യങ്ങൾ എഴുതിയശേഷം അവൾ ഇങ്ങനെ കുറിച്ചു: "എന്റെ ഹൃദയത്തിലുള്ളതു നിങ്ങളോടു പങ്കുവയ്ക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! തിന്മയുടെ സാന്നിധ്യം വളരെ അടുത്തുണ്ടെന്നു തിരിച്ചറിയാൻ കഴിയുന്നു. എന്റെ ജീവിതം അപകടത്തിലാണെന്ന് എനിക്കറിയാം. എനിക്കൊരേയൊരു ആഗ്രഹമേയുള്ളൂ... ദൈവത്തിനായി എരിഞ്ഞടങ്ങുക." ○ (തുടരും)

[THE CROSS AND THE SWITCHBLADE,copyright c 1963. Orginally published in English under the title THE CROSS AND THE SWITCHBLADE by David Wilkerson with John and Elizabeth Sherrill, published by Chosen Books LLC,Chappaqua,New York, USA. All rights reserved.]





## സഭയുടെ മദ്ധ്യത്തിലെ......(പേജ് 31 ൽ നിന്നു തുടർച്ച)

ത്തിന്റെ യഥാർത്ഥ രഹസ്യം എന്താണ്? സൗമ്യതയും സാവധാനതയുമുള്ള ഒരാത്മാവാണത്. എത്ര സ്ത്രീകൾ (പുരുഷന്മാരും) ഈ വസ്തുത മനസ്സിലാക്കിയിട്ടുണ്ട്.

സൗമ്യതയും വിനയവുമുള്ള ഒരാത്മാവ്. അതു സ്ത്രീയിലായാലും പുരുഷനിലായാലും ദൈവത്തിന് ഏറെ വിലപ്പെട്ടതാണെന്ന് 1 പത്രോ 3:4 ൽ പറഞ്ഞിരിക്കുന്നു. യേശുവിനും സൗമ്യതയും താഴ്മയും ഉള്ള ഹൃദയമാണ് ഉണ്ടായിരുന്നത്.. നമ്മോടെല്ലാം- സഹോദരന്മാരോടും സഹോദരിമാരോടും- തന്നിൽ നിന്ന് ഈ ഗുണങ്ങൾ പഠിപ്പാനാണ് ആവശ്യപ്പെട്ടിരിക്കുന്നത് (മത്താ 11:28).

സൗമ്യതയും താഴ്മയും ഉള്ള ഒരാത്മാവ് ഒരിക്കലും ക്ഷോഭിക്കുകയോ അസ്വസ്ഥമാകുകയോ ചെയ്യുകയില്ല. ചില വാഷിങ് മെഷീനുകൾക്ക് കലക്കം ഉണ്ടാക്കുന്ന ഒരു യന്ത്രഭാഗം(agitator) ഉണ്ട്. അത് നിരന്തരം തുണികളെ ഒരു വശത്തുനിന്നു മറ്റൊരു വശത്തേക്കും അവിടെനിന്നു മറിച്ചും അടിച്ചു മറിക്കുന്നു. അതൊരിക്കലും സ്വസ്ഥമല്ല. എപ്പോഴും കലക്കം ഉണ്ടാക്കുകയാണ് അതിന്റെ ജോലി. ആദാമിന്റെ പരമ്പരയിൽ ജനിച്ചവരുടെ എല്ലാം ഹൃദയത്തിൽ ഇത്തരം ഒരു agitator ഉണ്ട്. ആരെങ്കിലും അവരോടു തെറ്റായി പെരുമാറിയാൽ agitator ഹൃദയത്തെ കലക്കി മറിക്കാൻ തുടങ്ങുന്നു. ആദ്യം ഒരു വശത്തുനിന്നു മറുവശത്തേക്ക്; തുടർന്ന് മറിച്ചും. എന്നാൽ സൗമ്യതയും താഴ്മയും ഉള്ള ഒരാത്മാവ് ഈ agitator നെ ക്രൂശിച്ച് ഇല്ലാതാക്കുന്നു. മറ്റുള്ളവർ ചെയ്തതോ ചെയ്യാത്തതോ ആയ കാര്യങ്ങൾ അവരെ മുറിപ്പെടുത്തുകയില്ല.

സൗമ്യതയും താഴ്മയും ഉള്ള ആത്മാവിന്റെ സൗന്ദര്യം ക്ഷയമില്ലാത്തതാണെന്ന് 1 പത്രോ 3:4 ൽ പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. ഈ ലോകത്തിലെ സ്ത്രീകൾ തലനരച്ചാലും ചെറുപ്പവും സൗന്ദര്യവും ഉള്ളവരായി കാണപ്പെടുവാൻ ശ്രമിക്കാറുണ്ട്. എന്നാൽ അക്ഷയമായ സൗന്ദര്യ

ദൈവം ഏറ്റവും കൂടുതൽ വിലമതിക്കുന്നത് സൗമ്യതയും താഴ്മയും ഉള്ള ഒരാത്മാവിനെയാണ്. കലഹിക്കാത്തത്. നീരസപ്പെടാത്തത്, മുറിപ്പെടാത്തത്, ദേഷ്യപ്പെടാത്തത്, സ്വയം പൂർണനിയന്ത്രണം ഉള്ളത്.

ഹൃദയത്തിൽ കലക്കത്തിന്റെ agitator കൊണ്ടു നടക്കുന്ന ആളുകളെക്കൊണ്ട് ഇന്ന് ലോകം നിറഞ്ഞിരിക്കുന്നു. എന്നാൽ ദൈവത്തിനു മഹത്വം! നമുക്കു നമ്മുടെ agitator നെ ക്രൂശിൽ എന്നെന്നേക്കുമായി പൂർണമായി ദഹിപ്പിക്കാൻ കഴിയുമല്ലോ.

അവരുടെ നീതി പരീശന്മാരുടേതിനെ കവിഞ്ഞതായിരിക്കണമെന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞപ്പോൾ അവിടുന്ന് എന്താണ് അർത്ഥമാക്കിയത്? പരീശന്മാരുടെ നീതി തെറ്റിലും ശരിയിലും അധിഷ്ഠിതമായിരുന്നു. പക്ഷേ അതിലേറെ കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഒന്നായിരിക്കണം തന്റെ ശിഷ്യന്മാരുടെ നീതി എന്നാണ് യേശു ആഗ്രഹിച്ചത്. അതിൽ താഴ്മ, നുറുക്കം, ശാന്തത, ആത്മാവിന്റെ സൗമ്യത തുടങ്ങിയവ അന്തർഭവിച്ചിരിക്കണം. അല്ലാത്തപക്ഷം അവർ ഒരിക്കലും ദൈവരാജ്യത്തിൽ കടക്കുകയില്ലെന്നാണ് അവിടുന്ന് അവരോടു പറഞ്ഞത്. ദൈവരാജ്യത്തിലേക്കുള്ള വഴി ഇതാണെന്ന് നമ്മിൽ എത്രപേർ ആത്മാർത്ഥമായി വിശ്വസിക്കുന്നുണ്ട്.?

ദൈവം നമുക്കു വാഗ്ദാനം ചെയ്തിരിക്കുന്ന സ്വസ്ഥതയിലേക്ക് (കലക്കത്തിൽ നിന്നുള്ള മോചനത്തിലേക്ക്) പ്രവേശിക്കുന്നതിൽ പരാജയപ്പെട്ടുപോകുമോ എന്നു ഭയപ്പെടേണ്ടതു

ണ്ടെന്ന് എബ്രാ 4:1 ൽ പറഞ്ഞിരിക്കുന്നു. സ്വസ്ഥതയിൽ പ്രവേശിപ്പാൻ ഉത്സാഹിക്കഎന്നു പ്രബോധിപ്പിച്ചിരിക്കുന്നു (എബ്രാ 4:11)

നിങ്ങൾ ഈ സ്വസ്ഥതയിൽ പ്രവേശിച്ചിട്ടുണ്ടോ? നിങ്ങളെ ചതിക്കുകയും തെറ്റുചെയ്യുകയും ചെയ്ത എല്ലാവരോടും നിങ്ങൾ ക്ഷമിച്ചിരിക്കുന്നുവോ? എല്ലാ പിറുപിറുപ്പും നിങ്ങൾ വിട്ടുകളഞ്ഞിരിക്കുന്നുവോ? ന്യായമായി വിധിക്കുന്നവങ്കൽ നിങ്ങൾ എല്ലാം ഭരമേൽപ്പിച്ചിരിക്കുന്നുവോ?

നിങ്ങൾ യേശുവിന്റെ ഒരു ശിഷ്യനാണെങ്കിൽ റോമർ 8:28ഉം (ദൈവത്തെ സ്നേഹിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായി കൂടി വ്യാപരിക്കും) 1 കൊരി 10:13ഉം (ദൈവം നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കുകയില്ല) നിങ്ങളുടെ ജീവിതത്തിൽ നിറവേറുന്നതിനെ ഒരു വ്യക്തിക്കും തടയാൻ കഴിയുകയില്ല. സഹിക്കാവുന്നതിൽ കൂടുതൽപരീക്ഷ നേരിടുവാൻ ദൈവവും അനുവദിക്കുകയില്ല. കാരണം അവിടുന്നു തന്റെ വാഗ്ദാനത്തിൽ വിശ്വസ്തനാണ്. എല്ലാം, അതേ എല്ലാം, അവിടുന്നു നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കും.

നിഗളത്തെ പൂർണമായി ദഹിപ്പിച്ച് ദൈവം നമ്മെ തീർത്തും താഴ്മയുള്ളവരാക്കുമ്പോൾ പിന്നെ നാം ഒരിക്കലും വീണുപോകുകയില്ല. കാരണം, അപ്പോൾ നമ്മുടെ മുഖം നിലത്തെ പൊടിയിലായിരിക്കും. നാം തറനിരപ്പിലായിരിക്കും. ആ അവസ്ഥയിലാകുമ്പോൾ എങ്ങനെ നമുക്കു വീഴുവാൻ കഴിയും? നിലത്തു നിൽക്കുന്ന ഒരുവന് ഉയരത്തിൽ നിന്നുള്ള പതനത്തെ ഭയപ്പെടേണ്ടതില്ല. എന്നു ജോൺ ബനിയൻ പറഞ്ഞത് ഓർക്കുക. നാം സ്വയം ഉയരുമ്പോഴാണ് പതനത്തിനുള്ള സാധ്യതയും വർദ്ധിക്കുന്നത്. നിഗളത്തെ എരിച്ചുകളഞ്ഞ് നമ്മെ തന്റെ മുമ്പിൽ പൊടിയുടെ തലത്തിൽ എത്തിച്ചുകൊണ്ടാണ് 'വീഴാതവണ്ണം നിങ്ങളെ സൂക്ഷിക്കുന്നവനാണു കർത്താവ്' (യൂദാ 24) എന്ന വാഗ്ദത്തം അവിടുന്നു പാലിക്കുന്നത്. തങ്ങളിൽ ഈ പ്രവൃത്തി ചെയ്യുവാൻ ദൈവത്തെ അനുവദിച്ചിട്ടില്ലാത്തവർ മാത്രമേ തുടർച്ചയായി വീണു പോകുകയുള്ളൂ.

1 കൊരി 10:13 വാഗ്ദത്തം ചെയ്തിരിക്കുന്ന രക്ഷയുടെ വഴി നമ്മെത്തന്നെ താഴ്ത്തുന്നതിലൂടെ മാത്രമേ കണ്ടെത്താൻ കഴിയൂ. ദൈവം നമ്മെ ഉയർത്തും എന്ന ബോധ്യമാണ് സന്തോഷത്തോടെ സ്വയം താഴ്ത്താൻ നമ്മെ പ്രേരിപ്പിക്കുന്നത്. ജലസ്നാനത്തിൽ, വെള്ളത്തിൽ നിമജ്ജനം ചെയ്യുവാൻ സ്വയം ഏൽപിച്ചു കൊടുക്കുവാൻ നമുക്കു കഴിയുന്നതെങ്ങനെയാണ്? സ്നാനം കഴിപ്പിക്കുന്ന ആൾ നമ്മെ ജലത്തിൽ നിന്നു വീണ്ടും ഉയർത്തും എന്ന ബോധ്യമാണ് അതിനു നമ്മെ പ്രേരിപ്പിക്കുന്നത്. അതുപോലെ നമ്മെ തകർക്കുവാനുള്ള സാഹചര്യങ്ങളെ ഒരുക്കിയ ദൈവം തന്നെ നമ്മെ വീണ്ടും ഉയർത്തും എന്നു വിശ്വസിക്കുക. ക്രൂശീകരണത്തിനു ശേഷം നമ്മുടെ ജീവിതത്തിൽ അവിടുന്ന് ഒരു ഉയിർത്തെഴുന്നേൽപു നൽകും. സംശയമില്ല

ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്. നാം അനുവദിക്കുന്ന പക്ഷം അവിടുന്നു നമ്മുടെ ഹൃദയത്തിന്റെ എല്ലാ കോണിൽ നിന്നും നിഗളത്തിന്റെ അംശങ്ങളെ പൂർണമായി ദഹിപ്പിച്ചു കളയും. അതിനുവേണ്ടി അവിടുന്നു സാഹചര്യങ്ങളേയും വ്യക്തികളേയും ഒരുക്കും. ഇക്കാര്യത്തിൽ നമുക്കു ദൈവത്തോടു സഹകരിക്കാം. നമ്മിൽ പൂർണമായ ഒരു പ്രവൃത്തി ചെയ്യുവാൻ പരിശുദ്ധാത്മാവിനെ അനുവദിക്കാം.



# WHERE ARE OUR EXPECTATIONS?

A young man was ready to graduate from college. For many months he had admired a beautiful sports car in a dealers showroom, and knowing his father could well afford it, he told him that was all he wanted.

As graduation day approached, the young man awaited signs that his father had purchased the car. Finally, on the morning of his graduation, his father called him into his private study and told him how proud he was to have such a fine son, and also told him how much he loved him. He handed the boy a beautifully wrapped git box. Curious, but somewhat disappointed, the young man opened the box and found a lovely, leather-bound Bible with the young man's name embossed in gold.

Angrily he raised his voice to his father and said, "with all your money you give me a Bible?" and stormed out of the house, leaving the Bible.

Many years passed and the young man was very successful in business. He had a beautiful home and wonderful family, but realized his father was very old and thought perhaps he should go home to see him. He had not been there since that graduation day. Before he could make arrangements, he received a telegram telling him his father has passed away and had willed all his possessions to his son. He needed to leave immediately and take care of things. When he arrived at his father's house, sudden sadness and regret filled his heart. He began to search through his father's important papers and saw the still- new Bible, just as he had left it years before. When he took the Bible. A key fall down from inside it's pages-the key of the car he had admired years back.

With tears he opened the Bible and began to turn the pages. His father had carefuly underlined Mathew.7:11,"And if you being evil know how to give good gifts to your children, how much more shall your heavenly father which is in heaven, give to those who ask Him?"

## *Just a minute*



Remember your creator while you are young, before the silver chord of life snaps and the gold bowl is broken....(Ecc.12:6)

Pheba Cletus